# THE FINAL REPORT OF UGC MINOR RESEARCH PROJECT

# A CASE STUDY ON ECO-CRISIS AND HEALTH HAZARDS BASED ON MALAYALAM NOVELS 'ENMAKAJE' & 'AATHI'

*Submitted to*

UNIVERSITY GRANTS COMMISSION

***Submitted by***

**SHEEBA C.V.**

Assistant Professor

St. Thomas' College, (Autonomous)

Thrissur.

2017

# A CASE STUDY ON
# ECO-CRISIS AND HEALTH HAZARDS BASED ON MALAYALAM NOVELS 'ENMAKAJE' & 'AATHI'

# പാരിസ്ഥിതികപ്രതിസന്ധിയും ആരോഗ്യപ്രശ്നങ്ങളും ‘എൻമകജെ’, ‘ആതി’ എന്നീ നോവലുകളെ മുൻനിറുത്തി ഒരു പഠനം

## CERTIFICATE

This is to certify that the minor project entitle **"A Case Study on Eco Crisis and Health Hazards Based on Malayalam Novels 'Enmakaje' & 'Aathi'''** submitted by Sheeba C.V, Assisstant Professor, Department of Malayalam to the University Grants Commission is a genuine work done by her under the financial assistance and guidance of UGC, and is hereby approved for submission.

Principal

St. Thomas' College (Autonomous)

Thrissur

## PAPER PRESENTATIONS INTERNATIONAL LEVEL

1. Desi-International Folklore Conference Soil and Folk Culture: Sacred Landscapes, Cultural Expressions and Worldviews from 22$^{nd}$ May to 23$^{rd}$ May 2015, at Thrissur, Kerala, India.
2. International conference on Science, Technology, Women Studies, Business and Social Science-2016 organized by International Multidisciplinary Research Foundation India from 3$^{rd}$ November to 5$^{th}$ November, 2016 at Goa.

## PAPER PUBLICAITONS INTERNATIONAL LEVEL

1. Soil and Folk Culture: Sacred Landscapes, Cultural Expressions and Worldviews, (DESI-International Folklore Conference) Mannakam Mannum Samaskaravum

   ISBN 819223145 P. 238-245.

## PROCEEDINGS INTERNATIONAL LEVEL

2. Proceedings of the International conference on Science, Technology, Women Studies, Business and Social Science - 2016 ISBN 978-93-84124-71-7.

## PAPER PRESENTATIONS NATIONAL LEVEL

1. Two day UGC Sponsored National Seminar on Ecological concepts i Literature, Nature and Politics organized Department of Malayalam, St. Joseph's College, Irinjalakuda on 5, 6 August 2014.
2. National Seminar on (interdisciplinary) Eco aesthetics and Literature organized by the Departments of Hindi, Malayalam and English of Panampilly Memorial Government College, Chalakkudy and sponsored by the Directorate of Collegiate Education, Government of Kerala on 4 & 5 December 2014.
3. Two days National Seminar on Habitat Restoration and Butterfly Conservation organised by Depatments of Zoology and Botony, St. Mary's College, Thrissur & sponsered by K.S.C.S.T.E on 7th & 8th February 2017.

**PAPER PUBLICAITON NATIONAL LEVEL**

etude: A Multidisciplinary Research Journal, Special Inaugural Edition on ECO AESTHETICS AND LITERATURE Published by IQAC Panampilly Memorial Government College, Chalakkudy, Kerala. ISSN: 2394-6482, p 78-82.

**PROCEEDINGS NATIONAL LEVEL**

Proceedings National Seminar on Habitat Restoration and Butterfly Conservation - 2017. ISBN: 978-81-7255-083-7.

## ഉള്ളടക്കം


| | പേജ് |
|---|---|
| ആമുഖം | 7-9 |
| അദ്ധ്യായം ഒന്ന് - പ്രകൃതിയും മനുഷ്യനും | 10-24 |
| അദ്ധ്യായം രണ്ട് - സാമൂഹികപ്രശ്നങ്ങൾ സാഹിത്യത്തിൽ | 25-31 |
| അദ്ധ്യായം മൂന്ന് - വിഷമയമായ 'എൻമകജെ' | 32-58 |
| അദ്ധ്യായം നാല് - 'ആതി'യിലെ ജലജീവിതം | 59-70 |
| ഉപസംഹാരം | 71-72 |
| നിഗമനങ്ങൾ കണ്ടെത്തലുകൾ | 73-74 |
| സഹായകഗ്രന്ഥങ്ങൾ | 75-76 |
| അനുബന്ധം | 77-81 |

# ആമുഖം

പരിസ്ഥിതി എക്കാലത്തും സൃഷ്ടിപരമായ രചനകൾക്ക് ഊടും പാവും നൽകുന്ന വേദിയാണ്. വിഭിന്ന ഭാവങ്ങൾ വളരെ സർഗാത്മകമായി ആവിഷ്കരിക്കാനും, ഈ ആവിഷ്കരണത്തിൽ അത്ഭുതകരമായ ഭാവസംവേദനങ്ങൾ നടത്താനും എഴുത്തുകാർക്ക് കഴിഞ്ഞിട്ടുണ്ട്. പരിഷ്കൃതിയുടെ അപകടകരമായ വളർച്ചയിൽ, പാരിസ്ഥിതിക സ്വത്വവും തനിമയും നഷ്ടപ്പെടുന്ന ആഗോളവത്ക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ പാരിസ്ഥിതികപ്രതിസന്ധികൾ വർദ്ധിച്ചുവരുന്നുണ്ട്. നദികൾ എങ്ങും വരളുന്നു. മണ്ണിന്റെ സ്വാഭാവിക ശക്തി നശിക്കുന്നു. ആവാസവ്യവസ്ഥ തകരുന്നു. വികസനത്തിന്റെ പേരിൽ മനുഷ്യൻ നടത്തുന്ന അപഥസഞ്ചാരങ്ങളും അവന്റെ അതിരുകടന്ന ആർത്തിയുമാണ് ഇത്തരം പ്രതിസന്ധികൾക്ക് കാരണം. ഈ സത്യം തിരിച്ചറിയാതെ തന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ അവൻ വ്യഗ്രതകാട്ടുന്നു. മനുഷ്യൻ തന്റെ പ്രവർത്തനങ്ങൾ പ്രകൃതിനിയമങ്ങളെ മാനിക്കാതെ ചെയ്ത് തീർത്തപ്പോൾ പ്രകൃതിക്ക് തന്റെ ഓരോ ആവാസവ്യവസ്ഥയിലും കുടികൊള്ളുന്ന ജൈവതാളം നഷ്ടപ്പെട്ടു. പ്രകൃതി തീർത്തും അസന്തുലിതമായിത്തീർന്നു. പരിസ്ഥിതിനാശം മാനവരാശിയുടെ നാശം തന്നെയാണെന്ന് തിരിച്ചറിയുന്ന, പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം ലോകവ്യാപകമായിരിക്കുന്ന ഈ കാലഘട്ടത്തിൽ ‘എൻമകജെ’, ‘ആതി’ എന്നീ

നോവലുകളെ മുൻനിറുത്തി നടത്തുന്ന പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന അന്വേഷണത്തിന് ഏറെ പ്രസക്തിയുണ്ട്.

പരിസ്ഥിതിയുടെ ഭാഗമായിരിക്കുമ്പോൾ തന്നെ മനുഷ്യൻ അതിനെ നിരീക്ഷിക്കാൻ സാധിക്കുംവിധത്തിൽ അതിൽനിന്നും അകന്നുനിൽക്കുകയും ചെയ്യുന്നു. പ്രകൃതിയെന്നാൽ മനുഷ്യന് ആഹരിച്ച് തീർക്കുവാനുള്ള മേഖലയല്ല. മറിച്ച്, മനുഷ്യനും പ്രകൃതിയുമായുള്ള നിരന്തരസംവേദനത്തിന്റെ ആധാരമാണ്. പ്രകൃതിയിൽ മനുഷ്യാസ്തിത്വമാണ് പ്രതിഫലിക്കുന്നത്. ലോകവും കാലവും ചരിത്രവും സംസ്കാരവും ഒരുപോലെ സമ്മതിക്കുന്ന ഒന്നാണ് കേരളീയ സാമൂഹിക പരിസരത്തിൽ നിലനിന്നിരുന്ന പ്രകൃതിയുമായുള്ള ഒരുമ അഥവാ ചേർച്ച. കേരളത്തിൽ ഏറ്റവും കൂടുതലായി മറ്റുള്ളവർ കണ്ടെത്തുന്ന പ്രകൃതി സൗന്ദര്യവും അനുകൂലമായ കാലാവസ്ഥയും ലോകരാഷ്ട്രങ്ങൾക്കു മുന്നിൽ കേരളത്തിന്റെ യശസ്സ് ഊട്ടിയുറപ്പിക്കുന്നു. കേരളീയ ഗ്രാമങ്ങളുടെ സൗന്ദര്യവും സ്നേഹവും സംസ്കാരവും മറ്റു വികസിതരാജ്യങ്ങളിലുള്ളതിനേക്കാൾ ഉദാത്തമാണ്. എന്നാൽ അടുത്തകാലത്തായി കേരളത്തിന്റെ വർത്തമാനജീവിതപരിസരം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ആഘോഷങ്ങളുടെയും ഉപഭോഗസംസ്കാരത്തിന്റെയും പിന്നാലെ പായുന്ന ഒരു ജനത, മനുഷ്യനിർമ്മിത നരകങ്ങളെക്കുറിച്ച് ബോധവാന്മാരല്ല. ആധുനികജീവിതസങ്കല്പങ്ങളിൽ, ലോകം ആഗോളഗ്രാമമായി ചുരുങ്ങുന്ന കാലത്തിൽ പുരോഗമനപരമായ വീക്ഷണങ്ങളിൽപോലും ജനവിരുദ്ധമായ ഒരംശവും സ്വാർത്ഥതയുടേതായ ഒരു ഇടപെടലും സംഭവിക്കുന്നുണ്ട്.

വ്യവസായവൽക്കരണം ഫ്യൂഡൽ ജീവിതാവസ്ഥകളെ മാറ്റിമറിച്ചതോടൊപ്പം ജാതിമതചിന്തകൾക്ക് അതീതമായ നവോത്ഥാനമൂല്യങ്ങളും മുറുകെ പിടിച്ചിരുന്നു. ഈ നവോത്ഥാനപ്രസ്ഥാനങ്ങളിലൂടെ വളർന്ന കേരളീയ സാമൂ

ഹികസാംസ്കാരിക പരിസരം പിന്നീട് കണ്ടത് വ്യാവസായികമായ മുന്നേറ്റമാണ്. വ്യവസായവിപ്ലവം ആരംഭിച്ചതോടുകൂടി കലയും സംസ്കാരവും സാഹിത്യവും കച്ചവടതാല്പര്യങ്ങൾക്കനുസരിച്ച് കീഴടങ്ങേണ്ടി വന്നു. കൃഷിയും പാരമ്പര്യ തൊഴിൽമേഖലകളും ഉപഭോഗസംസ്കൃതിയുടെ ഉല്പന്നങ്ങളായി.

കേരളത്തിൽ സംഭവിച്ച പാരിസ്ഥിതിക പ്രതിസന്ധികളും ദുരന്തങ്ങളും വായിക്കപ്പെട്ടത് ജനാധിപത്യസംവിധാനത്തെക്കുറിച്ചുള്ള ആശങ്കകളെ ബലപ്പെടുത്തികൊണ്ടുകൂടിയാണ്. 1930-ൽ ബ്രിട്ടീഷുകാർ വനനിയമംകൊണ്ടുവന്നപ്പോൾ മരങ്ങളെ കെട്ടിപ്പിടിച്ചു സമരം ചെയ്ത കർഷകരെക്കുറിച്ചുള്ള ഓർമ്മപോലും അത്ഭുതമാണ് ഇപ്പോൾ. മിത്തുപോലെയോ ഐതിഹ്യംപോലെയോ ആയി തീർന്നിരിക്കുന്നു അവരുടെ പ്രവൃത്തികൾ. സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം വിദേശികൾക്ക് പകരം തദ്ദേശികൾ തന്നെ ഇവിടെയുള്ള പാവപ്പെട്ടവരെ അടിമകളാക്കി. മനുഷ്യന്റെ അത്യാർത്തി ഹിംസാത്മകമായ ഇടപെടലുകളാണ് ജൈവവൈവിധ്യമേഖലയിൽ നടത്തിയത്. കഴിഞ്ഞ ദശാബ്ദങ്ങളിൽ കേരളത്തിന്റെ സമൂഹമനസ്സാക്ഷിയെ ഞെട്ടിച്ച കേരളത്തിലെ സാമൂഹിക പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങളെ സാഹിത്യത്തിലേക്ക് ആവാഹിച്ചെടുത്ത രണ്ട് നോവലുകളാണ് അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ'യും സാറാജോസഫിന്റെ 'ആതി'യും. ഈ പ്രബന്ധത്തിൽ ഈ രണ്ടു നോവലുകളാണ് പ്രത്യേകമായി പഠനവിഷയമാക്കിയിട്ടുള്ളത്. ഈ രണ്ടുനോവലുകളും മുന്നോട്ട് വയ്ക്കുന്നത് മനുഷ്യന്റെ അവിവേകപൂർവ്വമായ ഇടപെടൽകൊണ്ട് പ്രകൃതിക്ക് സംഭവിച്ച മാറ്റങ്ങളാണ്. ഇതിലൂടെ നമ്മുടെ ആവാസവ്യവസ്ഥകൾക്കും ജൈവവൈവിധ്യത്തിനും പ്രകൃതിയുടെ രീതികൾക്കും സംഭവിച്ച വ്യതിയാനങ്ങൾ സാഹിത്യത്തിലും അതുവഴി ചരിത്രത്തിലും സംസ്കാരത്തിലും വരുത്തിയ മാറ്റങ്ങളെ അടയാളപ്പെടുത്താനും എഴുത്തുകാർ ശ്രമിക്കുന്നുണ്ട്.

## അദ്ധ്യായം ഒന്ന്

# പ്രകൃതിയും മനുഷ്യനും

പഠനവിഷയമായ 'എൻമകജെ', 'ആതി' എന്നീ നോവലുകൾ വിശദീകരിക്കുന്ന പരിസ്ഥിതിയും ഭൂപ്രദേശവും ആരോഗ്യ- ആവാസവ്യവസ്ഥകളും ആണ് ഈ പഠനത്തിൽ മുഖ്യമായും പരിസ്ഥിതി, ആരോഗ്യം, ആരോഗ്യപ്രശ്നങ്ങൾ എന്നെല്ലാം പറയുമ്പോൾ ഉദ്ദേശിക്കുന്നത്. മണ്ണിന്റെയും മനുഷ്യന്റെയും നിലനില്പ് അടയാളപ്പെടുത്തുന്ന പ്രകൃതിപാഠങ്ങളെ തിരിച്ചറിയുന്നതാണ് യഥാർത്ഥ പരിസ്ഥിതിസ്നേഹം. ഭൂമി മനുഷ്യനുവേണ്ടി മാത്രമുള്ളതാണെന്ന് കരുതുന്ന അതിസങ്കീർണ്ണവും അതിവിചിത്രവുമായ പാരിസ്ഥിതികചിന്തയാണ് എല്ലാ ദുരന്തങ്ങൾക്കും കാരണം. ഓരോ കൃതിയും അത് രൂപപ്പെട്ട് വരുന്ന സാമൂഹിക യാഥാർത്ഥ്യങ്ങളുടെ കൃത്യമായ അടയാളപ്പെടുത്തലുകളാണ്. ഇത്തരത്തിൽ ജനകീയ പ്രതിരോധസമരത്തിന്റെ തീവ്രമായ പ്രതികരണങ്ങൾ സാഹിത്യത്തിലേയ്ക്ക് കൊണ്ടുവന്നപ്പോഴാണ് 'എൻമകജെ' എന്ന നോവൽ ജനിക്കുന്നത്. പാരിസ്ഥിതികാധിനിവേശത്തിന്റെ തീക്ഷ്ണമായ നിലവിളി ഏറ്റവും സൃഷ്ടിപരമായി അടയാളപ്പെടുത്തപ്പെട്ട ഒരു നോവലാണിത്. കേരളത്തിലെ കാസർകോഡ് ജില്ലയിലെ ഏറ്റവും വടക്കേ അറ്റത്തുള്ള ഒരു ഗ്രാമത്തിന്റെ മാത്രം കഥയല്ല ഈ നോവൽ വരച്ചുകാണിക്കുന്നത്. മറിച്ച് നാട്ടറിവുകളും നാടൻ പ്രതിരോധതന്ത്രങ്ങളും എങ്ങനെ നിഷ്കരുണം ഇല്ലായ്മചെയ്തു എന്നുകൂടി ഈ കൃതി ചർച്ച ചെയ്യുന്നു. ഒരേ സമയം പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകർക്കുന്ന കൃത്രിമരാസവളങ്ങൾ ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കുകയും എന്നാൽ പ്രകൃതിയെ അക്ഷരാർത്ഥത്തിൽ നശിപ്പിക്കുകയും ചെയ്യുന്ന സംസ്കൃതിയുടെ കഥയാണ് ഇത്. 'അമിതോല്പാദനം' എന്ന ഉപഭോഗത്വരയ്ക്ക് കൂട്ടുനിൽക്കുന്നവരാണ് ഈ നോവലിലെ അധികാരിവർഗം. അവർക്ക് കേൾക്കാൻ സാധിക്കാതെ പോകുന്നത് മണ്ണിന്റെയും മനുഷ്യന്റെയും നിലവിളിയാണെന്ന്

ഈ നോവൽ ശക്തമായ രീതിയിൽ പറഞ്ഞുവെയ്ക്കുന്നു. സാമ്രാജ്യത്വത്തിന്റെ ആഗോളതലത്തിലുള്ള വ്യാപനം ഏറ്റവും സൃഷ്ടിപരമായി അടയാളപ്പെടുത്തപ്പെട്ട ഉദാഹരണം കൂടിയാണ് ഈ പാരിസ്ഥിതിക അധിനിവേശത്തിന്റെ ചരിത്രം.

"പ്രകൃതിയുമായുള്ള പൊക്കിൾക്കൊടി ബന്ധം നമുക്ക് ജൈവവും ആത്മീയവുമായ ആവശ്യമാണ്. ആധുനിക കാലത്ത് അത് കേവലം ദൃശ്യബന്ധമായി ചുരുങ്ങിയെന്ന് കാണാം. സ്പർശനത്തിലൂടെ, ഗന്ധത്തിലൂടെ, ശ്രദ്ധയിലൂടെ പ്രകൃതിയെ അറിയുമ്പോൾ പ്രകൃതി നമുക്ക് സാന്ത്വനമായി മാറുന്നു."[1]

**കേരളവും എൻഡോസൾഫാനും**

കേരളത്തിലെ കർഷകർക്ക് കീടനാശിനിയെക്കുറിച്ചും രാസവളങ്ങളെക്കുറിച്ചും നിർണായകമായ അറിവു കൊടുത്തത് 1960 കളിലുണ്ടായ ഹരിതവിപ്ലവമാണ്. അക്കാലത്ത് ഗവൺമെന്റ് നേരിട്ടുതന്നെ നിരവധി കീടനാശിനികളും രാസവളങ്ങളും വിറ്റഴിച്ചു. ഈ രാസവളങ്ങളുടെ നിയന്ത്രണാതീതമായ ഒഴുക്കിൽ താരതമ്യേന വിലകുറഞ്ഞ എൻഡോസൾഫാൻ ഇന്ത്യ മുതലായ മൂന്നാംകിട രാജ്യങ്ങളിലെ കർഷകർക്ക് പ്രിയപ്പെട്ടതായി മാറി. രാസവളങ്ങൾ നമ്മുടെ കാർഷികസംസ്കാരത്തിന്റെ അധ:പതനത്തിന്റെ അടയാളമായി വ്യാഖ്യാനിക്കപ്പെടുമ്പോഴും അമിതലാഭവും ഉത്പാദനക്ഷമതയും എല്ലാവരെയും ആകർഷിക്കുന്നു. ജൈവസാംസ്കാരികപരിസ്ഥിതി പ്രവർത്തനം എന്ന രീതിയിൽ നിന്ന് കൃഷി വ്യവസായമായി വളരുന്നതിന്റെ ആരംഭവും ഇതിൽ നിന്നു കണ്ടെത്താൻ കഴിയുന്നു.

"രാസവസ്തുക്കളുടെ കടന്നുവരവോടെ ഇന്ന് കൃഷിയുടെ ഭാഷതന്നെ ആകെ മാറിപ്പോയിരിക്കുന്നു. കൃഷി എളുപ്പവും വേഗത്തിലുള്ളതുമാക്കാൻ ഇന്ന് ട്രാക്ടർ ഉപയോഗിക്കുന്നു. ട്രാക്ടർ ഉപയോഗിക്കുമ്പോൾ ചെറിയ നെല്ലിനങ്ങൾ ആവശ്യമായി വരും. അങ്ങനെ ഹൈബ്രിഡ് വിത്തുകൾ അനിവാര്യമായിത്തീ

രുന്നു. ഇത്തരം വിത്തുകൾ വളരണമെങ്കിൽ രാസവളവും രാസകീടനാശിനി കളും ഉപയോഗിക്കേണ്ടിവരുന്നു. കൃഷിയുടെ വ്യവസായവൽക്കരണം ഈയൊരു ചാക്രികമാറ്റത്തെയാണ് സൃഷ്ടിച്ചത്."[2] ഇത്തരത്തിൽ കേരളത്തിന്റെ സാമൂഹി കസാംസ്കാരിക പ്രത്യേകതകളെതന്നെ രാസവളങ്ങളും കീടനാശിനികളും മാറ്റി ക്കളഞ്ഞ ചരിത്രമാണ് നമുക്കിന്ന് ലഭ്യമായിരിക്കുന്നത്.

ജീവിക്കാനുള്ള മനുഷ്യന്റെ അവകാശം നഷ്ടപ്പെടുന്ന ചിത്രമാണ് 'എൻമ കജെ' എന്ന നോവലിൽ വിവരിക്കുന്ന എൻഡോസൾഫാൻ ദുരന്തം. ജില്ലാഭര ണകൂടം നടത്തുന്ന കിരാതകൊലപാതകചരിത്രമാണ് എൻഡോസൾഫാൻ വഴി കാസർകോഡിൽ നടക്കുന്നത്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഉപയോഗി ച്ചുകൊണ്ടിരിക്കുന്ന എൻഡോസൾഫാൻ എന്ന മാരകവിഷം എന്തുകൊണ്ട് കേരളത്തിലെ വടക്കൻ ഗ്രാമമായ എൻമകജെയിൽ മാത്രം ഇത്രയധികം പ്രശ്ന ങ്ങൾ വിതയ്ക്കുന്നു എന്ന അന്വേഷണം ഒരു വലിയ സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. എൻഡോസൾഫാൻ കാസർകോഡിൽ മാത്രം ഇത്രയും വിഷ മയമായ പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ടെങ്കിൽ അതി നുകാരണം ഈ മാരകവിഷം ഇവിടെ തെളിക്കുന്ന രീതിയാണ്. "പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള (പി.സി.കെ), 1976 മുതൽ 2001 വരെ എൻഡോ സൾഫാൻ ഉപയോഗിച്ചു ഏരിയൽ സ്പ്രേ നടത്തിയത് നിയമപരമായി പാലി ക്കേണ്ട അഥവാ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ നിയമങ്ങളെയും നഗ്നമായി കാറ്റിൽ പറത്തിക്കൊണ്ടായിരുന്നു. ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് ഹൈ ക്കോടതിയിൽ കൊടുത്ത പൊതുഹർജിയിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്.

കീടനാശിനി നിയമ (ഇൻസെറ്റിസൈഡ് ആക്ട്) മനുസരിച്ച് ഗവൺമെന്റ് അഥവാ ഇൻസെറ്റിസൈഡ് ബോർഡ് പുറപ്പെടുവിക്കുന്ന ഉത്തരവ് അനുസ രിച്ച് മാത്രമേ ഏരിയൽ സ്പ്രേ നടത്താൻ പറ്റുകയുള്ളൂ. ജനങ്ങൾ താമസി

ക്കുന്ന ഇടങ്ങളിൽ എൻഡോസൾഫാൻ തളിക്കുമ്പോൾ 3 മീറ്റർ ഉയരത്തിൽ നിന്ന് മാത്രമേ നടത്താൻ പാടുള്ളൂ. ഏരിയൽ സ്പ്രേ നടത്തുന്ന ഇനങ്ങളിൽ ജനങ്ങളെ മുൻകൂട്ടി അറിയിക്കേണ്ടതുണ്ട്. കിണർ, ജലാശങ്ങൾ, തണ്ണീർത്തടങ്ങൾ തുടങ്ങിയവ മൂടിയെന്ന് ഉറപ്പുവരുത്തിയതിന് ശേഷമേ തളിക്കാൻ പാടുള്ളൂ. ഇത്തരത്തിലുള്ള ഒരു നിർദ്ദേശവും പാലിക്കാതെയാണ് ഇവിടെ 25 വർഷം തുടർച്ചയായി ഏരിയൽ സ്പ്രേ നടത്തിയത്. മറ്റൊരു പ്രധാനകാര്യം 1991 മുതൽ ഇൻസെറ്റിസൈഡ് ബോർഡിന്റെ ഭാഗത്ത് നിന്ന് നിയമപരമായ ഉത്തരവുകളൊന്നും ലഭിക്കാതെയാണ് പി.സി.കെ. എൻഡോസൾഫാൻ തളിച്ചത് എന്നാണ്"[3]. ഇക്കാര്യങ്ങളാലാണ് എൻഡോസൾഫാൻ കാസർകോഡ് ഇത്രയും പ്രശ്നമാകാൻ കാരണം. ഇന്ത്യൻ ഭരണഘടന പ്രകാരം ജീവിക്കാനുള്ള മനുഷ്യന്റെ അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ അവന് നഷ്ടപരിഹാരം ലഭിക്കേണ്ടതുണ്ട്. എന്നാൽ കഴിഞ്ഞ 35 വർഷമായി ഭരണകൂടവും അധികാരികളും കൂടി സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പാരിസ്ഥിതിക പ്രതിസന്ധിക്കോ ആരോഗ്യപ്രശ്നങ്ങൾക്കോ ആരും ഉത്തരവാദിത്വം ഏറ്റെടുക്കാത്ത കാഴ്ചയാണ് കേരളീയ സമൂഹം കണ്ടുകൊണ്ടിരിക്കുന്നത്. മാത്രമല്ല, ഇന്ത്യൻ ഭരണഘടന ഇരുപത്തിയൊന്നാം നമ്പർ പ്രകാരം ജീവിക്കാനുള്ള മനുഷ്യന്റെ അവകാശം ധ്വംസിക്കപ്പെടുമ്പോൾ ലഭിക്കേണ്ട അവകാശങ്ങൾക്കുമുന്നിൽ അധികാരി വർഗം നിശ്ശബ്ദത പാലിക്കുകയാണ്.

**സ്വാർത്ഥപരമായ ഇടപെടലുകൾ**

ഉപഭോഗതൃഷ്ണമൂലം ജീവന്റെയും മണ്ണിന്റെയും പ്രകൃതിയുടെയും നിലനില്പിന് ആധാരമായ ജലത്തിന്റെ തനിമയെയും വിശുദ്ധിയെയും അസ്തിത്വത്തെ തന്നെയും നശിപ്പിക്കുന്നതിന്റെ ഭീകരചിത്രമാണ് 'ആതി' എന്ന നോവ

ലിലൂടെ സാറാജോസഫ് ചിത്രീകരിക്കുന്നത്. ഭൂമി മനുഷ്യന്റെ സ്വാർത്ഥതയ്ക്ക് വഴിമാറുന്ന ചിത്രം നോവലിൽ വായിക്കാം.

"ആതിയിലുള്ള ആർക്കും അവരെ ഇഷ്ടമല്ല. ബാജിയുടെ അപ്പന് ഒഴികെ. അതിന് വേറെ കാരണമുണ്ട്. ആതിയുടെ പടിഞ്ഞാറെ താഴത്ത് തമ്പുരാന്റെ കൊട്ടിലിരിയ്ക്കുന്ന സ്ഥലം ടെന്റുകാർ കൈയേറി. ഇപ്പോൾ അതൊരു 'തർക്ക ഭൂമി'യാണെന്ന് പൊന്മണി പറയുന്നു. തർക്കഭൂമിയെന്നാൽ എന്താണെന്ന് സിദ്ധുവിന് അറിയില്ലായിരുന്നു. ദിനകരൻ പറഞ്ഞുകൊടുത്തു. തമ്പുരാന്റെ ഭൂമിയ്ക്ക് പട്ടയമുണ്ടായിരുന്നില്ല. തമ്പുരാന് പട്ടയം ആവശ്യമില്ല! പെട്ടെന്നൊരു ദിവസമാണ് തമ്പുരാന്റെ പൂപ്പരത്തിക്കാട്ടിൽ ഒരു ടെന്റ് പൊങ്ങിയത്. കറുത്ത കണ്ണട വെച്ച ഒരാൾ അവിടെയൊക്കെ ചുറ്റി നടന്നു.

"നിങ്ങളാരാ? എന്താ കാര്യം" ആതിയിലുള്ളവർ ചോദിച്ചു.

"ഞാൻ ഈ സ്ഥലത്തിന്റെ ഉടമസ്ഥനാണ്." അയാൾ പറഞ്ഞു.

ആതിയിലുള്ളവർ അമ്പരന്നു. അപ്പോൾ തമ്പുരാനോ?

ആതിയിലെ ഏറ്റവും അറിവുള്ളയാൾ ദിനകരനാണ് (ഏറ്റവും പൊക്കം കൂടിയ ആളും ദിനകരൻ തന്നെ!) ദിനകരൻ പാഴ്വാക്കുകൾ പറയാറില്ല.

"ഇത് തമ്പുരാനിരിക്കുന്ന സ്ഥലമാണ്. എത്രയോ തലമുറകളായി, അതങ്ങനെയാണ്. ഇതിന് വേറെ ഉടമസ്ഥരില്ല" ദിനകരൻ പറഞ്ഞു.

"എന്റെ കൈയിൽ രേഖയുണ്ട്."

കറുത്ത കണ്ണടക്കാരൻ പറഞ്ഞു.

ദിനകരനും പൊന്മണിയും ആതിദേശത്തിന്റെ കാരണവരായ കുഞ്ഞൻ കാരണവരും കൂടി വില്ലേജാപ്പീസിൽ പോയി. ആതിക്കു പുറത്താണ് വില്ലേജാപ്പീസ്. അവർ കടത്തുകടന്ന് പുറത്തുപോയി വിവരം തിരക്കി. കറുത്ത കണ്ണടക്കാരൻ പറഞ്ഞത് മുഴുവൻ സത്യമായിരുന്നു. ഭൂമി അയാളുടെ പേരിൽ കിട

ക്കുന്നു. അതിൽ തമ്പുരാനാണ് കൈയ്യേറ്റം നടത്തിയിട്ടുള്ളത്. ദിനകരനും പൊന്മ ണിയും കുഞ്ഞൻ കാരണവരും നടുങ്ങിപ്പോയി. അവർക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല. എത്രയോ തലമുറകളായി ആതിയിലെ ജനങ്ങൾക്ക് അത് തമ്പു രാൻപറമ്പാണ്. അവിടെ ആരും കൊത്തുകയോ കിളയ്ക്കുകയോ ചെയ്തില്ല. തനിയെ വീണു മുളയ്ക്കുന്ന വിത്തുകൾ ചെടിയായും മരമായും വളർന്ന് തമ്പു രാന്റെ കൊട്ടിലിനു ചുറ്റും ഒരു കാടുണ്ടായി. കാട്ടിലെ സ്ഥിരം പാർപ്പുകാരായ കിളികളും അണ്ണാറക്കണ്ണന്മാരും പാമ്പുകളും അരണകളും ഓന്തുകളും ചീവീ ടുകളും വെള്ളത്തിൽ നിന്ന് കേറിവരുന്ന ആമകളും ഞണ്ടുകളുമൊക്കെയല്ലാതെ ആരും ആ ഭൂമിക്കവകാശം പറഞ്ഞ് കേട്ടിട്ടില്ല."[4]

ഇന്നത്തെ കാലഘട്ടത്തിൽ കൃഷിയെന്നാൽ പഴകിപ്പോയ ഒരു സമ്പ്ര ദായമാണ്. എല്ലാം കാശുകൊണ്ടുനേടാം എന്നാണ് വ്യാവസായിക യുഗത്തിലെ പുതിയ വ്യവഹാര നിയമം. അപ്പോൾ എന്തിന് മണ്ണിൽ പണിയണം. മണ്ണിനെ സംരക്ഷിക്കണം. നോവലിലെ കുമാരൻ എന്ന കഥാപാത്രം ഇത്തരത്തിൽ പുതു തലമുറയുടെ പ്രതീകമാണ്. അവൻ ചോദിക്കുന്നു.

"മുന്നൂറ്റി അറുപത്തിയഞ്ചു ദിവസവും വെള്ളത്തിൽ മുങ്ങിക്കിടന്നാൽ എന്തു കിട്ടും?

കുറേ നെല്ലും മീനും കക്കയും! നല്ലൊരു വീടുണ്ടോ? കിടക്കാൻ കട്ടി ലുണ്ടോ?

ഇടാനൊരു നല്ല തുണിയുണ്ടോ?

ചൂട്ടുകറ്റയല്ലാതെ, രാത്രിയിൽ

ഒരു വഴിവിളക്ക് കൂട്ടിനുണ്ടോ?

കുമാരന്റമ്മയ്ക്കിതൊക്കെ കേട്ടാൽ കലിവരും. "നെലത്ത് നിക്കടാ ചെക്കാ" കുമാരന്റമ്മ പറയും.

കുമാരന്റമ്മ തഴപ്പായ നെയ്യുകയാണ്. വീതി കുറഞ്ഞ അളികൊണ്ട് അരികിന് ചോപ്പും പച്ചയും കരവെച്ച് മിനുസമുള്ള മെത്തപ്പായ. കുമാരന്റച്ഛൻ എരുമയെ തേച്ചുകുളിപ്പിയ്ക്കുകയാണ്. കുളികഴിഞ്ഞ പയ്യും ക്ടാവും വെയിലുകൊണ്ട് കറുക തിന്നുന്നു. എല്ലാ വീടുകളിലുമെന്നപോലെ കുമാരന്റെ മുറ്റത്തുണ്ട് ഒരു കൊച്ച് ആമ്പൽക്കുളം. അതിൽ ശുദ്ധജലം. അതിൽ ആമ്പൽ പൂക്കൾ! ചെറുമീനുകൾ! കുമാരൻ കെട്ടാൻപോകുന്ന പെണ്ണ് കുഞ്ഞിമാതു വിറകുപുരയുടെ വാതുക്കലിരുന്ന് മീൻ നന്നാക്കുകയാണ്. വിറകുപുര നിറയെ ഉണങ്ങിയ പട്ട, ചകിരി, ചിരട്ട, കണ്ടലിന്റെ ചുള്ളികൾ, ഓലക്കുടികൾ. വിറകുപുരയുടെ മീതെ കുമ്പളം കായ്ച്ചു കിടക്കുന്നു.

"ഇവിടെ നിന്നിട്ട് കാര്യല്ല്യ. പൊറത്തയ്ക്ക് കടന്നാ നല്ല വല്ല പണീം കിട്ടും."

കുമാരൻ മൂന്നാളോടുമായി പറഞ്ഞു. കുമാരന്റമ്മയ്ക്ക് കലി വന്നു. അവർ അളി കീറുന്ന കത്തിയെടുത്ത് മുറ്റത്തേയ്ക്കെറിഞ്ഞു.

"എന്ത് പ്രാന്താണ്ടാ പറയണേ?"

കുമാരൻ ആ കത്തിയെടുത്ത് താടിചൊറിഞ്ഞു.

"എനിയ്ക്കല്ല. നിങ്ങക്കാ പ്രാന്ത്!"

"മേലനങ്ങി പണിടക്കാൻ വയ്യ! അതന്നെ!" കുമാരന്റച്ഛൻ പറഞ്ഞു."[5]

കൃഷിയെ സ്നേഹിക്കാത്ത മണ്ണിനെയും വെള്ളത്തെയും അറിയാത്ത കുമാരൻ വെറുമൊരു കഥാപാത്രം മാത്രമല്ല, അവൻ ആധുനിക മനുഷ്യന്റെ പ്രതീകമാണ്. പുതുതലമുറയുടെ ശബ്ദമാണ്.

"കുമാരന്റച്ഛന് മാത്രമല്ല, കുഞ്ഞിമാതുവിന്റച്ഛനും ദേഷ്യം വരും. മണ്ണിലും വെള്ളത്തിലും മനസ്സറിഞ്ഞ് പണിയെടുക്കുന്ന ചെക്കനല്ലാതെ കുഞ്ഞിമാതുവിന്റച്ഛൻ അവളെ കൊടുക്കില്ല.

“എനിയ്ക്ക് പത്തും പലതൊന്നുല്യ. ഒരേ ഒരെണ്ണം! അതിന്ള്ളതാ എന്റെ മണ്ണും വെള്ളോം. അതൊക്കെ വേണ്ടപോലെ നോക്കി നടത്താൻ ഞാനവളെപഠിപ്പിച്ചിട്ട്ണ്ട്. അതിനാ അവളക്കൊര് തൊണ വേണ്ടത്. പണിട്ത്ത് മണ്ണ് നന്നാക്കണോനല്ലാണ്ട് അവള്ക്ക്പ്പൊ ഒര് മയിസ്രേട്ട് വന്നിട്ട് എന്താ കാര്യം?”

അങ്ങനെ പറയാനുള്ള ഊറ്റം കുഞ്ഞിമാതുവിന്റെ അച്ഛനുണ്ട്. ഓര് വെള്ളം കേറീട്ടല്ല, വെശർപ്പ് വെള്ളം വീണിട്ടാണ് ആതിയിലെ വെള്ളത്തിന് പുളിപ്പ് വന്നതെന്ന് വിശ്വസിയ്ക്കുന്ന തലമുറയിലെ ആളാണ്.”[6]

ഇനി അഥവാ മണ്ണിൽ മനുഷ്യൻ പണിയുകയാണെങ്കിൽ അമിതമായ ഉൽപ്പാദനക്ഷമത തരുന്ന കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കുന്നതായാണ് കാണുന്നത്. എഴുത്തുകാർ അത് ചിത്രീകരിക്കുന്നത് ഹൃദയവ്യഥയോടെയല്ലാതെ വായിച്ചെടുക്കാൻ മണ്ണിനെയും ജലത്തെയും സ്നേഹിക്കുന്നവർക്ക് കഴിയുകയില്ല.

“ഞാൻ കൃഷിക്കെതിരല്ല. പക്ഷേ, കൃഷിയോഗ്യമായ ഭൂമിയിൽ വേണം കൃഷി ചെയ്യാനെന്ന് എനിക്കറിയാം.

“നിങ്ങളാണത് കൃഷിയോഗ്യമല്ലാതാക്കിയത്.”

ദിനകരന്റെ ശബ്ദം വ്യക്തവും ഉറച്ചതുമായിരുന്നു. കുമാരൻ ഒരു നിമിഷം ആ ചെറുപ്പക്കാരനെ സൂക്ഷിച്ചുനോക്കി. അയാളുടെ മുഖം പ്രസന്നമായി. ശബ്ദം സൗമ്യമായി.

“എനിയ്ക്ക് ലോകത്തിന്റെ പല ഭാഗങ്ങളിലും നെൽവയലുകളും ഗോതമ്പുപാടങ്ങളുണ്ട്. വാഴത്തോട്ടങ്ങളുണ്ട്. മീൻവളർത്തു കേന്ദ്രങ്ങളുണ്ട്. പച്ചക്കറിത്തോട്ടങ്ങളും പഴത്തോട്ടങ്ങളുമുണ്ട്. കൃഷിനിലം നശിപ്പിക്കുക എന്നാൽ എന്താണെന്ന് എനിക്കറിയാം. കുലത്തൊഴിൽ കൈവിട്ടവനല്ല ഞാൻ. അനിയാ... പക്ഷേ, മാറി! രീതികളൊക്കെ മാറി... എന്റെ കൃഷിയിടങ്ങളിൽ നിന്ന് ലോകത്തിലെ

എല്ലാ പ്രധാനപ്പെട്ട രാജ്യങ്ങളിലേക്കും അരിയും ഗോതമ്പും മുട്ടയും പാലും പഴവുമൊക്കെ കയറ്റി അയക്കുന്നുണ്ട്. ഞാൻ കൃഷി ചെയ്യുന്നത് ലോകത്തിനു മുഴുവൻ വേണ്ടിയാണ്. എന്റെ കുടുംബത്തിന് മാത്രമോ എന്റെ നാടിനുമാത്രമോ വേണ്ടിയല്ല..."[7]

കൃഷിക്കുവേണ്ടി നിലകൊള്ളുന്നു എന്ന രീതിയിൽ പ്രവർത്തിക്കുന്ന കുമാരൻ യഥാർത്ഥത്തിൽ മണ്ണിന്റെ സ്വാഭാവിക ഗുണങ്ങൾ നശിപ്പിക്കുന്ന വിധത്തിൽ കച്ചവടക്കണ്ണുകൊണ്ട് കൃഷിയെ നോക്കുന്നവനാണ്. സ്വന്തം ലാഭത്തിനുവേണ്ടി അമിതമായ രാസവളങ്ങളുപയോഗിച്ച് അയാൾ പ്രകൃതിയെ ധ്വംസിക്കുന്നു.

"ആകാശം മുട്ടെ വളർന്നുപോയ മഹാകൃഷി സംസ്കൃതിയെപ്പറ്റി കുമാരന് പിന്നെയും പലതും പറയാനുണ്ടായിരുന്നു. ആതിയിലെ ദുർബല ഹൃദയങ്ങൾക്ക് അതൊന്നും താങ്ങില്ലെന്ന് അയാൾ വിചാരിച്ചു. അയാൾ മിണ്ടാതിരുന്നു.

"ഞങ്ങളൊക്കെ വളരെ ചെറിയ ജീവിതം ജീവിക്കുന്നവരാണ്. അന്നന്നത്തെ അപ്പത്തിനുവേണ്ടിയാണ് ഞങ്ങൾ കൃഷി ചെയ്യുന്നതും മീൻ പിടിക്കുന്നതും. അതിന് ഞങ്ങൾക്ക് മണ്ണും വെള്ളവും ഉണ്ടായേ പറ്റൂ. ഗണേശസുബ്രഹ്മണ്യത്തിന്റെ നിലം വാങ്ങി നിങ്ങൾ മണ്ണിട്ടു നികത്താൻ തുടങ്ങിയതോടെയാണ് ഞങ്ങളുടെ ജീവിതം വഴിമുട്ടിയത്. നിങ്ങൾ വലിയ കൃഷിക്കാരനാണെന്ന് പറയുന്നു. ഇവിടെയും നിങ്ങൾക്കെന്തുകൊണ്ട് കൃഷി ചെയ്തു കൂടാ? വയലും നീർത്തടവും മണ്ണിട്ട് തൂർത്ത് നശിപ്പിക്കുന്നതെന്തിന്?

"അനിയാ, ഞാനൊരു വ്യവസായിയാണ്. ഭൂലോകത്തിന്റെ അതിരാണ് എന്റെ അതിര്. മനുഷ്യൻ ചന്ദ്രനിൽ പോയിത്തുടങ്ങിയിട്ടുണ്ട്. ഞാനും പോകും

ഭൂമിവാങ്ങാൻ..."[8] കൃഷിയെ വ്യവസായമായി കാണുന്നു എന്നതിന് വ്യക്തമായ ഉദാഹരണമാണ് കുമാരന്റെ ഈ വാക്കുകൾ.

പാരമ്പര്യകൃഷിരീതിയിൽ നിന്നും വ്യത്യസ്തമായി രാസവളങ്ങളും കീടനാശിനികളും ക്രമാതീതമായി ഉപയോഗിക്കുന്ന നൂതന കൃഷിരീതികൾ മനുഷ്യന്റെ നിലനില്പിനെ തന്നെ ദോഷകരമായി ബാധിക്കുന്നു എന്ന നഗ്നസത്യം തിരിച്ചറിയേണ്ടത് ഇന്നത്തെ ജനതയുടെ ആവശ്യമാണ്. മണ്ണിനും മനുഷ്യനും വിരോധമായ ഇത്തരം വസ്തുക്കളുടെ ഉപയോഗം പ്രകൃതിയുടെ ജൈവതാളമാകെ തകർക്കുന്നു. ലോകമഹായുദ്ധങ്ങളാണ്, ജനങ്ങളെ ഇത്തരത്തിലൊരു കൃഷിരീതിയിലേക്ക് എത്തിച്ചതെന്ന് ചരിത്രം ചൂണ്ടിക്കാണിക്കുന്നു. "യഥാർത്ഥത്തിൽ എൻഡോസൾഫാൻ അടക്കമുള്ള മുഴുവൻ രാസകീടനാശിനികളുടെയും ചരിത്രം ആരംഭിക്കുന്നത് ലോകത്ത് വിവിധ സന്ദർഭങ്ങളിൽ നടന്ന യുദ്ധങ്ങളുമായി ബന്ധപ്പെട്ടതാണ്. യുദ്ധസന്ദർഭങ്ങളിൽ ശത്രുരാജ്യത്തിലെ പടയാളികളെ കൂട്ടമായി കൊന്നൊടുക്കാൻ വേണ്ടി വികസിപ്പിച്ചെടുത്തവയാണ്. ഇന്ന് നാം കീടനാശിനിയായി ഉപയോഗിക്കുന്ന മിക്ക രാസവസ്തുക്കളും. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം, പുതിയൊരു ലോകയുദ്ധത്തിന്റെ സാധ്യതകൾ ഇല്ലാതായപ്പോൾ, ഈ രാസവസ്തുക്കൾ ഉൽപാദിപ്പിച്ചിരുന്ന കമ്പനികൾ വൻപ്രതിസന്ധിയിലകപ്പെട്ടു. തങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ ഒരു പുതിയ വിപണി കണ്ടെത്തേണ്ടത് അവർക്ക് നിലനിൽപ്പിന്റെ പ്രശ്നമായി മാറി. തുടർന്നാണ് കാർഷികരംഗത്ത് കീടനാശിനികളുടെ സാധ്യത അവർ തിരിച്ചറിയുന്നത്. അങ്ങനെ അന്നുവരെ യുദ്ധമുഖങ്ങളിൽ ഉപയോഗിക്കാനായി നിർമ്മിക്കപ്പെട്ടിരുന്ന രാസവസ്തുക്കൾ കൃഷിയിടങ്ങളിൽ ഉപയോഗിക്കാവുന്ന കീടനാശിനികളായി വേഷം മാറി നമുക്കുമുമ്പിലെത്തി. ഹരിതവിപ്ലവത്തിലൂടെ പകർന്നു

കിട്ടിയ ആശയങ്ങൾ, കർഷകരെ വളരെ എളുപ്പത്തിൽ കീടനാശിനികളുടെ ഉപഭോക്താക്കളാക്കി മാറ്റുകയും ചെയ്തു."[9]

നീണ്ട മുപ്പതുവർഷത്തോളം പരിസ്ഥിതിക്കുവേണ്ടി തൂലിക പടവാളാക്കിയ കവയിത്രി സുഗതകുമാരി എഴുതുന്നു – "ഞാൻ ആലോചിക്കാറുണ്ട്, മനുഷ്യൻ വാസ്തവത്തിൽ ഭൂമിയുടെ മകൻ തന്നെയാണോയെന്ന്. വളരെ പാടുപെട്ട് ഞാൻ ഒരു തിയറി ഉണ്ടാക്കിയിട്ടുണ്ട്. ഇവൻ ഏതോ ഗ്രഹത്തിൽനിന്നും ഇവിടെ വന്നുപെട്ടവൻ. നമ്മുടെ പഴയ കഥകളിലും മറ്റും പറയുന്നപോലെ എങ്ങുനിന്നോ പുറന്തള്ളപ്പെട്ടവൻ. സ്വർഗ്ഗം എവിടെയോ ഉണ്ടായിരുന്നു. അവിടെ നിൽക്കാൻ അർഹതയില്ല എന്നു കണ്ടാൽ അവനെ കഴുത്തിൽ പിടിച്ചു പുറന്തള്ളും. ഇവിടെ വന്ന് ഏതെല്ലാം വിധത്തിൽ ചൂഷണം ചെയ്തു സുഖിക്കാൻ സാധിക്കുമോ, നശിപ്പിക്കാൻ സാധിക്കുമോ എന്നതിനപ്പുറം, ഞാൻ ഞാൻ എന്നതിനപ്പുറം വേറെയൊന്നില്ല. മറ്റൊരു ജീവികളും മറ്റൊരു മൃഗവും ഇങ്ങനെയല്ലല്ലോ. എങ്ങനെ ഇവർ മാത്രം ഈ പരിണാമശൃംഖലയിൽനിന്ന് പുറത്തുചാടി? പരിണാമശൃംഖലയുടെ ഒരു നീണ്ടകഥ നമുക്കറിയാം. ആയിരമായിരം വർഷങ്ങളുടെ, കോടിക്കണക്കിനു വർഷങ്ങളുടെ പരിണാമത്തിന്റെ വികാസത്തെപ്പറ്റിയും അത് എവിടെ വന്നെത്തിയിരിക്കുന്നുവെന്നും ഏതെല്ലം തരത്തിൽ അതിന് ഉയർച്ചതാഴ്ചകളുണ്ടായിരനന്നുവെന്നും ഏതെല്ലാം തരത്തിൽ അതിന് ഉയർച്ചതാഴ്ചകളുണ്ടായിരുന്നുവെന്നും നമുക്കറിയാം. ശാസ്ത്രം ഒരു ചിത്രപടംപോലെ മുമ്പിൽ വിടർന്നിട്ടുണ്ട്. മനുഷ്യൻ മാത്രം എന്തേ ഇങ്ങനെയായി? ഒരു ജീവിയും സ്വന്തം കുഞ്ഞുങ്ങളെ കൊല്ലുന്നില്ല. ഒരു ജീവിയും വിഷം പരത്തുന്നില്ല. ബലാത്സംഗം ചെയ്യുന്നില്ല. ഒരു ജീവിയും ആത്മഹത്യ ചെയ്യുന്നില്ല. ഈ വിധത്തിലുള്ള മാരകായുധങ്ങളുണ്ടാക്കാനും കൂട്ടക്കൊല ചെയ്യാനും ഒരു ജീവിയും ഒരുങ്ങുന്നില്ല. ഇവൻമാത്രം എങ്ങനെ ഈ വിധത്തിൽ? അതാണ് ഇവൻ ഭൂമിയുടെ

മകനല്ലെന്നും എവിടെനിന്നോ വന്ന രാക്ഷസശിശുവാണെന്നും ഭൂമിയോട് ഒട്ടും ദയയില്ലാത്തവനാണെന്നും ഞാൻ പറഞ്ഞത്. ഭൂമിയെ കൊല്ലുന്നതോടൊപ്പം ഇവനും സ്വയം മരിക്കുകയാണെന്ന് സ്വയംകണ്ടറിയാനുള്ള ബോധംപോലുമി ല്ലാതായിക്കഴിഞ്ഞു."[10]

വികസനസങ്കല്പങ്ങളിലും വികസനബോധങ്ങളിലും ചുറ്റിതിരിയുന്ന മനുഷ്യന്റെ പ്രവർത്തനങ്ങൾ പ്രകൃതിക്ക് വരുന്ന മാറ്റങ്ങളെക്കുറിച്ച് ആരും തന്നെ ചിന്താകുലരല്ല. എല്ലാവരും ഉദാസീനരാണ്. സ്വാർത്ഥതയും താൻപോരിമയും മാത്രം കൈമുതലായ മനുഷ്യൻ പ്രകൃതിക്ക് എന്തുതന്നെസംഭവിച്ചാലും താൻ തനിയെ ഈ ഭൂമുഖത്ത് നിലനിൽക്കുമെന്ന് ചിന്തിക്കുന്നു. എന്നാൽ നാം ഏറ്റവും നിസ്സാരമായി കരുതുന്ന മണ്ണിരയും പക്ഷികളും തവളകളും മറ്റും കൂട്ടത്തോടെ അപ്രത്യക്ഷമാകുന്ന ചുറ്റുപാടിൽ തന്റെ നിലനില്പിലും പ്രശ്നങ്ങൾ സംഭവിക്കും എന്ന് ചിന്തിക്കുന്നതേയില്ല. സുഗതകുമാരി തുടരുന്നു.

"മനുഷ്യനിവിടെ അവസാനിക്കുകയാണെങ്കിൽ യാതൊരു ദോഷവുമില്ല എന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. പ്രകൃതി അതിന്റെ വഴിക്കു പോയ്ക്കൊള്ളും. ഈ ഭൂമി മുഴുവൻ വീണ്ടും ബന്ധപ്പെടുകയും ഈ മൃഗങ്ങളും പക്ഷികളും ഇഴജന്തുക്കളും എല്ലാം സമാധാനമായി ഇവിടെ കഴിഞ്ഞുകൊള്ളുകയും തമ്മിൽ തിന്നുകയും കൊല്ലുകയുമൊക്കെ ചെയ്യും. അതിനൊക്കെ നിയമങ്ങളുണ്ട്. നിയന്ത്രണങ്ങളുണ്ട്. വളരെ വലുതായ പ്രകൃതിനിയമമുണ്ട്. അതിനനുസരിച്ചാണ് ജീവിക്കുന്നത്. ഇതിനെയെല്ലാം ലംഘിക്കുന്നവൻ, എല്ലാറ്റിനെയും തകർക്കുന്നവൻ, എല്ലാറ്റിനെയും നശിപ്പിക്കുന്നവൻ, എല്ലാറ്റിലും വിഷം കലർത്തുന്നവൻ, എല്ലാ മനസ്സുകളിലും വിഷം കലർത്തുന്നവൻ, സ്നേഹം എന്ന വാക്കുപോലും മറന്നുപോയവൻ, കാരുണ്യമെന്നതിന്റെ, ആർദ്രതയെന്നതിന്റെ അർത്ഥമെന്തെന്നുപോലും അറിയാത്തവൻ, കണ്ണുകൾ വരണ്ടുപോയ

വൻ, മനസ്സ് വരണ്ടുപോയവൻ അങ്ങനെയുള്ള മനുഷ്യനെ നമുക്കിന്ന് ആവശ്യമുണ്ടോ? ആവശ്യമില്ല എന്നു പ്രകൃതി പറയുവാനുള്ള സമയമായി. അങ്ങോട്ടു നീങ്ങുകയാണ് എന്നു ശാസ്ത്രവും മുന്നറിയിപ്പു തന്നു കഴിഞ്ഞു.”[11] ഇത്തരത്തിൽ ശക്തമായ ഭാഷയിലൂടെ ജീവിതപ്രശ്നങ്ങൾ, മനുഷ്യന്റെ ഇടപെടലുകൾ വഴി സൃഷ്ടിക്കപ്പെടുന്ന പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങൾ വിലയിരുത്തപ്പെടുന്നു. ടി.എസ്. എലിയറ്റിന്റെ വരികൾ ഇത്തരുണത്തിൽ, ഏറെ പ്രസക്തമാണ്.

This is the way the world end
This is the way the world end
Not with the bang but with a whimper
നമുക്ക് ചെവിയോർക്കുക...
ഭൂമിയുടെ ഞെരുക്കത്തിനായ്...
അവൾക്കുവേണ്ടി ശബ്ദമുയർത്താം.

## കുറിപ്പുകൾ

1. മധുസൂദനൻ, ജി, *കഥയും പരിസ്ഥിതിയും*, കറന്റ് ബുക്സ്, 2000, പു. 37.
2. ജയകുമാർ സി, 'ഒരു നാട് സ്വന്തം ജനതയെ ഒറ്റികൊടുത്ത വിധം', പൂപ്പാലം സലീം, (എഡി.), *നരകത്തിലേക്കു തുറക്കുന്ന വാതിൽ*, സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്, കോഴിക്കോട്, 2011, പു. 52.
3. ആസിഫ് അലി കെ, 'ലംഘിക്കപ്പെടുന്നത് ജീവിക്കാനുള്ള മൗലികാവകാശമാണ്', പൂപ്പാലം സലീം, (എഡി.), *നരകത്തിലേക്കു തുറക്കുന്ന വാതിൽ*, സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്, കോഴിക്കോട്, 2011, പു. 42.
4. ജോസഫ് സാറാ, *ആതി*, കറന്റ് ബുക്സ്, തൃശ്ശൂർ, 2013, പു. 11, 12.
5. അ.പു. പു. 24.
6. അ.പു. പു. 25.
7. അ.പു. പു. 251.
8. അ.പു. പു. 251.
9. ജയകുമാർ, സി, 'ഒരുനാട് സ്വന്തം ജനതയെ ഒറ്റുകൊടുത്ത വിധം', പൂപ്പലം സലീം (എഡി.), *എൻഡോസൾഫാൻ നരകത്തിലേക്കു തുറക്കുന്ന വാതിൽ*, 2011, പു. 51, 52.
10. സുഗതകുമാരി, 'മനുഷ്യൻ ഭൂമിയുടെ മകനല്ല', എച്ചിക്കാനം സന്തോഷ് (എഡി.), *എൻമകജെ പഠനങ്ങൾ*, കറന്റ് ബുക്സ്, 2010, പു. 17–18.
11. അ.പു. പു. 19.

*****

## അദ്ധ്യായം രണ്ട്

# സാമൂഹികപ്രശ്നങ്ങൾ സാഹിത്യത്തിൽ

സാമൂഹികപ്രശ്നങ്ങൾ സാഹിത്യത്തിന് അജ്ഞാതമല്ല. കേരളീയ പരിസരത്തുനിന്ന് ആലോചിക്കുമ്പോൾ സ്വാതന്ത്ര്യസമരകാലത്ത് ഉരുവാക്കപ്പെട്ട നിരവധി കവിതകളും കഥകളും നാടകങ്ങളും നോവലുകളും കൃത്യമായ സാമൂഹികചരിത്രം സാഹിത്യത്തിലൂടെ അടയാളപ്പെടുത്തുന്നുണ്ട്.

"നിയതാർത്ഥത്തിൽ നോവൽ ചരിത്രമല്ല; ചരിത്രം നോവലുമല്ല. എന്നാൽ, വ്യാപകാർത്ഥത്തിൽ നോവൽ ചരിത്രവും ചരിത്രം നോവലുമാകും. ഇതുതന്നെ തെല്ല് ഒന്നുമാറ്റി പറഞ്ഞാൽ നോവൽ പ്രത്യക്ഷനോവലും പരോക്ഷ ചരിത്രവുമാണ്. അതുപോലെ ചരിത്രം പ്രത്യക്ഷചരിത്രവും പരോക്ഷനോവലുമാണ്. കാരണം ചരിത്രത്തിന്റെ ദൃക്സാക്ഷിയല്ല മിക്കപ്പോഴും ചരിത്രകാരൻ. അതുകൊണ്ടുതന്നെ ചരിത്രകാരൻ ചമയ്ക്കുന്ന ചരിത്രം ദൃക്സാക്ഷി വിവരണമോ തത്സമയ സംപ്രേക്ഷണമോ പോലെ തീർത്തും സത്യസന്ധമോ വസ്തുനിഷ്ഠമോ അല്ല. അതുപോലെ തന്നെ നോവലിലൂടെ ആവിഷ്കൃതമാകുന്ന മുഴുവൻ മനുഷ്യജീവിതങ്ങളുടെയും നേരിട്ടുള്ള അനുഭവസ്ഥനല്ല ഒരു നോവലിസ്റ്റും. അതിന്റെ അർത്ഥം ചരിത്രത്തിലും നോവലിലും അനുമാനങ്ങൾക്കും സങ്കല്പങ്ങൾക്കും ഇടങ്ങൾ ഒട്ടേറെയുണ്ടെന്നാണ്. അക്കാര്യത്തിൽ രണ്ടും ഐക്യപ്പെടുന്നു എന്നുമാണ്. പിന്നെ ചരിത്രത്തിനും നോവലിനും മാത്രമല്ല എന്തിനും ഏതിനും നിൽക്കാനൊരു നിലവും നടക്കാനൊരു നാളും കൂടിയേ തീരൂ. സ്ഥല-കാലങ്ങളുടെ പശ്ചാത്തലങ്ങളും പിൻബലങ്ങളും പിടിച്ചുപറ്റിക്കൊണ്ടേ എന്തും സംഭവിക്കൂ എന്നുസാരം. സ്ഥലകാലങ്ങളാകട്ടെ ചരിത്രത്തിന്റെ സ്ഥായിയായ അടയാളങ്ങളുമാണ്. അപ്പോൾ ചരിത്രത്തിൽ നോവലും നോവലിൽ ചരിത്രവും അനിവാര്യസാന്നിദ്ധ്യമാകാതെ വയ്യ. പ്രത്യക്ഷമായിട്ടല്ലെങ്കിൽ പരോക്ഷമായിട്ടെങ്കിലും രണ്ടും രണ്ടിലും കലർന്നിരിക്കും."[1]

മലയാളത്തിലെ ആദ്യലക്ഷണയുക്ത നോവലായ ഇന്ദുലേഖ അന്നത്തെ കേരളീയ സമൂഹത്തിന്റെ ഒരു നേർചിത്രം കാഴ്ചവെയ്ക്കുന്നു. മലയാളത്തിലെ ആദ്യകാല ചരിത്ര നോവലുകളായ സി.വി. രാമൻപിള്ളയുടെ 'മാർത്താണ്ഡർമ്മ' യിലും 'ധർമ്മരാജ'യിലും 'രാമരാജബഹുദൂറി'ലും നിറഞ്ഞു നില്ക്കുന്നത് സാമൂഹിക സാംസ്കാരിക ചരിത്രമാണ്. അധികാരത്തിനുവേണ്ടിയുള്ള വടംവലികളായിരുന്നു അന്നത്തെ ജനജീവിതം താറുമാറാക്കിയ സാമൂഹിക പ്രശ്നങ്ങൾ അത് വളരെ മനോഹരമായി തന്നെ വിവരിക്കുന്നു. നവോത്ഥാനകാലഘട്ടത്തിലെ തകഴിയുടെ 'ചെമ്മീൻ', 'കയർ', കേശവദേവിന്റെ 'ഓടയിൽനിന്ന്' തുടങ്ങിയ നോവലുകളും, കുമാരനാശാന്റെ 'ദുരവസ്ഥ', ചങ്ങമ്പുഴയുടെ 'വാഴക്കുല' തുടങ്ങിയ കവിതകളും സാമൂഹികപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നവയാണ്. വയനാട്ടിലേക്കു കുടിയേറിപാർത്ത കർഷകരുടെ കാഠിന്യമേറിയ ജീവിതത്തെ സമൂഹത്തിനു മുന്നിൽ തുറന്നു കാണിച്ച എസ്.കെ. പൊറ്റെക്കാടിന്റെ 'വിഷകന്യക', അന്ന് മനുഷ്യർ അനുഭവിച്ച മലമ്പനിപോലുള്ള മാരകരോഗങ്ങളെയും പ്രകൃതിയോട് പടവെട്ടിയും സമരസപ്പെട്ടും ജീവിതം കരുപിടിപ്പിക്കുന്നവരുടെ കഥ പറയുന്നു. തിരുവിതാംകൂറിന്റെ വിവിധപ്രദേശങ്ങളിൽ നിന്നുള്ള ക്രിസ്ത്യാനികളുടെ ചിത്രം ഈ നോവലിൽ വ്യക്തമാണ്. ഇംഗ്ലീഷിലാണ് എഴുതിയതെങ്കിലും ബുക്കർപ്രൈസ് നേടിയ അരുന്ധതിറോയിയുടെ 'ഗോഡ് ഓഫ് സ്മാൾ തിങ്സും', കേരളീയ പരിസരങ്ങളെ സാഹിത്യത്തിലേക്ക് കൊണ്ടുവരുന്നു. ഇത്തരത്തിൽ സാമൂഹികജീവിതവും പ്രശ്നങ്ങളും എക്കാലത്തും സാഹിത്യത്തിൽ പ്രതിഫലിക്കുന്നുണ്ട്. എന്നാൽ അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' എന്ന നോവൽ എൻഡോസൾഫാൻ എന്ന വിഷദുരന്തത്തെ ഒരു സാമൂഹിക പ്രശ്നമാണ് എന്ന അവബോധത്തിലേക്ക് ലോകമനസാക്ഷിയെ കൂട്ടിക്കൊണ്ടുവന്നു. സാമൂഹികമാധ്യമങ്ങൾ ഈ പ്രശ്നം ഏറ്റെടുത്തു. മാധ്യമങ്ങൾ രാഷ്ട്രീ

യനിലനില്പിനെയും ജനാധിപത്യവ്യവസ്ഥിതിയെയും ചോദ്യം ചെയ്യാനുള്ള അവസരമാക്കി. അധികാരികൾ എൻഡോസൾഫാൻ ഇരകൾക്ക് എന്തെങ്കിലും തരത്തിലുള്ള സഹായങ്ങൾ എത്തിക്കാൻ പരിശ്രമിച്ചു.

സാറാജോസഫിന്റെ 'ആതി' എന്ന നോവലും പരിസ്ഥിതി സ്ത്രീവാദത്തിന്റെ ചുവടുപിടിച്ച് പ്രകൃതിയെ സംരക്ഷിക്കണമെന്നുതന്നെയാണ് പറഞ്ഞുവയ്ക്കുന്നത്. നിലനിന്നിരുന്ന പ്രകൃതിജന്യമായ സംസ്കാരം തിരിച്ചുപിടിക്കാൻ അവർ ഓർമ്മിപ്പിക്കുന്നു.

"അതിജീവനത്തിന്റെ സാധ്യതകളെ നിലനിർത്തുന്ന അഹിംസയിലൂന്നിയ ലോകക്രമത്തെ പുനരാനയിക്കുന്ന പാരിസ്ഥിതിക ഇടപെടലുകളാണ് ആതിയുടെ കാതൽ. ലോകം പാരിസ്ഥിതികവും സ്ത്രൈണവുമായ മൂല്യങ്ങളെ തിരിച്ചറിയുന്നില്ലെങ്കിൽ മനുഷ്യരാശിയുടെ നിലനിൽപ് ഭീഷണിയിലാണ്. ഭൂമിക്കും വനത്തിനും ജലത്തിനും മേലുള്ള സ്ത്രീയുടെ അവകാശങ്ങൾ അവളുടെ അറിവ് പിതൃകേന്ദ്രിതവും സ്വാർത്ഥാധിഷ്ഠിതവുമായ വികസനം ഇതെല്ലാം തുടച്ചുനീക്കുന്നത് ആതിയിൽ കാണാം.

നാഗരികമായ സ്ഥലരാശികളിലല്ല ആതി ഒഴുകിപ്പരക്കുന്നത്. ജലം ആതിയിലുള്ളവരുടെ സംസ്കാരമാണ്. 6 മാസം മീൻകൃഷിയും 6 മാസം നെൽകൃഷിയും തരുന്ന സമൃദ്ധി, ഒഴുക്കും പരക്കലും തണുപ്പും ഇടകലർന്ന ജലസംസ്കാരവുമായി താദാത്മ്യം പ്രാപിക്കുന്ന അതിൽ ഉന്മാദത്തോടെ ലയിക്കുന്ന മനുഷ്യരാണ് ആതിയിലുള്ളത്."[2]

പാരിസ്ഥിതിക പ്രതിസന്ധികൾക്കുള്ള ഉത്തരം സ്ത്രീകളുടെ കൈയ്യിലാണെന്നും അവരുടെ സ്ത്രൈണമൂല്യങ്ങളിലൂടെ മാത്രമാണ് പ്രകൃതിയെ തിരിച്ചുപിടിക്കാൻ സാധിക്കുകയെന്നും 'ആതി'യെന്ന നോവൽ നമ്മെ പഠിപ്പിക്കുന്നു. വെള്ളത്തെ അറിയാനും ശുദ്ധീകരിക്കാനും സാധിക്കുന്ന നിരവധി സ്ത്രീകളെ

നോവലിൽ കണ്ടെത്താൻ കഴിയുന്നുണ്ട്. കായൽ എന്ന പെൺകുട്ടി തനിക്കു നഷ്ടപ്പെട്ട ബാല്യം തിരിച്ചുപിടിക്കുന്നത് ആതിയിലെ തണ്ണീർത്തടങ്ങളിലൂടെയാണ്. ഭർത്താവിനെ ഏറെ സ്നേഹിക്കുന്നുണ്ടെങ്കിലും ജലത്തിന് വന്ന ദുരന്തം കണ്ട് ഭർത്തൃഭവനത്തെ ഉപേക്ഷിച്ച് ആതിയിലെ ജലസമൃദ്ധിയിലേക്ക് തിരിച്ചു വരുന്ന ഷൈലജ, ആതിയിലെ വെള്ളംപോലെ പരിശുദ്ധയായ കുഞ്ഞിമാതു ഇവരെല്ലാം ആതിയിലെ ജലവും വായുവും മണ്ണും മലീമസമാകുന്നതുകണ്ട് പ്രതികരിച്ചവരാണ്. പ്രകൃതിയുമായുള്ള ഇവരുടെ ബന്ധമാണ് അതിനവരെ പ്രാപ്തരാക്കിയത്.

നോവലിലൂടെ എഴുത്തുകാരി കുറിച്ചിടുന്ന വാക്കുകൾ എത്രയോ അർത്ഥവത്താണ്. “തിന്മയെ ഇല്ലാതാക്കാനുള്ള കഴിവൊന്നും എനിക്കില്ല. തിന്മ അമൂർത്തമായൊരു സത്തയാണ്. മനുഷ്യരുടെ മനസ്സിൽ മാത്രം ജനിക്കാനും വളരാനും കഴിയാനും ഒരു പ്രതിഭാസം! മനസ്സിൽ നിന്ന് പിടിച്ചു പുറത്തിട്ടാൽ അത് പിടഞ്ഞു ചത്തുപോകും.”[3]

“ജീവന്റെയും ജീവിതത്തിന്റെയും സമസ്തമേഖലകളും ഇന്ന് പരിസ്ഥിതി ചിന്തയ്ക്കു വിഷയമാണ്. കൃഷിയിൽ ഫുക്കുവോക്ക പ്രചരിപ്പിക്കുന്ന ജൈവരീതികൾ, ആരോഗ്യസംരക്ഷണത്തിലെ പ്രകൃത്യാനുസാരിയായ പരിണാമങ്ങൾ, ഭവനനിർമ്മാണത്തിലെ ബേക്കർ സ്റ്റൈൽ, ഊർജോല്പാദനത്തിലെ ബദൽതന്ത്രങ്ങൾ, പ്രദൂഷണരഹിതമായ വ്യവസായങ്ങൾ, ആഗോളവൽക്കരണത്തിലെ പ്രകൃതിവിരുദ്ധത, വ്യവസായടൂറിസത്തിന്റെ ആഘാതങ്ങൾ, ഭക്ഷണശീലങ്ങളിലെ വ്യതിയാനം, ജലോപയോഗം, രാസവിമുക്തവസ്ത്രങ്ങളുടെ ഉപയോഗം എന്നിങ്ങനെ സൂര്യനു താഴെയുള്ളതെന്തും ഇന്ന് പരിസ്ഥിതിയുമായി ബന്ധപ്പെടുത്തിയല്ലാതെ ചിന്തിക്കാനാവില്ല. അതിനാൽ തന്നെ പരിസ്ഥിതിശാസ്ത്രം

എല്ലാ ശാസ്ത്രങ്ങളുടെ അമ്മയായും പരിസ്ഥിതി ദർശനം ദർശനങ്ങളുടെ ദർശനമായും പരിണമിക്കുന്നു.

ഭൂമിയെ രക്ഷിക്കുവാനുള്ള പ്രണവമന്ത്രമല്ല, പരിസ്ഥിതി ദർശനം. ജീവന്റെ നിലനില്പിനുള്ള രജതരേഖയാണത്. ഭൂമിയെ ആരും രക്ഷിക്കേണ്ടതില്ല. പ്രകൃതി അതിന്റെ കാലത്തിലൂടെയുള്ള പ്രയാണം നിയന്ത്രിച്ചുകൊള്ളും. പ്രശ്നം മനുഷ്യരുടെയും സസ്യചരാചരങ്ങളുടെയും നിലനില്പിന്റേതാണ്. ആധുനികപാരിസ്ഥിതികപ്രതിസന്ധി നമ്മുടെ ജീവിതത്തെ പാരിസ്ഥിതികമായി മാത്രമല്ല, ആത്മീയമായും സാംസ്കാരികമായും വിഷമയമാക്കിയതിന്റെ പശ്ചാത്തലത്തിലാണ് സാഹിത്യത്തിലും ഹരിതമായൊരു ഭാവുകത്വപരിണാമം സംഭവിക്കുന്നത്."[4]

അതിനാൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ബന്ധം നിലനിർത്തിക്കൊണ്ട് മനുഷ്യൻ ജീവിക്കണം. പ്രകൃതിക്ക് ദോഷകരമായ യാതൊരു പ്രവർത്തനങ്ങളോ വിധ്വംസകമായ ഇടപെടലുകളോ അവൻ നടത്തരുത്. അപ്പോൾ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പരിക താളം നിലനിർത്താൻ സാധിക്കും.

## കുറിപ്പുകൾ

1. മുരളീകൃഷ്ണൻ, 'നഗരവൽക്കരണത്തിന്റെ നാൾവഴികൾ', ശ്രീധരൻ എ.എം., & ചിറ്റാക്കൂൽ ദീപ (എഡി.), *ഊർകാക്കുന്ന പെണ്ണൊലികൾ*, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, പു. 301.
2. ജോസ് ജിസ, 'പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സമകാലികമുഖം മലയാളനോവലിൽ', ശ്രീധരൻ എ.എം., & ചിറ്റാക്കൂൽ ദീപ (എഡി.), *ഊർകാക്കുന്ന പെണ്ണൊലികൾ*, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, പു. 277.
3. ജോസഫ് സാറാ, *ആതി*, കറന്റ് ബുക്സ്, തൃശ്ശൂർ, 2013, പു. 275.
4. മധുസൂദനൻ, ജി. *കഥയും പരിസ്ഥിതിയും*, കറന്റ് ബുക്സ്, 2000, പേ. 15.

*****

## അദ്ധ്യായം മൂന്ന്

# വിഷമയമായ 'എൻമകജെ'

'എൻമകജെ' എന്ന നോവൽ എൻഡോസൾഫാൻ എന്ന വിഷമഴ സൃഷ്ടിച്ച പാരിസ്ഥിതിക പ്രശ്നങ്ങളെയും ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും വ്യക്തമായി പറയുന്നു. സുഗതകുമാരിയുടെ വാക്കുകൾ കടമെടുത്താൽ "ഈ നോവലിൽ എല്ലാമുണ്ട്. സമൂഹത്തിന്റെ എല്ലാ വിധത്തിലുള്ള മാലിന്യങ്ങളും ദുർഗന്ധങ്ങളും ദു:ഖങ്ങളും പാപങ്ങളും സഹിക്കാനാകില്ല. മറ്റെല്ലാം സഹിക്കാം. കുഞ്ഞുങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാട് ഒരു സമൂഹത്തിന് എങ്ങനെയാണ് കണ്ടിട്ടും കണ്ടി ല്ലെന്നു നടിക്കാൻ കഴിയുക? തല വലുതായി ദേഹം വലിച്ചുകിടക്കുന്ന വികൃ തരൂപങ്ങൾ, ദേഹം മുഴുവൻ പുണ്ണുപിടിച്ചവർ, ബുദ്ധിമാന്ദ്യമുള്ളവർ, നാവ് പുറ ത്തായവർ, ഇഴഞ്ഞുനടക്കുന്നവർ, ദേഹം തളർന്നുകിടക്കുന്നവർ, കുഞ്ഞിലേ നരച്ച മുടിയുമായി മരിക്കുന്ന കുഞ്ഞുങ്ങൾ. ഈ വിധത്തിലുള്ള കുഞ്ഞുങ്ങൾ ഒരു സ്ഥലത്ത് എന്തുകൊണ്ട് ഇത്രയധികം ഉണ്ടാകുന്നു എന്ന് ആലോചിക്കാനും വേദനിക്കാനും അതിനുവേണ്ടി എന്തെങ്കിലും പ്രവർത്തിക്കാനും കഴിയാത്ത ഒരു സമൂഹം. നമുക്കൊരുപാടു വിദ്യാഭ്യാസമുണ്ട്. നൂറുശതമാനം സാക്ഷരത യുണ്ട്. നമ്മൾ എന്തൊക്കെയാണെന്നു ഭാവിച്ചിട്ട് ഒരർത്ഥവുമില്ല. ആത്മഹത്യ യിൽ മലയാളികൾ മുന്നിലാണെന്ന് പറയുന്നപോലെ പരഹത്യയിലും നമ്മൾ മുൻപന്തിയിലാണ്. സമ്പൂർണ്ണമായൊരു ഹൃദയശൂന്യതയാണ് നമ്മുടേത്. ഈ വിഷം, എൻഡോസൾഫാൻ ഇവിടെ നിരോധിച്ചിരിക്കുകയാണ്. സർക്കാരിന്റെ യോഗ്യതകൊണ്ടല്ല നാട്ടുകാരുടെ നിരന്തരമായ പ്രതിഷേധസമരംകൊണ്ടാണ്. രണ്ടുതവണ ഞാനവിടെ പോയിട്ടുണ്ട്. ഒരു തവണ എഴുതിയിട്ടുണ്ട്. ഞങ്ങൾക്കൊക്കെ ഇവിടെയിരുന്ന് വളരെക്കുറച്ചേ ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ എന്ന് അപരാധബോധത്തോടെ മനസ്സിലാക്കുന്നു. എങ്കിലും ഞാൻ ആലോചിക്കുന്നത് അമ്പതുവർഷം, നൂറുവർഷം കഴിഞ്ഞാലും ഈ വിഷം ആ മണ്ണ് വിട്ടുപോകു ന്നില്ലല്ലോ. എങ്ങനെയാണ് അത് വിശദീകരിക്കേണ്ടത്? എത്ര തലമുറകളെ ഇത്

ബാധിക്കും? മാവൂരിൽ ജനിക്കുന്ന കുട്ടികൾക്ക് ക്യാൻസർ എന്നുപറഞ്ഞപോലെ വൻകിട മുതലാളിമാർക്ക് പണമുണ്ടാക്കാൻവേണ്ടി വിഷവസ്തുക്കൾ ഇങ്ങനെ നിർമ്മിക്കാൻ, ഉപയോഗിക്കാൻ അനുവദിക്കുന്ന ഇവിടത്തെ സർക്കാരും പൊല്യൂഷൻ കൺട്രോൾ ബോർഡും ഇവിടത്തെ ഡിപ്പാർട്ടുമെന്റുകളും രാഷ്ട്രീയനേതാക്കളും എല്ലാവരും എത്ര നൂറ്റാണ്ടുകളുടെ കണ്ണുനീരാണ് ക്ഷണിച്ചുവരുത്തുന്നത്. കണ്ണുനീർ ഇങ്ങനെ ഒഴുകുകയാണ്. അവസാനമില്ലാത്ത ഒഴുക്കാണ്."[1]

**നോവലിന്റെ ഭൂപരിസരം**

1984 ൽ നിലവിൽവന്ന കേരളത്തിന്റെ വടക്കൻജില്ലയായ കാസർകോഡിലെ 38 ഗ്രാമപഞ്ചായത്തുകളിൽപ്പെട്ട ഒരു ഗ്രാമപഞ്ചായത്തിന്റെ പേരാണ് എൻമകജെ. "കേരളത്തിൽ ഏറ്റവും അവസാനം രൂപം കൊണ്ട ജില്ലയായ കാസർകോഡ്, സംസ്ഥാനത്തിന്റെ വടക്കേ അറ്റത്താണ് സ്ഥിതിചെയ്യുന്നത്. കന്നട ഭാഷയുടെയും സംസ്കാരത്തിന്റെയും സ്വാധീനം ഈ ജില്ലയുടെ വടക്കൻപ്രദേശങ്ങളിൽ ദൃശ്യമാണ്. തെക്ക് കണ്ണൂർജില്ലയും കിഴക്കും വടക്കും കർണാടകവും പടിഞ്ഞാറ് അറബിക്കടലുമാണ് അതിർത്തികൾ. ദൈവങ്ങളുടെ നാട് എന്നൊരു വിളിപേരും കാസർകോഡ് ജില്ലയ്ക്കുണ്ട്."[2] "ബ്രിട്ടീഷ് ഭരണത്തിൽ ദക്ഷിണകന്നഡ ജില്ലയിലെ ബേക്കൽ താലൂക്കിലാണ് കാസർകോഡ് ഉൾപ്പെട്ടിരുന്നത്. ബോംബെ പ്രസിഡൻസിയിലായി വന്നതും ജില്ലാ 1862 ൽ മദ്രാസ് പ്രസിഡൻസിയിൽ ഉൾപ്പെടുത്തി. അതോടൊപ്പം കാസർകോഡ് താലൂക്ക് രൂപവത്ക്കരിച്ചു. കേരള പിറവിയോടെ കാസർകോഡ് കേരള സംസ്ഥാനത്തിന്റെ ഭാഗമായി. 1957 ൽ ഈ താലൂക്കിലെ കാസർകോഡ്, ഹോസ്ദുർഗ് എന്നിങ്ങനെ രണ്ടായി വിഭജിച്ചു. കണ്ണൂർ ജില്ലയിൽ ഉൾപ്പെട്ടിരുന്ന ഈ താലൂക്കുകളെ ഉൾപ്പെടുത്തി 1984-ലാണ് കാസർകോഡ് ജില്ല രൂപവത്കരിച്ചത്."[3]

ഏറ്റവും കൂടുതൽ പുഴകൾ ഒഴുകുന്ന ഈ നാട്ടിലാണ് ശരിയായ മുൻകരുതലുകൾ ഒന്നും തന്നെ എടുക്കാതെ ഏരിയൽ സ്പ്രേ നടത്തിയതും ഒരു ജനവിഭാഗത്തെ മുഴുവൻ കണ്ണീരിലാഴ്ത്തിയതും.

മലയാള നോവൽ ചരിത്രത്തിൽ തികച്ചും വ്യത്യസ്തമായ ഒരു രചനാ ശൈലിയാണ് 'എൻഡോസൾഫാൻ' എന്ന കൊടിയ വിഷത്തിന്റെ ദുരിതപൂർണമായ പശ്ചാത്തലത്തിൽ എഴുതപ്പെട്ട 'എൻമകജെ' എന്ന നോവൽ. കാസർകോഡ് ജില്ലയിലെ എൻമകജെ എന്ന ഗ്രാമത്തെ എൻഡോസൾഫാൻ കശക്കിയെറിഞ്ഞ കഥയാണ് ശ്രീ അംബികാസുതൻ മാങ്ങാട് ഗ്രാമത്തിന്റെ പേര് തന്നെ തലക്കെട്ടായി കൊടുത്ത 'എൻമകജെ' എന്ന നോവൽ ചിത്രീകരിക്കുന്നത്. എൻമകജെ എന്നാൽ എട്ട് സംസ്കാരങ്ങളുടെ, എട്ടുഭാഷകളുടെ ഇടം എന്നാണ് അർത്ഥം. പൗരാണികകാലം മുതൽ വളരെ കൃത്യമായി പറഞ്ഞാൽ രണ്ടായിരാമാണ്ടിനു മുമ്പുള്ള ചരിത്രവും സംസ്കാരവും ആണ് ഈ നോവൽ ശക്തമായി വരച്ചുകാട്ടുന്നതെങ്കിലും ഈ നോവൽ മുന്നോട്ടുവെയ്ക്കുന്ന സാമൂഹികയാഥാർത്ഥ്യങ്ങൾ സമകാലിക സംസ്കാരത്തിലും ഏറെ പ്രസക്തമാണ്.

അധികാരവും അത്യാഗ്രഹവും മുഖമുദ്രയായി തീർന്ന ലോകത്ത് നിന്ന് കാടിന്റെ നന്മയിലേക്കും ഗുഹാജീവിതത്തിന്റെ ഏകാന്തതയിലേക്കും സുരക്ഷിതത്വത്തിലേക്കും മടങ്ങുന്ന ഈ നോവലിലെ കേന്ദ്രകഥാപാത്രങ്ങൾ അധികാരവെറികളെയും ദുരമൂത്ത സാമൂഹികവ്യവസ്ഥിതിയെയും എതിർത്ത് പ്രകൃതിയിലേക്ക് മടങ്ങുന്നവരാണ്. നോവലിലുടനീളം മുഴങ്ങുന്നത് ഇവരുടെ നിശ്ശബ്ദമായ പ്രഖ്യാപനമാണ്. അത് ഇപ്രകാരമാണ്. 'എല്ലാവർക്കും കേൾക്കണം എനിക്ക് പറയാനുണ്ട് പ്രധാനപ്പെട്ട ചില കാര്യങ്ങൾ' സ്ത്രീയും പുരുഷനും മാത്രമല്ല സർവ്വചരാചരങ്ങളും ശ്രദ്ധാലുക്കളായി.' നോവലിന്റെ അവസാനഭാ

ഗത്ത് ഇങ്ങനെ എഴുതിവെയ്ക്കുന്ന നോവലിസ്റ്റിനും പറയാനുള്ളത് എല്ലാവരും കേൾക്കാനും അറിയാനുമുള്ള ചില കാര്യങ്ങളാണ്. പൊള്ളിക്കുന്ന വാക്കുകളിലൂടെ കുറിച്ചിട്ട ചില വെളിപ്പെടുത്തലുകൾ.

കാടിന്റെ നന്മയിലേക്ക് മടങ്ങിയവരെ അവിടെയും സമാധാനചിത്തരായി കഴിയാൻ കാലം അനുവദിക്കുന്നില്ല. അവർ കാലഘട്ടത്തിന്റെ പ്രശ്നങ്ങളിലേക്ക് ഇറങ്ങുന്നു. സമൂഹത്തിന്റെ മാലിന്യങ്ങളിലേക്കും ദുർഗന്ധങ്ങളിലേക്കും ഇറങ്ങാനുള്ള ആർജവത്വം അവർ കാടിന്റെ നന്മയിൽ നിന്നാണ് സ്വീകരിച്ചത്. വികൃതരൂപികളായ കുഞ്ഞുങ്ങളുടെ ജനനം ജടാധാരി എന്ന ദേവന്റെ കോപമാണെന്ന് തെറ്റിദ്ധരിച്ച ഒരു സമൂഹത്തിന്റെ മുന്നിലേക്കാണ് അവർ എത്തിപ്പെടുന്നത്.

പ്രകൃതി നിയമങ്ങളെ കണക്കിലെടുക്കാത്ത, എല്ലാ ആവാസവ്യവസ്ഥകളെയും തകർക്കുന്ന മനുഷ്യന്റെ മുന്നിലേക്ക് പൊട്ടിയൊഴുകിയ കേരളത്തിന്റെ ഒരു മുറിവാണ് അല്ലെങ്കിൽ തീരാത്ത വേദനയാണ് കാസർക്കോഡ് ജില്ലയിലെ എൻമകജെ എന്ന ഗ്രാമം. തുളു, കന്നഡ, ഉർദു, കൊങ്കിണി, മറാത്തി, ബ്യാരി, അറബി, മലയാളം എന്നീ ഭാഷകളുടെ സമ്മേളനഭൂമിയായ എൻമകജെ എന്ന ഗ്രാമം ഭാഷാവൈവിധ്യത്തിന്റെ പേരിലോ വിവിധ സംസ്കാരങ്ങളുടെ സംഗമഭൂമി എന്ന രീതിയിലോ അല്ല ഇന്ന് അറിയപ്പെടുന്നത്. മറിച്ച് വിനാശകാരിയായ ഒരു ഉഗ്രവിഷത്തിന്റെ പേരിലാണ് ഈ ഗ്രാമം ഇന്ന് അറിയപ്പെടുന്നത്. അഷ്ടസംസ്കൃതിയുടെ കഥപറയേണ്ട ഗ്രാമം അഷ്ടദു:ഖങ്ങളുടെ കഥ പറയുന്നു. വരദാനമായി ലഭിച്ച കാറ്റും വെളിച്ചവും വെള്ളവും കാത്തുസൂക്ഷിക്കാൻ നൽകുന്ന പ്രകൃതി നൽകുന്ന ഒരോർമ്മക്കുറിപ്പുകൂടിയാണ് ഈ നോവൽ. പ്ലാന്റേഷൻ കോർപ്പറേഷന്റെ നിരുത്തരവാദിത്വപൂർണമായ പെരുമാററമാണ് ഒരു ഗ്രാമത്തിന്റെ മുഴുവൻ നന്മകളെയും ഒന്നടങ്കം തച്ചുടച്ചത്. കീടനാശിനി ദുരന്ത

ത്തിന്റെ ഇരകളായവർ അനുഭവിക്കുന്ന ദുരിതപൂർണമായ ജീവിതം വരച്ചുകാണിക്കുന്നതിൽ നോവലിസ്റ്റ് വിജയിച്ചിരിക്കുന്നു.

എൻമകജെ ഗ്രാമത്തിൽ നിന്ന് നഷ്ടപ്പെട്ട അഷ്ടസൗഭാഗ്യങ്ങളെ കണ്ടെത്തി അടയാളപ്പെടുത്താനുള്ള ഒരു ശ്രമവും എൻമകജെയുടെ അഷ്ടദു:ഖങ്ങൾ രേഖപ്പെടുത്താനുള്ള ഒരു പിടച്ചിലും നോവലിൽ കാണാം. അഷ്ടസംസ്കൃതിയുടെ കഥ പറയേണ്ട ഗ്രാമം ഇന്ന് കുറിച്ചിടുന്നത് നഷ്ടങ്ങളുടെ വേദനിപ്പിക്കുന്ന അനുഭവങ്ങളാണ് - നഷ്ടങ്ങൾ എന്നാൽ വിഷമയമായ ജലസ്രോതസ്സുകൾ, നഷ്ടമായ സത്യപടികൾ, മണ്ണിന്റെ അവസ്ഥാന്തരങ്ങൾ, തകർന്നുപോയ ആവാസവ്യവസ്ഥ, ഇല്ലായ്മചെയ്യപ്പെട്ട പ്രകൃതിസമ്പത്ത്, വികലമാക്കപ്പെട്ട ജന്മങ്ങൾ, കൈമോശം വന്ന ജൈവസമ്പത്ത്, മറന്നുപോയ ധാർമ്മികത എന്നിങ്ങനെയാണ്.

**വിഷമയമായ ജലസ്രോതസ്സുകൾ**

"എൻമകജെയുടെ മുഖ്യമായ സവിശേഷത എന്തന്ന്? ഭൂതവും നാഗവും ഭാഷാ ഡൈവേഴ്സിറ്റിയുമെല്ലാം രണ്ടും മൂന്നും നാലും. ഒന്നാമത്തേത് എന്തന്ന്?

നീലകണ്ഠൻ അറിയില്ലെന്ന് തലയാട്ടി

സ്വന്തമായ കണ്ടുപിടുത്തം അവതരിപ്പിക്കുന്നതിന്റെ ആഹ്ലാദത്തോടെ ശ്രീരാമ വെളിപ്പെടുത്തി.

അദ്, ഈ നാട്ടിന്റെ ജലസമൃദ്ധിയാന്ന്. എൻമകജെ കിണറുകളില്ലാത്ത നാടാണ്. സ്വർഗ്ഗത്തിലെ - പെഡ്രെവില്ലേജിലെ - മാത്രം ആയിരത്തിലധികം സുരങ്കങ്ങളുണ്ട്. ഏതുകാലത്തും വീട്ടിന് മുന്നിലേക്ക് വെള്ളം ഒഴ്കി വെരും. ഇദ് മാത്രമല്ല, ചാലുകൾപോലെയുള്ള വാട്ടർബോഡീസ് ആയിരക്കണക്കിന്

വേറെയ്ണ്ട്. അത്കൊണ്ടാണ് ഈ നാട് സ്വർഗ ആയത്. വെള്ളത്തിന്റെ കരയി ലാന്ന് പണ്ടെല്ലാം മനുഷ്യൻ താമസിച്ചത്"[4]

"ഈ ജലസമൃദ്ധിയാന്ന് അനുഗ്രഹമാന്ന് ഈ നാട്ടിനെ സ്വർഗ ആക്കി യത്. ഇദ് തന്നെ ഇപ്പൊ ഈ നാട്ടിനെ നരകമാക്ക്ന്നതും."[5]

കേരളത്തിലെ ഏറ്റവും വലിയ ജൈവസമ്പത്തായി കരുതുന്ന കാസർക്കോഡ് ജില്ലയിലെ അയ്യായിരത്തിലധികം ഹെക്ടർ ഭൂമിയിൽ എൻഡോ സൾഫാൻ വിതച്ച് ഭീകര ദുരന്തമാണ് ഈ നോവലിന്റെ കഥാതന്തു. പൊടിപ്പും തൊങ്ങലും മറ്റലങ്കാരങ്ങളും ഒക്കെ മാറ്റിവെച്ച് ഭാഷയുടെയും അനുഭവ ത്തിന്റെയും നേർരേഖാചിത്രം അതാണ് അംബികാസുതൻ മാങ്ങാടിന്റെ 'എൻ മകജെ' എന്ന നോവൽ.

"കാവിനെ വലംവയ്ക്കുമ്പോൾ അന്നാദ്യമായി നീലകണ്ഠൻ ഒരു കാഴ്ച കണ്ടു. കരിയിലത്തട്ടിനും വേരുകൾക്കുമിടയിലൂടെ, വലിയൊരു കിണ്ടി യിൽനിന്നും വെള്ളം ഒഴുകുന്നവിധം കാവിൽ നിന്നു പുറത്തേക്കൊരു നീരോട്ടം. ശിവന്റെ ജടയിൽ നിന്നും പുറപ്പെടുന്ന ഗംഗപോലെ. നല്ല തെളിഞ്ഞ വെള്ളം. കൈക്കുമ്പിളിൽ കോരിയെടുത്ത് ഇരുവരും വയർ നിറയെ കുടിച്ചു."[6] എൻമ കജെയിലെ ഈ ജലസമ്പത്താണ് ഈ ഗ്രാമത്തിൽ ഇത്രയേറെ ദുരന്തം വിത ച്ചത്. കാരണം മുപ്പത് വർഷത്തോളമായി ഹെലികോപ്ടർ വഴി ആകാശത്ത് തെളിക്കുന്ന വിഷം ഇവിടുത്തെ ജലസമൃദ്ധിയിൽ വീഴുന്നു. ശ്രീരാമയുടെ ഭാഷയിൽ പറഞ്ഞാൽ "കിണറായിര്ന്നെങ്കി മൂടാമായിര്ന്നു. മലയില് വീഴുന്ന വെഷമെല്ലാം താന്നിറ്റ് സുരങ്കത്തിലൂടെ ഒഴുകിവന്ന് എത്ത്ന്ന്ത് മുറ്റത്ത്. അതാ ഈ നാട്ടില് ഇത്ര ജാസ്തി രോഗികള്."[7] തുരങ്കങ്ങളുടെ നാടായിരുന്നു എൻമ കജെ. തുരങ്കങ്ങളിലൂടെ ഒഴുകിയെത്തിയ വെള്ളമായിരുന്നു ഈ നാടിന്റെയും നാട്ടാരുടെയും ഐശ്വര്യവും സമൃദ്ധിയും. ഇതാണ് ഈ നാടിനെ സ്വർഗമാക്കി

യത്. ഇവിടെ ആരും കിണർ കുഴിച്ചിരുന്നില്ല. കാരണം സുരംഗങ്ങളിലൂടെ (തുരങ്കങ്ങളിലൂടെ) ശുദ്ധമായ വെള്ളം ഒരു ജനതയെ തേടിയെത്തി. ഇപ്പോൾ ഈ വെള്ളത്തിലൂടെ രോഗവും ദുരിതവും ഇവരെ തേടിയെത്തുന്നു.

“വീടിന്റെ വലതുവശത്ത് മറ്റൊരു അത്ഭുതക്കാഴ്ച കാത്തിരിക്കുന്നുണ്ടായിരുന്നു. പത്തടി നീളവും വീതിയുമുള്ള ഒരു കുളം. വെള്ളം നിറഞ്ഞ് പുറത്തേക്ക് ഒഴുകുന്നുണ്ട്. കുഴിച്ചുണ്ടാക്കിയ കുളമല്ല. തറയിൽ നിന്നും മുകളിലേക്ക് കെട്ടിപ്പൊക്കിയതാണ്. വീടിനുപിന്നിലുള്ള തുരങ്കത്തിൽ നിന്നും ഒഴുകി വരുന്ന വെള്ളം വന്നുവീഴുന്നത് കുളത്തിലാണ്. വേനൽക്കാലത്തും മുറ്റത്തേക്ക് വെള്ളം ഒഴുകിവന്നുകൊണ്ടിരിക്കും.

അന്ന് പഞ്ചി പറഞ്ഞത് അയാൾ ഓർമിച്ചു. എൻമകജെ കിണറുകളില്ലാത്ത നാടാണ്. എല്ലാ വീടുകളോടും ചേർന്ന് മല തുരന്നുണ്ടാക്കിയ ഒന്നോ രണ്ടോ തുരങ്കങ്ങളുണ്ടായിരിക്കും. സുരങ്കം എന്നാണ് ഇവിടെ എല്ലാവരും പറയുക.”[8]

**കൈമോശം വന്ന സംസ്കാരം**

“ഇത്ര അധികം ഭാഷകളും ജാതികളും താമസിക്ക്ന്ന മറ്റൊരു നാട് കേരളത്തില്ണ്ടാവില്ല. തുളുതന്നെ ഇവ്ടെ മൂന്നുനാലു തരത്തില്ണ്ട്. കൊങ്കിണി മൂന്നുതരത്തില് മിണ്ട്ന്നവര്ണ്ട്. പിന്നെ മറാഠി, ബ്യാരി, അറബി, ഉർദു, കന്നട, മലയാളം - ഇത്ര ഡൈവേർസിറ്റി ലോകത്തിൽ വേറെ എവിടീം കാണില്ല... തുളു മരിച്ച ഭാഷയാന്ന് പറയും. ലിപി ഇല്ലാത്ത ഭാഷയെന്നു പറയും... അത് തെറ്റാന്ന്. എൻമകജെ പൊതുഭാഷ തുളുവാണ്. ആൾക്കാര് പലഭാഷ പറഞ്ഞാലും സഭേല് ഒന്നിച്ച് കൂട്മ്പോ പറയ്ന്നത് തുളു. ഈ നാട്ടിലെ ആദിവാസികളായ കൊറഗന്മാരും മുന്ത്യ ജാതിക്കാരായ ഹവ്യക്ക് ബ്രാഹ്മണരും വീട്ടില് മിണ്ട്ന്ന്ത് തുളുവാന്ന്. തുളുവിന് ലിപി ഉണ്ട്. തുളുരാമായണവും തുളുഭാരതവുമൊക്കെ ഉണ്ട്. എന്റെ കൈയിലും കുറെ തുളുഗ്രന്ഥങ്ങള് ഉണ്ട്.”[9]

എട്ടുദേവകളുടെ നാട് എന്നാണ് എൻമകജെ എന്നപദത്തിന്റെ മൂലാർത്ഥം. തുളുഭാഷയിൽ നിന്നുവന്ന ഈ വാക്ക് ഇന്ന് എൻഡോസൾഫാൻ എന്ന കൊടിയ വിഷത്തിന്റെ പകരക്കാരനായിരിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. 'സത്യത്തിന്റെ നാട്' എന്നറിയപ്പെട്ടിരുന്ന എൻമകജെ അസത്യത്തിന്റെ നാടായികഴിഞ്ഞുവെന്നും, 'സ്വർഗ' എന്ന് പേരിട്ട് വിളിച്ചിരുന്ന ഗ്രാമം നരകമായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്നും ലോകത്തെ അറിയിക്കാനുള്ള ഒരുശ്രമമാണ് ഈ നോവൽ. ജടാധാരി എന്ന ദൈവത്തിന്റെ കോപമാണ് തങ്ങളുടെ ദുരന്തമെന്ന് കരുതിയിരുന്നവരായിരുന്നു ഈ നാടിന്റെ മക്കൾ. എന്നാൽ പരിസ്ഥിതി പ്രവർത്തകരുടെ ഇടപെടൽകൊണ്ട് ദൈവകോപമല്ല മനുഷ്യദൈവങ്ങളുടെ അതിരുകടന്ന സ്വാർത്ഥതയാണ് ഈ അവസ്ഥയ്ക്ക് കാരണമെന്ന് അവർ മനസ്സിലാക്കി.

രോഗങ്ങൾക്ക് കാരണം ജടാധാരിയുടെ കോപമാണ് എന്ന് വിശ്വസിക്കുന്ന ഗ്രാമീണർ, ഈ അറിവിൽ നിന്ന് മുക്തി പ്രാപിച്ച് മനുഷ്യന്റെ ചില ഇടപെടലുകൾ എങ്ങനെ സംസ്കാരത്തെയും പ്രകൃതിയെയും മാറ്റിമറിക്കുന്നുവെന്ന് കണ്ടെത്തുന്നു. പണിയെടുത്ത് പ്രകൃതിയെ സ്നേഹിച്ച്, കഴിഞ്ഞിരുന്ന ഒരു ജനതയ്ക്ക് മേലാണ് വിഷമഴ പെയ്തിറങ്ങിയത്. ജടാധാരിയും ചുവന്ന പട്ടുടുത്ത തെയ്യങ്ങളും ഭാഷകളും സംസ്കാരങ്ങളും ശൂന്യതയിലേയ്ക്കും നാശത്തിലേക്കും മറഞ്ഞുപോയത് ഈ വിഷം മൂലം തന്നെ. കുന്നുകളുടെയും പുലിമടകളുടെയും കാടുകളുടെയും നാട് ഒരു ഓർമ്മമാത്രമായി ഉറങ്ങികിടക്കുന്നു. ഇത്രമാത്രം സംസ്കാരങ്ങളും ജാതികളും ഭാഷകളും മതങ്ങളും ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും അധിനിവേശചരിത്രങ്ങളും ഉള്ള മറ്റൊരു സ്ഥലമില്ല. ഇന്ന് നിശ്ശബ്ദമായ പ്രകൃതിയും നിഷ്ഫലമായ മനുഷ്യജന്മങ്ങളും ഇവിടെ നിറഞ്ഞുനിൽക്കുന്നു.

**നഷ്ടമായ സത്യപ്പടികൾ**

"ഒരു കാലത്ത് ജൈനൻമാരുടെ നാടായിരുന്നു എൻമകജെ. സന്ധ്യയാകുമ്പോഴെ അവർ ഭക്ഷണം കഴിച്ച് കിടക്കുമത്രേ. വിളക്ക് കത്തിച്ചാൽ പാറ്റകളും പ്രാണികളും വിളക്കിന്റെ തീയിൽ വന്നുവീണ് ചത്തുപോകാതിരിക്കാൻ..."[10]

"എൻമകജെ സത്യത്തിന്റെ നാടായത് ഈ മുനികുമാരൻ തപസ്സ് ചെയ്യുന്നതുകൊണ്ടാണത്രെ. തപസ്സ് മുടങ്ങിയാൽ സത്യം കുറയുമത്രെ... ഈ നാട്ടില് പലേടത്തും സത്യപ്പടികളുണ്ട്. ഇവിടെ തോട്ടിനപ്പുറത്തും ഒരുസാക്കീജാൽ ഉണ്ട്. സത്യത്തിന്റെ പതിനാറ് പടികൾ... ഞാൻ കണ്ടിട്ടില്ല. നമുക്ക് ഒരു ദിവസം അവിടെ പോകണം..."[11]

പ്രകൃതിയെയും മനുഷ്യനെയും അവനിലുള്ള നന്മകളെയും സ്വയം മറന്ന് സ്നേഹിച്ചവരാണ് 'എൻമകജെ'ക്കാർ. നോവലിൽ ഒരുപാട് പേരെ അത്തരത്തിൽ കണ്ടുമുട്ടുന്നു. "പൈസേന്നും വേണ്ടപ്പാ കേറീക്കോളീ" എന്നു പറയുന്ന ബസ് കണ്ടക്ടറും ഡോക്ടറും, ശ്രീരാമയും പഞ്ചിയും എല്ലാം ഈ നന്മയുടെ സത്യത്തിന്റെ പ്രതീകങ്ങൾ തന്നെ. എൻമകജെയിലേക്ക് കടന്നുവന്ന നീലകണ്ഠനും ദേവയാനിയും മനുഷ്യനിൽ സത്യത്തെ കണ്ടെത്തിയവർ തന്നെ. "നീ പറയുന്ന വേദാന്തത്തിന്റെ അർത്ഥമൊന്നും എനിക്കറിയില്ല. പക്ഷേ, ഒരു സത്യം എനിക്കറിയാം. നീയാണെന്നെ രക്ഷിച്ചത്. ചോരവാർന്ന് മരിക്കാൻ കിടന്ന എന്നെ ഉടപ്പിറന്നവനേക്കാൾ സ്നേഹത്തോടെ ശുശ്രൂഷിച്ചതും നീയാണ്... നീയാണെന്റെ സത്യം. നീയാണെന്റെ ദൈവം"[12] എന്ന് പറയുന്ന ദേവയാനി സത്യം മനുഷ്യനിലുള്ള നന്മയാണെന്ന് തെളിയിക്കുന്നു.

“അവിടെ ഒറ്റ മുറിയുള്ള ചെറിയ ആരാധനലായം. വാതിൽപ്പടിയിൽ ഒരു ഭണ്ഡാരം. പരന്ന പാത്രത്തിലും ചുറ്റും ചിതറിയ ഭസ്മം. അകത്ത് കുറത്തിയും ഗുളികനുമാണ് ഭൂതങ്ങൾ. മൂന്നുകൊല്ലത്തിലൊരിക്കൽ ഭൂതാട്ടമുണ്ട്. നിറയെ പുല്ലുകൾ വളർന്ന ചെറിയൊരു മുറ്റം. നടയുടെ നേരെ മുന്നിൽ, മുറ്റത്തിനു വെളിയിൽ കാലപ്പഴക്കമേറിയ കൽപടവ് ചൂണ്ടി കാണിച്ച് സുബ്ബനായിക്ക് പറഞ്ഞു:

ഇതാണ് സത്യപ്പടി.

ഒരു കാലത്ത് നാട്ടിലെ വലിയ തർക്കങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കിയ വിശുദ്ധസ്ഥലം. ഈ പടിയിൽ കയറിനിന്ന് അസത്യം പറഞ്ഞാൽ തിരികെ ജീവനോടെ പടികളിറങ്ങില്ല.”[13]

“ഒറ്റനോട്ടത്തിൽ നീലകണ്ഠന് ബോദ്ധ്യമായി. സത്യപ്പടികൾ തകർത്തി ട്ടാണ് തോടിനെ വഴിമാറ്റി ഒഴുക്കിയിരിക്കുന്നത്.

ആരാണ് തകർത്തത്?

എന്തിനായിരിക്കും?

ഏതുകാലത്തായിരിക്കും?

എല്ലാം ചരിത്രത്തിലെ ദുരൂഹതകളായി അവശേഷിക്കുന്നു. ഉത്തരമി ല്ലാത്ത ചോദ്യങ്ങളായി.

എന്നാൽ ഒരു സത്യം മറവില്ലാതെ കൺമുന്നിലുണ്ട് - വേദനിപ്പിക്കുന്ന സത്യം. എൻമകജയിലെ സത്യത്തിന്റെ ആരൂഢസ്ഥാനം അവശേഷിക്കുന്നില്ല. ഇനി ആർക്കും പടികളിലൂടെ കയറിപ്പോയി സത്യത്തിനു മുമ്പിൽ കുമ്പിടാനാ വില്ല.”[14]

**മണ്ണിന്റെ അവസ്ഥാന്തരങ്ങൾ**

"മലയെ ചുറ്റിയൊഴുകി വരുന്ന തോടിന്റെ മറുകരയിലെല്ലാം കവുങ്ങിൻ തോട്ടങ്ങളാണ്. തോട്ടിൻകരയിൽ കാണാവുന്നിടത്തോളം ചെമ്പരത്തിച്ചെടിയുടെ കരിമ്പച്ചവേലികൾ. ആദ്യമായി ഗ്രാമത്തിലേക്ക് വന്നപ്പോഴും കഴിഞ്ഞ ദിവസങ്ങളിൽ തോട്ടങ്ങളിലൂടെ വെറുതെ നടന്നപ്പോഴും ചെമ്പരത്തിച്ചെടികൾ വെട്ടിയൊതുക്കിയുണ്ടാക്കിയ വേലികൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. മുള്ളുവേലികൾ എങ്ങും കണ്ടതായി നീലകണ്ഠന് ഓർമ്മ വന്നില്ല. ഇത് എൻമകജെയുടെ മാത്രം സവിശേഷതയാണ്. മുള്ളുകളില്ലാത്ത, എപ്പോഴും പുഷ്പിക്കുന്ന അതിർത്തികൾ. യാത്രികനെ മുള്ളുകൾക്കൊണ്ട് കയറിപ്പിടിക്കുകയില്ല. അപരിചിതനാണെങ്കിലും വിടർന്ന പൂച്ചിരികൾകൊണ്ട് സ്വാഗതം ചെയ്യും"[15]

എന്നാൽ ഇന്ന് വിടർന്ന പൂച്ചിരികൾക്കൊണ്ടുള്ള സ്വാഗതം മറഞ്ഞുപോയിരിക്കുന്നു. കേന്ദ്രകഥാപാത്രമായ നീലകണ്ഠൻ തന്റെ അജ്ഞാതവാസത്തിനുശേഷം എൻമകജെ എന്ന ഗ്രാമത്തിന്റെ നഷ്ടപ്പെട്ട സമൃദ്ധിയിലേക്കും നന്മയിലേക്കും ഇറങ്ങുന്ന സന്ദർഭത്തിൽ മണ്ണിനെ പരിശോധിക്കാനൊരുമ്പെടുന്ന ഒരു രംഗമുണ്ട്. നീലകണ്ഠന്റെ ആധിയും വ്യാധിയും നോവലിസ്റ്റ് കുറിക്കുന്നത് ഇങ്ങനെയാണ്. "മണ്ണിൽ വെറുതെ കുഴിച്ച് നോക്കിയാലോ? മണ്ണിരയെങ്കിലും ഉണ്ടാവാതിരിക്കില്ല. നനവുള്ള മണ്ണ് മാന്താൻ നീലകണ്ഠൻ കുന്തിച്ചിരുന്നു. മണ്ണിലേക്ക് നീണ്ട കൈപ്പത്തികൾ അയാൾ പിൻവലിച്ചു. ഒരു മണ്ണിരയെപ്പോലും കണ്ടെത്താനായില്ലെങ്കിലോ? എണീറ്റ് ഭയത്തോടെ ചുറ്റും നോക്കി. ശാഖകളില്ലാതെ കുത്തനെ വളരുന്ന കവുങ്ങുകൾ. ഒട്ടും ചായ്‌വുകളില്ലാതെ, പാരസ്പര്യങ്ങളില്ലാതെ തുള്ളി വളവുകൾപോലുമില്ലാതെ... അവസാനിക്കാത്ത കോപ്പിവരകൾപോലെ എങ്ങും ഒരേ നിർവികാരത. എന്തൊരു മാരകമായ നിശ്ശബ്ദതയാണ്."[16]

സർക്കാർ സ്വന്തം തോട്ടത്തിൽ സ്വന്തം മരങ്ങളെ സംരക്ഷിക്കാനായി തളിച്ച വിഷം മറ്റു ചെടികളെയും മണ്ണിനെയും എങ്ങനെ ബാധിച്ചു എന്ന് നോക്കാതെയുള്ള പ്രവർത്തനങ്ങൾ പ്രകൃതിയെയും സംസ്കൃതിയെയും നശിപ്പിച്ചു. മണ്ണിനെ ഊഷരമാക്കി, ജലത്തെ മലിനമാക്കി സർവ്വജീവജാലങ്ങളും രോഗം വരുത്തിയ ഈ കീടനാശിനി സർവ്വസംഹാരിയായ കാഴ്ചയാണ് നോവൽ വിവരിക്കുന്നത്.

അധിനിവേശത്തിന്റെ ഒരു മുൻകാല ചരിത്രം എൻമകജെയ്ക്കുണ്ടായിരുന്നു. ആദിവാസി സമൂഹത്തെ കീഴടക്കിയ ശീവൊള്ളി ബ്രാഹ്മണർ, മേലാളന്റെ അഹങ്കാരത്തോടെ ആദിവാസിദേവന്മാരെയും കുടിയിറക്കി. ശീവൊള്ളി ബ്രാഹ്മണർക്ക് ശേഷമുണ്ടായ കേരളം പ്ലാന്റേഷൻ കോർപ്പറേഷന്റെ അധിനിവേശം ആ പ്രദേശത്തെ കൃഷിഭൂമിയെ ഒന്നടങ്കം പറങ്കിമാവിൽ തോട്ടങ്ങളാക്കി മാറ്റിയതും അതിനെ സംരക്ഷിക്കാൻ കീടനാശിനിയുടെ സമൃദ്ധമായ ഉപയോഗവും എൻമകജെയുടെ ആവാസവ്യവസ്ഥയെ തന്നെ തകർത്തുകളഞ്ഞു. കശുമാവിൻതോട്ടത്തിലെ തേയില കൊതുകിനെ നശിപ്പിക്കാൻ ചെയ്ത വിഷമരുന്നുപയോഗം തേനീച്ചയെയും പുഴുക്കളെയും പൂമ്പാറ്റകളെയും മത്സ്യങ്ങളെയും തവളകളെയും സർപ്പങ്ങളെയും എല്ലാം ഇല്ലായ്മചെയ്തു. മണ്ണും ജലവും വിഷമയമായി. ജീവന്റെ നിലനിൽപിന് ആവശ്യമായ പരസ്പരാശ്രിതത്വത്തിന്റെ ചങ്ങലക്കണ്ണികളെ തകർത്തെറിഞ്ഞ ഈ വിഷമഴ വലിയ ഒരു പാരിസ്ഥിതിക ദുരന്തത്തിന് കാരണമായി.

**ഇല്ലായ്മ ചെയ്യപ്പെട്ട പ്രകൃതി വിഭവങ്ങൾ**

"തോട്ടിൻകരയിലൂടെ നടക്കുമ്പോൾ താഴെ നിശ്ശബ്ദം ഒഴുകുന്ന വെള്ളത്തിലേക്ക് നോക്കി പഞ്ചി വാചാലനായി.

ഈല് നെറയെ മീന്ണ്ടാര്ന്ന് പണ്ട്. ന്റെ അപ്പൻ വയറ്റില് സീക്കായ് വര്ന്ന പ്പ്യോട് ഈ വെള്ളം മൂന്ന് നാല് കാലം കുടിക്കാമ്പറയും. ചൊറി പിടിച്ചപ്പ്യോളോട് മൂന്ന് നാള് മുങ്ങിക്കുളിക്കാമ്പറയും. എല്ലാ സീക്കും മാറിപ്പോയിന്. ഈപ്പോഞാമ്പറയലില്ല, കുടിക്കാനും, കുളിക്കാനും. മീനും തവളീം മൊളക്കാത്ത വെള്ളല്ലേ"[17]

ചെടികളെയോ, ജന്തുജാലങ്ങളെയോ, വംശനാശത്തിലേക്ക് തള്ളിവിടാൻ മനുഷ്യന് അധികാരമില്ല. അവകാശമില്ല. സകലമൃഗജാലങ്ങളെയും സസ്യജാലങ്ങളെയും സംരക്ഷിക്കാനുള്ള ദൗത്യമാണ് അവനിൽ നിക്ഷിപ്തമായിരിക്കുന്നത്. സമ്പത്ത് യഥാർത്ഥത്തിൽ പ്രകൃതിയാണെന്ന സത്യം മറന്നുപോകുന്നവരാണ് പ്രകൃതിവിഭവങ്ങളെ നശിപ്പിക്കുന്നത്. പൂവും കനിയും, പൂമ്പാറ്റയും പാമ്പുകളും തേളുകളും അവരവരുടേതായ തനിമയിൽ സ്വച്ഛന്ദം വിഹരിക്കുമ്പോഴാണ് ഈ പാരിസ്ഥിതിക താളം നിലനിൽക്കുക, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കപ്പെടുക. നോവലിൽ നിറഞ്ഞു നിൽക്കുന്ന ശ്ലോകം മനുഷ്യമനസ്സുകളിൽ അലയടിക്കേണ്ട ഒന്നാണ്.

'ദശപുത്രോ സമോവാപി
ദശവാപീ സമോഹൃത:
ദശഹൃത: സമോ മാതാ
ദശമാതൃ സമ ദാരു:'

അതായത് പത്തു പുത്രന്മാർക്ക് സമമാണ് ഒരു കുളം. പത്തുകുളങ്ങൾക്ക് തുല്യമാണ് ഒരു തടാകം. പത്തു തടാകങ്ങൾക്ക് തുല്യമാണ് അമ്മ. പത്ത് അമ്മമാർക്ക് തുല്യമാണ് ഒരു വൃക്ഷം. ഇനി കണക്കു കൂട്ടി നോക്കൂ. പതിനായിരം പുതന്മാർക്ക് സമമാണ് ഒരു വൃക്ഷമെന്ന കാഴ്ചപ്പാട് എത്രയോ മനോഹരമായ ഒരു പാരിസ്ഥിതിക ചിന്തയാണ്.

ഓരോ ജീവിക്കും അതിന്റേതായ ജൈവധർമ്മമുണ്ട്. പ്രത്യക്ഷത്തിൽ ഉപദ്രവം എന്ന് ചിന്തിക്കുന്നവകൂടി പരോക്ഷമായി മനുഷ്യന് നന്മ ചെയ്യുന്നവയാണ്. അതിനാൽ തന്നെ ഒന്നിനെയും ഇല്ലായ്മ ചെയ്യാൻ മനുഷ്യന് അവകാശമില്ല. പൂക്കുലകളിൽ പൂന്തേൻ ഇല്ലാത്തതും ഷഡ്പദങ്ങൾ അപ്രത്യക്ഷമാകുന്നതും, ചെടികൾ ഇല്ലാതാകുന്നതും ജന്തുജാലങ്ങൾ വംശനാശം വന്ന് നശിച്ച് പോകുന്നതും മനുഷ്യന്റെ പ്രകൃതിയുടെ മേലുള്ള കടന്നുകയറ്റത്തിന്റെ പരിണിതഫലമാകുമ്പോൾ അതിനെതിരെ അണി നിരക്കുവാൻ സകല സൃഷ്ടപ്രപഞ്ചത്തിനും അവകാശമുണ്ട്.

**വികലമാക്കപ്പെട്ട മനുഷ്യജന്മങ്ങൾ**

“ഇപ്പോൾ ചുറ്റുമുള്ള വീട്ടിലെല്ലാം വിചിത്രശിശുക്കളാണ്. തല വലുതാകുന്ന കുട്ടികൾ... നാവ് വലുതാകുന്ന കുട്ടികൾ... എനിക്കൊന്നും മനസ്സിലാകുന്നില്ല. ജടാധാരിയുടെ കോപമാണെന്ന് എല്ലാവരും സമാധാനിക്കുന്നു. ഇല്ല. എനിക്കുറപ്പുണ്ട്. ഒരു ദൈവവും കുഞ്ഞുങ്ങളോട് ഇങ്ങനെ കോപിക്കില്ല.”[18]

നിലത്ത് കീറിയ പുൽപ്പായയിൽ ആ പെൺകുട്ടി കിടക്കുന്നുണ്ടായിരുന്നു. വിചിത്രമായ ഉടലോടെ... ശരീരത്തേക്കാൾ വലിയ തല, വളരെ ചെറിയ കൈകാലുകൾ...

ആകാശത്തു നിന്നുണ്ടായ വിഷപെയ്ത്തിനുശേഷം എൻമകജെ ഒരു ദുരന്തഭൂമിയായി. പിറന്നുവീണ കുഞ്ഞുങ്ങളുടെ രൂപങ്ങൾ അസ്വസ്ഥതകളായി മന:സാക്ഷിയുള്ളവരുടെ ഉള്ളിൽ നിറഞ്ഞുനിന്നു. നോവലിസ്റ്റ് തന്നെ തുറന്നു പറഞ്ഞു. അന്യഗ്രഹ ജീവികളെപ്പോലെ വിചിത്രമായ ഉടലുകളുമായി പിറന്ന കുഞ്ഞുങ്ങളെ കാണുമ്പോൾ, അവരുടെ മാതാപിതാക്കളോട് സംസാരിക്കുമ്പോൾ അനുഭവിച്ച ദു:ഖം ഒരു ഭാഷയിലും പകർത്താനാവുകയില്ല എന്നും ഒരു നിലവിളികൊണ്ടും അളക്കാനാവില്ല എന്നും അറിയാമായിരുന്നു. ഉടലിന്റെ ഇരട്ടി

വലിപ്പമുള്ള തലയുള്ള, പയർവള്ളിപോലെ നേർത്ത കൈക്കാലുകളുള്ള, നാവു പുറത്തായ, കൃഷ്ണമണി മറിഞ്ഞുപോയ, മൂത്രസഞ്ചി ശരീരത്തിനു വെളിയിലായ, വിരലുകൾ നീരാളിയുടേതുപോലെ നേർത്തുചുരുണ്ടുപോയ, ശരീരം നിറയെ കുരുക്കൾ പൊന്തിയ കുഞ്ഞുങ്ങളുടെ മഹാസങ്കടത്തെ ഒരു ഭാഷയിലും വിവർത്തനം ചെയ്യാനാവുകയില്ല എന്ന്. എന്നിട്ടും നോവലിൽ കുഞ്ഞുങ്ങളുടെ ദു:ഖവും വേദനയും കഷ്ടപ്പാടുകളും ഘനീഭവിച്ചു കിടക്കുന്നു. മനുഷ്യന്റെ സ്വാർത്ഥപരമായ ഇടപെടലുകൾ എത്രയെത്ര തലമുറകൾക്കാണ് ജീവിക്കാനുള്ള അവകാശങ്ങൾ നിഷേധിച്ചുകളഞ്ഞത്. അവരുടെ സ്വപ്നങ്ങളെ കരിച്ചുകളഞ്ഞത്.

**മറന്നുപോയ ധാർമ്മികത**

"എത്ര കോടിയിലും വിലയിടാനാവാത്ത, ജൈവവൈവിധ്യങ്ങളാൽ സമൃദ്ധമായ കൊടുംകാട് വെട്ടിത്തെളിയിച്ചാണ് ഏകവിളയുടെ ഈ കൃത്രിമക്കാട് നിർമ്മിച്ചത്. ചുരുക്കം സ്ഥലമല്ല. എൻമകജെയിൽ മാത്രം അറുനൂറോളം ഹെക്ടർ! എന്നിട്ടെന്തുണ്ടായി? സസ്യവൈവിധ്യങ്ങളും ജീവജാലങ്ങളുമെല്ലാം നശിച്ചു. തുരങ്കങ്ങൾ മിക്കതും വറ്റി നാടുനിറയെ രോഗികളായി."[19] "വാസ്തവത്തിൽ വൈവിധ്യത്തിന്റെ രാഷ്ട്രീയത്തെയാണ് ഏകവിളസംസ്കാരം നശിപ്പിക്കുന്നത്. ആത്യന്തികമായ ഫലമെന്താണ്? ദാരിദ്ര്യവും പ്രകൃതിദുരന്തങ്ങളും രോഗങ്ങളും മാത്രം..."[20]

പ്രകൃതിയെ സംരക്ഷിക്കാനുള്ള ധാർമ്മിക ഉത്തരവാദിത്വം മറന്ന ഒരു കൂട്ടം മനുഷ്യരുടെ മനുഷ്യത്വരഹിതമായ പ്രവർത്തനവും നിരുത്തരവാദിത്വപരമായ പെരുമാറ്റശൈലിയുമാണ് പ്രകൃതിയെയും സംസ്കാരത്തെയും നശിപ്പിക്കുന്നത്. പരിസ്ഥിതിയെ പരിഗണിക്കാതെയുള്ള വിനിമയങ്ങളെയാണോ ബുദ്ധിയുള്ള മനുഷ്യൻ സംസ്കാരം, വളർച്ച എന്നീ സംജ്ഞകൾ കൊണ്ട് വിലയിരു

ത്തുന്നത് എന്ന് അവന്റെ പ്രവർത്തനങ്ങൾ കാണുമ്പോൾ തോന്നിപ്പോകുന്നു. ധാർമ്മികാധ:പതനത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന മനുഷ്യരാശി പ്രതികരിക്കാൻ മടിക്കുന്നവരാകുന്നു. ലോകരാഷ്ട്രങ്ങൾ മുഴുവൻ നിരാകരിച്ച എൻഡോസൾഫാൻ എന്ന കീടനാശിനിയെ സ്വീകരിച്ച ഭരണാധികാരികൾ ധാർമ്മിക മന:സാക്ഷി നശിച്ചുപോയവരാണെന്ന സത്യം ആശങ്കയോടെയാണ് നോക്കി കാണുന്നത്. എൻഡോസൾഫാൻ വിഷമല്ല, മരുന്നാണ് എന്ന് പാവപ്പെട്ട ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന നോവലിലെ നേതാവ് മന:സാക്ഷി നശിച്ച അധികാരി വർഗത്തിന്റെ പ്രതിനിധി തന്നെ. മനുഷ്യരടക്കമുള്ള ജീവജാലങ്ങൾക്ക് മരണത്തിലേക്കും ശാശ്വതമായ രോഗാവസ്ഥയിലേക്കും പോകാനുള്ള യാത്രാപ്പടി നൽകുന്ന രാഷ്ട്രീയനേതാക്കൾ ധാർമ്മികത മറന്നവരാണ്. ഇത്തരത്തിൽ പ്രകൃതിയുടെ മേൽ മനുഷ്യൻ ഏല്പിക്കുന്ന അടികൾ പതിന്മടങ്ങ് ശക്തിയോടെ തിരിച്ചടിക്കുമെന്ന പ്രകൃതി നിയമം ഈ നോവലിൽ ഉടനീളം പ്രതിഫലിക്കുന്നു.

**തകർന്നുപോയ ആവാസവ്യവസ്ഥ**

“വെലിയ സർപ്പം. സർപ്പമലയിലും ജടാധാരിമലയിലും ഓരോന്നോണ്ട് എന്നാണ് ഇന്നാട്ടിലെ വിശ്വാസം. പിന്നൊന്ന് ജാംഗ്രീ ഗുഹയില്. ആകെ മൂന്നെണ്ണം. സർപ്പമലയിലെ ശംഖപാലൻ ആഴ്ചേലൊര് ദെവസം ഈ തോട്ടത്തിലൂടെ പോകൂന്ന, ആൾക്കാര് പറയന്നേ. ഞാന് കണ്ടിറ്റില്ല.

ദീർഘനിശ്വാസത്തോടെ നീലകണ്ഠൻ പറഞ്ഞു ശംഖപാലനെയെങ്കിലും കണ്ടാൽ മതിയായിരുന്നു. ഈ നിശ്ശബ്ദതയാണ് എന്നെ പേടിപ്പിച്ചത്. ഒരു ജീവിയുടെ പോലും ഒച്ചയനക്കമില്ല. ഒരു കിളിയൊച്ചപോലും ഞാൻ കേട്ടില്ല.

കാക്കപോലുമില്ല എൻമകജെയില്. വല്ലപ്പോഴും അന്യനാട്ടീന് ഒര് കാക്ക വിര്ന്ന് വന്നാലായി."[21]

നിറയെ കാക്കകളും കഴുകന്മാരും ഉണ്ടായിരുന്ന എൻമകജെ ഇന്ന് ശൂന്യ മായിരിക്കുന്നു. പ്രകൃതി സൗഹൃദഗ്രാമമായിരുന്ന എൻമകജെ പ്രകൃതിദുരന്ത ഗ്രാമമായിരിക്കുന്നു. കാട്ടിലെ തേനീച്ച കൂടുകൾ അപ്രത്യക്ഷമായതിനുപിന്നിലും മീനും തവളയും മൃഗങ്ങളും പക്ഷികളും കാക്കകളും കടന്നുവരാത്ത ദിക്കായി എൻമകജെ മാറിയതിനുപിന്നിലും ഈ വിഷമഴ തന്നെ. തകർന്ന ആവാസവ്യ വസ്ഥ കണ്ടെത്തിയപ്പോഴും നിഷ്കളങ്കമായ ഗ്രാമീണ ജനത കരുതിയത് ഇത് ദൈവകോപമാണെന്നാണ്. കീടനാശിനി നിർമ്മാതാക്കളുടെയും അധികാരിക ളുടെയും സാമ്പത്തികലാഭം മുൻനിർത്തിയുള്ള കൂട്ടുകെട്ടുകൾ തകർത്തത്, പ്രകൃതി വരദാനമായി നൽകിയ ആവാസവ്യവസ്ഥയെയാണ്.

**അതിജീവനത്തിന്റെ നിലവിളി**

എൻമകജെയിലും പരിസരപ്രദേശങ്ങളിലും മുപ്പത് വർഷങ്ങളോളമായി കശുമാവിൻതോട്ടങ്ങളിൽ തളിക്കുന്ന എൻഡോസൾഫാൻ എന്ന വിഷം മനു ഷ്യനെയും ജീവജാലങ്ങളെയും ഇല്ലാതാക്കിക്കൊണ്ടിരിക്കുന്ന കഥ പ്രകൃതി യുടെ അതിജീവനത്തിന്റെ നിലവിളിയാണ്. 'എൻമകജെയുടെ സത്യം' എന്ന ലേഖനത്തിൽ നോവലിസ്റ്റ് ഇങ്ങനെ എഴുതുന്നു "അസാധാരണമായ നിശബ്ദ തയാണ് 'എൻമകജെ' എന്ന പുതിയ നോവലിന്റെ ആരംഭത്തിലും അവസാന ത്തിലും. എന്നാൽ നോവൽ നിലവിളിയാണ് എന്ന് എനിക്ക് ശരിക്കും ബോധ്യ പ്പെട്ടത് 'എൻമകജെ'യുടെ രചനാകാലത്താണ്." അതെ ഇതൊരു നിലവിളി യാണ്. ചെറുത്ത് നിൽപ്പിന്റെയും പ്രതിരോധത്തിന്റെയും നിലവിളി. ഒപ്പം തകർക്കപ്പെട്ടവരുടെയും. അദ്ദേഹം തുടർന്നെഴുതുന്നു. "ഒരു സത്യമുണ്ട് എൻമകജെയുടെ ദു:ഖം നിലവിലുള്ള ഒരു ഭാഷയിലും വിവരിക്കാനാവുകയില്ല.

ഒരു നോവലും അതിന് മതിയാവുകയില്ല. ആ ദു:ഖത്തിന് പകരംവെയ്ക്കാൻ ഈ ഭൂമിയിൽ മറ്റൊന്നുമില്ല." അതേ ഇത് അവസാനിക്കാത്ത ദു:ഖമാണ്. മണ്ണിന്റെയും മനുഷ്യന്റെയും അവസാനിക്കാത്ത നിലവിളി. ഒടുങ്ങാത്ത കരച്ചിൽ. പരിസ്ഥിതിയുടെ കണ്ണുനീർ!

പരിഷ്കൃതിയുടെയും വികസനത്തിന്റെയും ദുരന്തമാണ് എൻമകജെയിൽ സംഭവിക്കുന്നത്. നാഗരികതയും വികസനപ്രവർത്തനങ്ങളും പരിഷ്കാരങ്ങളും സംസ്കാരത്തിലും സമൂഹത്തിലും നിരവധി നന്മകളെ കൊണ്ടുവന്നിട്ടുണ്ട്. അതോടൊപ്പം തന്നെ പ്രകൃതിയെ തകർക്കുന്ന അതിനെ അസന്തുലിതമാക്കുന്ന നശിപ്പിക്കുന്ന നിരവധി പ്രതിലോമവിനാശശക്തികളെയും പരിഷ്കാരം മനുഷ്യന് സമ്മാനിക്കുന്നുണ്ട്. ഇത്തരത്തിൽ പരിഷ്കൃതിയുടെയും നിർദയമായ ചിന്താശൂന്യതയുടെയും ഇരകളാണ് സാധാരണമനുഷ്യർ. മനുഷ്യരിൽ വിശ്വാസം നഷ്ടപ്പെട്ടതിനാൽ മനുഷ്യരെകാണാതിരിക്കാൻ കാട്ടിൽ ഇടം തേടുന്ന രണ്ട് മനുഷ്യരിലൂടെ വളരെ നാടകീയമായി ആരംഭിക്കുന്ന നോവൽ പിന്നീട് മണ്ണിന്റെയും മനുഷ്യന്റെയും നിലവിളികൾക്ക് ഉത്തരം നൽകുന്ന മനുഷ്യരെ വാർത്തെടുക്കുന്ന ഭൂമികയായി മാറുന്നതാണ് കാണുന്നത്. വികസനം വിഷമഴയായ് പെയ്തിറങ്ങിയപ്പോൾ അത് സമ്മാനിക്കുന്ന അനീതിയും അസമത്വവും അവർ തിരിച്ചറിയുകയായിരുന്നു. പരസ്പരാശ്രിതത്വത്തിന്റെ വലിയ വലയിൽ നിലനിൽക്കുന്ന ഭൂമിയിലെ ജീവൻ ഏറെ ശ്രേഷ്ഠമാണെന്നും വിലപ്പെട്ടതാണെന്നും ഈ നോവൽ നമ്മെ പഠിപ്പിക്കുന്നു. ഈ പരസ്പരാശ്രിതത്വത്തിന്റെ കഥ മറന്നുപോകുന്നതാണ് പാരിസ്ഥിതിക ദുരന്തത്തിന് കാരണം എന്ന തിരിച്ചറിവ് ഈ നോവൽ സമ്മാനിക്കുന്നുണ്ട്.

**എൻഡോസൾഫാൻ എന്ന വിഷമഴ**

"വരാന്തയുടെ എളമരത്തിൽ ജയരാജനരികെ വന്നിരുന്ന് ദേവയാനി ചോദിച്ചു:

"ഈ കീടനാശിനി ദ്രവരൂപത്തിലാണോ? ജയൻ കണ്ടിട്ടുണ്ടോ?"

"കണ്ടിട്ടുണ്ട്. തവിട്ട് നിറമുള്ള ഒരുപൊടി. മേലിൽ എവിടെയെങ്കിലും പറ്റിപ്പോയാൽ ചൊമന്ന് തടിച്ചുവരും. മുറിവിൽ പുരണ്ടാൽ അപ്പോൾ ബോധക്കേടാകും. ഡി.ഡി.റ്റി. പോലെ ഓർഗനോ ക്ലോറിൻ വിഭാഗത്തിൽപെടുന്ന ഒരു കീടനാശിനിയാണിത്. ഇ-സൾഫാൻ, എൻഡോസ്റ്റാർ, എൻഡോസൺ, അഗ്രോസൾഫാൻ, ബാനെജ് സൾഫാൻ, അഗിനരോ സൾഫാൻ, സിയോ സൾഫാൻ, എൻഡോസെൽ, എൻഡോനിറ്റ്, എൻഡോമിൻ, ഹിൽഡാൻ, എൻഡോടാഫ് തുടങ്ങി അമ്പതിലധികം പേരുകളിലാണ് ഇന്ത്യയിലിത് മാർക്കറ്റ് ചെയ്യുന്നത്."[22]

യൗവ്വനവും സൗന്ദര്യവും തകർക്കപ്പെട്ട ഭൂമിയുടെ നിലവിളിയാണ് അംബികാസുതൻ മാങ്ങാട് അനാവരണം ചെയ്യുന്നത്. കാസർക്കോഡ് ഗ്രാമങ്ങളിൽ വർഷങ്ങൾ നീണ്ട എൻഡോസൾഫാൻ പ്രയോഗം മണ്ണിനെ വിഷമയമാക്കി മനുഷ്യരെ മഹാരോഗികളാക്കി. അമ്മയുടെ സ്നേഹം തന്നെയായ അമ്മിഞ്ഞപ്പാലിൽ പോലും ഈ വിഷത്തിന്റെ സ്വാധീനം കണ്ടെത്തിയിരിക്കുന്നു. ജീവനില്ലാത്ത അവസ്ഥയിലേക്ക് പോയിക്കൊണ്ടിരിക്കുന്ന ഭൂമിയെ അതിൽനിന്ന് രക്ഷിക്കാനുള്ള ധാർമ്മികമായ കടപ്പാട് കൂടി ഈ നോവൽ വരച്ചുകാണിക്കുന്നു. മണ്ണിനെക്കുറിച്ചുള്ള ഉത്കണ്ഠ മനുഷ്യനെക്കുറിച്ചും കൂടിയുള്ള ഉത്കണ്ഠയാണ്. സൃഷ്ടിയും തുടർച്ചയും ആഗ്രഹിക്കുന്നവരിൽ രൂപപ്പെടുന്ന അസ്വസ്ഥതയാണ്. സാമ്പത്തികവികസനത്തിന്റെ പേരിൽ ഭരണകൂടവും മൂലധനശക്തികളും, വ്യാവസായിക സാമ്രാജ്യത്വവും അടിച്ചേൽപ്പിക്കുന്ന പദ്ധതികളുടെ പരിണിതഫലം അസമാധാനവും അസന്തുലിതത്വവും ആണെന്ന് വരുന്നു. ചരിത്രത്തിൽ ഇടം

കിട്ടാതെ പോയ എൻഡോസൾഫാൻ സമരത്തിന്റെ ആദ്യഘട്ടമാണ് ഈ കൃതിയിൽ എഴുതപ്പെടുന്നത്.

**എൻമകജെ എന്ന ഗ്രാമം**

പ്രകൃതിയെയും മനുഷ്യനെയും അകമഴിഞ്ഞ് സ്നേഹിക്കുന്നവരാണ് എൻമകജെകാർ. മരങ്ങളും കാടുകളും സർപ്പങ്ങളും യക്ഷികളും പുല്ലും പൂവും പൂമ്പാറ്റയും എല്ലാം ഇവർക്ക് പ്രിയപ്പെട്ടതാണ്. "നാഗാരാധനയും ഭൂതാരാധനയുമാണ് എൻമകജെയിൽ മുഖ്യം. നാഗാരാധനയിൽ പ്രകൃതിസംരക്ഷണത്തിന്റെ വലിയ ഒരു സംഗതിയുണ്ട്. ധാരാളമായുള്ള ഈ കാവുകൾ ജൈവവൈവിധ്യത്തെയും വെള്ളത്തെയും നന്നായി സംരക്ഷിക്കുന്നു. കാവുകൾ ആരും കൈയേറുകയില്ല, മരം മുറിക്കില്ല. ഒരു വിറകിന്റെ കഷ്ണംപോലും എടുക്കില്ല. അതാണ് ഇവിടുത്തെ രീതി."[23]

സത്യത്തിന്റെയും നന്മയുടെയും പച്ചപ്പിന്റെയും അഷ്ടസംസ്കാരത്തിന്റെയും നാട്. ഇതുപോലെ ഏറ്റവും അധികം ഭാഷകളും ജാതികളും താമസിക്കുന്ന മറ്റൊരു നാട് കേരളത്തിലില്ല. തുളു, കൊങ്കിണി, മറാഠി, ബ്യാരി, അറബി, ഉർദു, കന്നട, മലയാളം തുടങ്ങി എട്ടിലധികം ഭാഷയും സംസ്കാരവും ഇവിടെ നിലനിൽക്കുന്നു. അധ:സ്ഥിതന്റെ കണ്ണീരുപ്പുകലർന്ന തോറ്റങ്ങളാണ് എൻമകജെയുടെ മറ്റൊരു പ്രത്യേകത. ഈ പ്രത്യേകതകൾ തന്നെയാണ് ഈ നാടിനെ ജൈവ-സംസ്കാര-ഭാഷാ വൈവിധ്യത്തിന്റെ പേരിൽ അടയാളപ്പെടുത്തിയത്.

**എൻമകജെ - ഒരു പോരാട്ടത്തിന്റെ കഥ**

കാസർകോട് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ സൃഷ്ടിച്ച രാസദുരന്തങ്ങളുടെ നേർക്ക് ഒരു സമൂഹം അവരുടെ ജീവിതംകൊണ്ട്

നടത്തിയ പോരാട്ടത്തിന്റെ കഥ ശ്രമകരമായ ഒരു ഉയിർത്തെഴുന്നേല്പാണ്. ഒരു നാടിന്റെ, ജനതയുടെ, സംസ്കാരത്തിന്റെ നിലനില്പിനെ തന്നെയും അട്ടി മറിക്കാൻ ശ്രമിച്ചവർക്ക് നേരെയുള്ള പ്രതികരണത്തിന്റെ നിലവിളി.

എൻഡോസൾഫാൻ വിരുദ്ധപോരാട്ടങ്ങളിലെ യഥാർത്ഥ കഥാപാത്രങ്ങ ളുടെ പ്രതിനിധികളായി നോവലിൽ ശ്രീരാമഭട്ട്, ഡോ. അരുൺകുമാർ, ലീലാ കുമാരിയമ്മ, ജയരാജൻ എന്നിവർ കടന്നുവരുന്നു. ഇവരെല്ലാം മനസ്സിൽ നന്മ യുള്ളവരും പച്ചപ്പുള്ളവരും അപരന്റെ വേദനകൾക്ക് നേരെ ചെവി തുറക്കുന്ന വരുമായിരുന്നു. പ്രകൃതിയോട് ചേർന്ന് ജീവിച്ച ഇവിടുത്തെ മനുഷ്യർ സത്യ ത്തിനുവേണ്ടി, നന്മയ്ക്കുവേണ്ടി, നിലനില്പിനുവേണ്ടി പ്രതിരോധിക്കുകയാ യിരുന്നു.

കീടനാശിനിയുടെ ആപത്കരമായ വാർത്തകളിൽനിന്ന് ഒഴിഞ്ഞുമാറി നട ക്കുന്ന ഭരണകർത്താവിന്റെ മുമ്പിൽ പ്രക്ഷോഭകാരികൾ മനുഷ്യപ്പൂക്കളമൊരു ക്കുന്നത് ജീവച്ഛവങ്ങളായ ഈ ബലിയാടുകളെവെച്ചുകൊണ്ടാണ്. അത് നേരിൽകണ്ടിട്ടുപോലും മനസലിയാത്ത നേതാവ് ക്ഷുഭിതനാവുന്നത് ഇങ്ങനെ:

എൻഡോസൾഫാൻ വിഷമല്ല, മരുന്നാണ് അതോടുകൂടി മനുഷ്യരടക്ക മുള്ള ജീവജാലങ്ങൾക്ക് മരണത്തിലേക്കും ശാശ്വതമായ രോഗാവസ്ഥയിലേക്കും കുറിപ്പടി നല്കുന്ന ഈ നേതാവിന്റെ രാഷ്ട്രീയനേതൃത്വത്തിന് കീഴിലുള്ള പൊതു മേഖലാസ്ഥാപനത്തിന്റെ ഉല്പാദനതന്ത്രങ്ങൾക്കെതിരെ സമരം ശക്തമാക്കുന്നു.

നീലകണ്ഠനും ദേവയാനിക്കുമൊപ്പം പത്രപ്രവർത്തകനായ ശ്രീരാമനും ജയരാജനും ഡോ. അരുൺകുമാറും എൻമകജെയിലെ നിസഹായരായ മനു ഷ്യരും ചേർന്ന് നടത്തുന്ന പോരാട്ടം കേവലം പ്രാദേശികമായ ഒരു പ്രതി ഷേധം മാത്രമല്ല. ഈ ഭൂമിയിൽ ജീവിക്കാനുള്ള ഏതൊരു മനുഷ്യന്റെയും അവകാശസമരം കൂടിയാണ്.

“കുടിവെള്ളത്തിൽ മാത്രമല്ല അമ്മയുടെ മുലപ്പാലിൽപോലും വിഷം കലർത്താൻ മടിക്കാത്ത ആഗോളകുത്തകകൾക്കെതിരെയുള്ള ശക്തമായ താക്കീതു കൂടിയാണിത്.”[24]

ഈ പോരാട്ടത്തിന്റെ, അതിജീവനത്തിന്റെ കഥ പാരസ്ഥിതികമായ രക്ഷയുടെയും നേട്ടത്തിന്റെയും പ്രതീക്ഷയുടെയും മുകുളങ്ങളായി സമൂഹ മന:സാക്ഷിയിൽ തെളിഞ്ഞുകൊണ്ടിരിക്കുന്നു.

**മണ്ണിന്റെയും മനുഷ്യന്റെയും നിലവിളി**

നോവലിസ്റ്റ് എഴുതുന്നു: “അന്യഗ്രഹജീവികളെപ്പോലെ വിചിത്രമായ ഉടലുകളുമായി പിറന്ന കുഞ്ഞുങ്ങളെ കാണുമ്പോൾ അവരുടെ മാതാപിതാക്കളോട് സംസാരിക്കുമ്പോൾ അനുഭവിച്ച ദു:ഖം ഒരു ഭാഷയിലും പകർത്താനാവുകയില്ല എന്നും ഒരു നിലവിളികൊണ്ടും അളക്കാനാവുകയില്ല എന്നും എനിക്കറിയാമായിരുന്നു.”[25] ഇത്തരത്തിൽ അളക്കാനാവാത്ത പകർത്താനാവാത്ത മണ്ണിന്റെയും മനസിന്റെയും നിലവിളിയാണ് ‘എൻമകജെ’ എന്ന നോവൽ സാഹിത്യത്തിൽ ഒരു ദുരന്തകാവ്യമായി എഴുതിച്ചേർക്കപ്പെട്ടത്. ജനകീയാരോഗ്യ പ്രസ്ഥാനങ്ങളും പരിസ്ഥിതിപ്രവർത്തകും ഇടപെട്ട ഈ ദുരന്തഭൂമിയിലേയ്ക്ക് എത്തിച്ചേർന്ന് ഇതു ദുരന്തഭൂമിയെ നോവലിന്റെ പരിതസ്ഥിതിയിലേക്ക് കൊണ്ടുവരിക എന്ന ശ്രമകരമായ ദൗത്യം മന:സാക്ഷിയുള്ളവരുടെ മനസ്സിൽ ഒരു ഉണർത്തുപാട്ടായി നിലകൊള്ളുന്നു. നോവലിന്റെ സാമൂഹികവ്യവസ്ഥിതികൾ ഇന്നത്തെ ഏത് പാരിസ്ഥിതികപ്രതിസന്ധികൾക്കും നേരെ പിടിച്ചിരിക്കുന്ന കണ്ണാടിയാണ്.

എൻമകജെയിലെ പൂർവ്വികരായ ജൈനർ ഒരിക്കലും സന്ധ്യാനേരത്ത് വിളക്ക് കത്തിച്ചിരുന്നില്ല. രാത്രിയെ ഭയന്നിട്ടോ വെളിച്ചം ദു:ഖമെന്ന് കരുതി

യിട്ടോ അല്ലായിരുന്നു ഈ അന്ധകാരസ്വീകരണം.  മറിച്ച് വിളക്കുകണ്ട് ആകൃഷ്ടരായി പാഞ്ഞുവരുന്ന പ്രാണികൾ ചത്തുവീഴാതിരിക്കാനായിരുന്നു ഈ മുൻകരുതൽ.  ഈ മണ്ണിലാണ് മനുഷ്യരും മൃഗങ്ങളും ജീവജാലങ്ങളും എല്ലാം വിഷമഴയേറ്റ് കരിഞ്ഞുപോയത്.  എങ്കിലും അവരുടെ സ്വപ്നങ്ങളോ അതിജീവനത്തിനുള്ള ആഗ്രഹങ്ങളോ കരിഞ്ഞുപോയില്ല. “എൻമകജെയിൽ വിഷമഴയുടെ പ്രളയം തുടങ്ങുമ്പോൾ ജീവജാലങ്ങളിൽ ശേഷിച്ചവ ഇവിടെ അഭയം തേടി വസിക്കും... വിഷമഴ പെയ്തു തീരുന്നതുവരെ...”[26] നോവലിന്റെ അവസാനഭാഗത്ത് ഗുഹനടത്തുന്ന പ്രഖ്യാപനം മനുഷ്യഹൃദയങ്ങൾ മരിച്ചിട്ടില്ല എന്നതിന്റെ തെളിവാണ്.  നോവലിലെ ശബ്ദിക്കുന്ന ഗുഹ മനുഷ്യന്റെ നന്മവറ്റാത്ത മനസ്സാണ്, ചിന്തയാണ്, ശബ്ദമാണ്.

“പെട്ടെന്ന് സഞ്ചി ഉലയുന്നതുപോലെ ഗുഹ പതുക്കെ ചാഞ്ചാടുവാൻ തുടങ്ങി. ഗുഹയുടെ ഉള്ളിൽ വളരെ ഉള്ളിൽ നക്ഷത്രംപോലെ ഒരു വെളിച്ചം പ്രത്യക്ഷപ്പെട്ടു. ആദരവു കലർന്ന സ്വരത്തിൽ ഗുഹ പറഞ്ഞു: “ആരും ശബ്ദിക്കരുത്.”

സർവ്വജീവജാലങ്ങളും വെളിച്ചം കണ്ട ദിക്കിലേക്ക് നിശബ്ദരായി നോക്കി. ആരാണ് വരുന്നത്?

പൊൻവെളിച്ചം സമീപസ്ഥമാവാൻ തുടങ്ങിയപ്പോൾ പുരുഷനും സ്ത്രീയും തിരിച്ചറിഞ്ഞു.

വെളിച്ചമല്ല!

സ്വർണനിറമുള്ളൊരു മൃഗമാണ്. ഉള്ളിന്റെയുള്ളിൽ നിന്നും പതുക്കെ നടന്നുവരുന്നത്.

സ്ത്രീ പറഞ്ഞു:

“നോക്കൂ, അത് ഒരു കഴുതയാണ്.”

ആശ്ചര്യത്തോടെ പുരുഷൻ തലകുലുക്കി.

“അതേ ഒരു കഴുതയാണ്.”

എല്ലാ ജീവജാലങ്ങൾക്കും കാണത്തക്കവിധത്തിൽ ഒരു വലിയ പാറക്കല്ലിന്മേൽ കയറി നിന്നു.”[27]

ഗുഹയിൽ പ്രത്യക്ഷപ്പെട്ട വെളിച്ചം നന്മയുടെ വെളിച്ചമാണ്. ഈ വെളിച്ചത്തോടടുക്കുമ്പോഴാണ് ഇതിനു ജീവനുണ്ടെന്ന് മനസ്സിലാവുക. അനുദിന വ്യവഹാരങ്ങളിൽ നന്മയുടെ ജീവൻ നമുക്കു കണ്ടെത്താം. പ്രകൃതിയെ ചേർത്തുപിടിക്കാം.

## കുറിപ്പുകൾ

1. സുഗതകുമാരി, 'മനുഷ്യൻ ഭൂമിയുടെ മകനല്ല', എച്ചിക്കാനം സന്തോഷ് (എഡി.), *എൻമകജെ പഠനങ്ങൾ*, കറന്റ് ബുക്സ്, 2010, പു. 18, 19.
2. കൃഷ്ണകുമാർ, കെ.സി, *കേരളം ജില്ലകളിലൂടെ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2013, പു. 208.
3. അ.പു. പു. 209.
4. മാങ്ങാട്, അംബികാസുതൻ, *എൻമകജെ*, ഡി.സി. ബുക്സ്, കോട്ടയം, 2010, പു. 101.
5. അ.പു. പു. 102.
6. അ.പു. പു. 110.
7. അ.പു. പു. 102.
8. അ.പു. പു. 73.
9. അ.പു. പു. 101.
10. അ.പു. പു. 108.
11. അ.പു. പു. 62.
12. അ.പു. പു. 70.
13. അ.പു. പു. 75.
14. അ.പു. പു. 76.
15. അ.പു. പു. 55.
16. അ.പു. പു. 98.
17. അ.പു. പു. 57.
18. അ.പു. പു. 63.
19. അ.പു. പു. 123

20. അ.പു. പു.124

21. അ.പു. പു.99.

22. അ.പു. പു. 115.

23. അ.പു. പു. 107.

24. ഗ്രന്ഥാലോകം, ജൂലൈ, 2010.

25. തോർച്ച മാസിക, ഒക്ടോബർ-നവംബർ, 2009.

26. മാങ്ങാട്, അംബികാസുതൻ, *എൻമകജെ*, ഡി.സി. ബുക്സ്, കോട്ടയം, 2010, പു. 194.

27. അ.പു. പു.194.

*****

## അദ്ധ്യായം നാല്

# ‘ആതി’യിലെ  ജലജീവിതം

“ആതിയുടെ നാഡിഞരമ്പുകൾപോലെ തലങ്ങും വിലങ്ങും തോടുകൾ, ചാലുകൾ, കുളങ്ങൾ, ഉറവകൾ, കിണറുകൾ, വെള്ളം തുളുമ്പി തെറിക്കുന്ന വയലുകൾ, ഏറ്റിറക്കങ്ങൾക്കൊണ്ട് മുറുകുകയും അഴിയുകയും ചെയ്യുന്ന തണ്ണീർത്തടങ്ങൾ. കുഴമറിഞ്ഞ ചതുപ്പുകൾ.”[1]

“പുറംലോകത്തുനിന്ന് തീരെ ഒറ്റപ്പെട്ട് വെള്ളക്കെട്ടും ചളിയും ചതുപ്പുമായി കിടക്കുന്ന സ്ഥലം! ചുറ്റിലും വെള്ളം. വെള്ളത്തിൽ മുങ്ങി നിൽക്കുന്ന കാടുകൾ. വെള്ളത്തിൽ പൊങ്ങികിടക്കുന്ന കര, കിഴക്കുയർന്ന് പടിഞ്ഞാറു താഴ്ന്ന് പിന്നെ എങ്ങും തൊടാതെ കിടക്കുന്ന മൂന്നു കൊച്ചു തുരുത്തുകൾ. എല്ലാം കൂടിയായാൽ ആതിയായി. ആതിക്കു ചുറ്റും കായലാണ്. വേലിയേറ്റത്തിൽ ഉപ്പുവെള്ളം കയറിവരും.

പടിഞ്ഞാറെ താഴത്താണ് കടത്ത്. അവിടെ കായലിന് ആഴവും പരപ്പും കൂടുതലാണ്. അഴിമുഖം വരെ അതങ്ങനെ വിസ്തൃതമായി കിടക്കുന്നു. കടത്തുകടന്നാൽ വേറെ ഒരു ലോകമാണ്.”[2] ഇങ്ങനെ ആതി എന്ന പരിസ്ഥിതി സൗഹൃദഗ്രാമത്തെ മനോഹരമായ വാങ്മയചിത്രങ്ങളിലൂടെ നോവലിസ്റ്റ് കുറിച്ചുവയ്ക്കുന്നു.

വൈയക്തികവും വൈകാരികവുമായ ആവിഷ്ക്കാരങ്ങൾക്കുപരിയായി കാലഘട്ടത്തിന്റെ പ്രശ്നങ്ങളെയും മനുഷ്യന്റെ കർമ്മ മാലിന്യങ്ങളെയും നീക്കം ചെയ്യാൻ മനപ്പൂർവ്വം തൂലികയെന്ന അജയ്യശക്തി ഉപയോഗിക്കുന്നവരാണ് എഴുത്തുകാർ. ജീർണ്ണോൻമുഖമായ ജീവിത പരിതോവസ്ഥകൾ സമൂഹമധ്യത്തിലും വ്യക്തികളിലും സംഘർഷാവസ്ഥ സൃഷ്ടിക്കുമ്പോൾ മാർഗ്ഗദീപമാകേണ്ടത് അക്ഷരങ്ങൾ തന്നെയാണ്. ഭൗമമണ്ഡലത്തിൽ ജീവന്റെ നിലനില്പ് ഉറപ്പുവരുത്തേണ്ടത് മനുഷ്യന്റെ വിവേകപൂർണ്ണമായ ഇടപെടലിലൂടെയാണ്. പരിണാമത്തിനും പുരോഗതിക്കുമുള്ള ത്വര സഹജമാണ്. എങ്കിലും എങ്ങനെയാണ് പ്രകൃതിയെ ചൂഷണം ചെയ്യാൻ മനുഷ്യന് സാധിക്കുന്നത്? പുരോഗതിയുടെ

പേരിൽ മനുഷ്യൻ നടത്തുന്ന പ്രവർത്തനങ്ങൾ ഭൂമിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ജീവനും ജീവിതവും ചേർത്തുപിടിക്കാൻ, പുല്ലിനേയും പൂവിനെയും സ്നേഹിക്കാൻ, വെള്ളവും വായുവും സംരക്ഷിക്കാൻ നമ്മെ പഠിപ്പിക്കുന്നു സാറാ ജോസഫിന്റെ 'ആതി' എന്ന നോവൽ. നോവലിസ്റ്റ് കുറിച്ചിടുന്നു. മീനുകളെ മറക്കണ്ട. വെള്ളത്തെയും. കാരണം ഏറ്റവും സുന്ദരവും ഏറ്റവും ആപൽക്കരവുമായ കവിത എഴുതുന്നത് വെള്ളമാണ്. പ്രകൃതിയിലേക്ക് മടങ്ങുക, പ്രകൃതിയെ സ്നേഹിക്കുക എന്ന ലളിതമായ ഒരു മുദ്രാവാക്യത്തിന്റെ ഏറ്റവും തീക്ഷ്ണമായ ആവിഷ്ക്കരണമാണ് ഈ നോവൽ.

"ആതി എന്ന നോവൽ ശ്രദ്ധേയമാകുന്നത് അതിന്റെ സാങ്കേതികതകൊണ്ടുകൂടിയാണ്. മുറിച്ചുമാറ്റി വയ്ക്കപ്പെട്ട 46 അദ്ധ്യായങ്ങളിലൂടെയും ഉപാഖ്യാനങ്ങളിലൂടെയും കഥയും കഥയ്ക്കകത്തെ കഥയും പാസ്റ്റീഷ് രചനാസമ്പ്രദായം അവലംബിച്ച് വൈവിധ്യമേറിയ മറ്റു കലാമൂല്യമുള്ള രചനകളിൽ നിന്നും കടംകൊണ്ട് അവയെ ആഘോഷമാക്കി മാറ്റുകയാണ് കഥാകാരി ഇവിടെ. ഗദ്യവും പദ്യവും ചെറുകഥകളും നാടകീയ സംഭാഷണങ്ങളും കത്ത്, പത്രറിപ്പോർട്ട് തുടങ്ങിയവ അടങ്ങുന്ന ഒരു കാലിഡോസ്കോപ്പിക്ക് മാനം ഈ നോവലിന് കൊടുക്കുന്നു. മാർക്കോസിന്റെ കവിത, നൂർ മുഹമ്മിന്റെ സൂഫി കഥ, ഗീതാഞ്ജലിയിലെ ഫ്ളാഷ് ബാക്ക്, മാഷ്, ചെമ്പ്രരാമൻ, ദിനകരൻ തുടങ്ങിയവരുടെ കഥകൾ, നിത്യചൈതന്യയതിയുടെ കത്ത്, പത്താം കേരളനിയമസഭാ പരിസ്ഥിതി സമിതിയുടെ റിപ്പോർട്ട്, ജേർണലിസ്റ്റ് ജി. നിർമ്മലയുടെ റിപ്പോർട്ട്, വെന്ത്രിലോക്കിക്കാരന്റെയും കുരങ്ങന്റെയും നർമ്മസംഭാഷണം അമൂർത്തമായ ജലത്തന്റെ ഏകാന്ത സംഭാഷണം തുടങ്ങി സമ്പുഷ്ടമായ ഒരു സമ്പൂർണ്ണനോവലിനുവേണ്ട സാമഗ്രികളൊക്കെയും ആതിയിൽ ഒരുക്കിവച്ചിട്ടുണ്ട്."[3]

ഏഴു കഥാസായാഹ്നങ്ങളിൽ അമ്മയായ പ്രകൃതിയുടെയും, അവൾ മക്കളായ മനുഷ്യർക്കുവേണ്ടി ഒരുക്കിയ സമ്പത്തുക്കളെ കുറിച്ച് പഠിപ്പിക്കുന്ന കഥപറച്ചിലുകാർ ജീവിതത്തെ വിന്യസിക്കുന്നത് ഏറെ തീക്ഷണതയോടെ യാണ് ആതിയിലുള്ളവരുടെ സങ്കടങ്ങൾക്ക് മീതെ ആശ്വാസത്തിന്റെ തേന്മഴയാകാൻ, ജീവിതത്തിന് കരുത്തും പ്രതീക്ഷയും പകരുന്ന കഥപറച്ചിലുകാർ. കഥാരാവുകൾ ആതിയിലുള്ളവരുടെ പ്രശ്നങ്ങൾക്ക് പരിഹാരരാവുകളുമാണ്. എന്നാൽ അവസാനത്തെ അതായത് ഏഴാമത്തെ കഥവെറും കഥപറച്ചിൽ മാത്രമായിരുന്നില്ല അത് ആതിയിലുള്ളവർക്കുവേണ്ടി, ആതിയുടെ നിലനിൽപിനുവേണ്ടി ഏറെ വ്യഗ്രതയോടെ പ്രവർത്തിച്ച ദിനകരന്റെ ജീവിതകഥാസമർപ്പണമായിരുന്നു. ദിനകരന്റെ ജീവിതംകൊണ്ടെഴുതിയ ഈ കഥ ആതിക്ക് ഒരു പുതിയ ഭാവുകത്വം നൽകുന്നു. പ്രതീക്ഷയോടെ ആതി അതിന്റെ ജലജീവിതം തുടരുന്നു. നമ്മൾ ഉണ്ടാക്കുന്ന അഴുക്കുകൾ നമ്മൾ തന്നെ കഴുകി വൃത്തിയാക്കണമെന്നു പറയുന്ന ദിനകരൻ പ്രതീക്ഷയുടെ പ്രതീകമാണ്.

കഥാസായാഹ്നങ്ങൾ പിറക്കുന്ന ആതിയുടെ പാരമ്പര്യം! കഥകൾ മുറുക്കികെട്ടിയ ഭാണ്ഡങ്ങളുമായി വരുന്ന കഥപറച്ചിലുകാർ. നടന്നും അലഞ്ഞും കഥകൾ പറഞ്ഞുപറഞ്ഞും ദേശാടനകിളികൾക്കൊപ്പം അവരുമെത്തും. അവരുടെ കാലടികളിൽ ചെമ്മണ്ണും മുടിയിൽ അഴുക്കും പൊടിയും കാണും. വായ്മലരുകൾ കഥകൊണ്ട് ചുവന്നിരിക്കും. കണ്ണുകൾ ആനന്ദം കൊണ്ട് തിളങ്ങുന്നുണ്ടായിരിക്കും. ഭാണ്ഡങ്ങളിറക്കിവെച്ച് അവർ ആതിയുടെ കുളിർ തടാകത്തിൽ മുങ്ങും. മുങ്ങിനിവർന്ന് ശുഭവസ്ത്രം ധരിക്കും. ആതിദേശത്തിന്റെ കാരണവർ കഥ പറച്ചിലുകാരനെ കൈപിടിച്ച് തോണിത്തലപ്പത്തിരുത്തും. തോണി കിടക്കുന്നത് തമ്പുരാന്റെ കടവിലായിരിക്കും. ഇടുങ്ങി കുപ്പിക്കഴുത്തുപോലെ തമ്പുരാന്റെ മുറ്റത്തേക്ക് കേറിക്കിടക്കുന്ന കടവിൽ കഥ

പറച്ചിലുകാരൻ തോണി തുഴഞ്ഞു വരും അതാണ് പതിവ്. അയാൾ പരമ്പരാഗതരീതിയിൽ കുരുത്തോലപ്പാവാടയുടുത്തും തലപ്പാവ് കെട്ടിയും മുഖത്തെഴുതിയും കൈയിൽ പന്തം പിടിച്ചും, വെള്ളത്തിലിറങ്ങിനില്ക്കും

ജലം സാക്ഷി! അയാൾ വിളിച്ചുപറയും

ജലം സാക്ഷി! തറയിൽ കഥകേൾക്കാൻ കൂടിയിരിക്കുന്നവർ ഏറ്റുപറയും

മനുഷ്യനുണ്ടായകാലം തൊട്ടേ കഥയുമുണ്ടായി ആമുഖക്കാരൻ ആമുഖം തുടങ്ങും.... ആമുഖം പറഞ്ഞുതീർന്നാൽ, ആമുഖക്കാരൻ തലപ്പാവഴിക്കും. വെള്ളത്തിൽ നിന്ന് കേറും. എരിയുന്ന പന്തം വാഴപ്പിണ്ടിയിൽ കുത്തും. അതിനുശേഷം കഥപറച്ചിലുകാരൻ കഥതുടങ്ങും. കഥപറഞ്ഞു കഴിഞ്ഞാൽ ഒരു ചോദ്യമുണ്ട്.

ഈ കഥ എങ്ങനെ ജീവിതത്തിലേക്ക് ഉപകാരപ്പെടും?

നേരം വെളുക്കും വരെ അതിനുത്തരം പറഞ്ഞ് അവർ കഥയെ പൂരിപ്പിയ്ക്കും.

ഈ നോവൽ വായിച്ചു തീരുന്ന ഓരോരുത്തരുടെയും ഉള്ളിൽ ഉയരുന്നത് ഈ ചോദ്യം തന്നെ ഈ കഥ എങ്ങനെ ജീവിതത്തിലേക്ക് ഉപകാരപ്പെടും?

പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന നമുക്ക് ഈ കഥയിൽ നിന്ന് എന്തുപാഠം നമുക്ക് ഉൾക്കൊള്ളുവാൻ സാധിക്കും? നമ്മളുണ്ടാക്കുന്ന അഴുക്കുകൾ നമ്മൾതന്നെ കഴുകി വൃത്തിയാക്കണം എന്ന ദിനകരന്റെ ഈ വാക്കുകൾ ഒരു അസ്ത്രംപോലെയാണ് വായനക്കാരിൽ തറച്ചുകയറുന്നത്. നോവലിലുടനീളം വെള്ളത്തിന്റെ അപാരമായ ശക്തി വിശേഷങ്ങളാണ് ഓരോ വരികൾക്കുള്ളിലും നോവലിസ്റ്റ് ഒളിച്ചുവെച്ചിരിക്കുന്നത്.

“കുഞ്ഞിമാതുവിന് ദേഷ്യം വര്ാ! എന്തിന്റെ കൊറവാ കുമാരന് ഇവിടെ?

ഒരാൾ ഉച്ചയാവോളം പണിയെടുത്താൽ മതി, കുടുംബം കഴിയാനുള്ളത്

ആതിയിലെ വെള്ളത്തിൽ നിന്ന് കിട്ടും. മീനായിട്ടോ, കക്കയായിട്ടോ. എല്ലാവരും കൂടി ഒന്നിച്ചു ചെയ്യുന്ന പൊക്കാളി കൃഷിയിൽ നിന്ന് ഉണ്ണാനുള്ള നെല്ല് കഴിച്ച് വിൽക്കാനുള്ളതും കിട്ടും. ആറുമാസം നെല്ലും ആറുമാസം മീനും കൃഷി ചെയ്താൽ ആതിയിൽ സുഖമായിട്ട് ജീവിക്കാം. ഉണ്ണണത് ഏറ്റവും നല്ല ചോറാണ്. മത്തനും കുമ്പളവും ചീരയും പയറുമൊക്കെ എല്ലാ വീട്ടിലും ഉണ്ട്. പശുവും എരുമയും കോഴിയും താറാവും ഉണ്ട്. കുഞ്ഞിമാതുവിന്റെ അമ്മ നെയ്യുന്ന തഴപ്പായയിൽ കുഞ്ഞിമാതു കിടക്കുന്നു. എല്ലാ വീട്ടിലും അങ്ങനെ ത്തന്നെ! അമ്മമാർ നെയ്തു തരുന്നതാണ് കിടക്കപ്പായ.

നേരം വെളുക്കുവോളം കാട്ടിലും കായലിലും നിന്ന് തണുത്ത കാറ്റ് വീശിക്കൊണ്ടിരിക്കും."[4]

വെള്ളം എന്നെ കൊണ്ടുപോകുന്നു വെള്ളം  ഒരു മടിത്തട്ടാണ്. എല്ലാം വെള്ളത്തിൽ നിന്ന്. വെള്ളത്തിന് തെളിയാതിരിക്കാൻ കഴിയില്ല. എന്റെ മനസ്സ് കലങ്ങി മറിഞ്ഞു പക്ഷേ അരുവി തെളിഞ്ഞുവരുന്നവരെ ഒന്നും ചെയ്യാനില്ലാതെ കാത്തിരുന്നപ്പോൾ പതുക്കെ ദേഷ്യവും സങ്കടവും ഇഷ്ടക്കേടുകളും എല്ലാം ചളി ഊറിക്കൂടുമ്പോലെയും ചീഞ്ഞ ഇലകൾ താണുപോകുമ്പോലെയും താഴേയ്ക്കടിയുന്നതും മനസ്സ് തെളിഞ്ഞു വരുന്നതും ഞാൻ അനുഭവിച്ചു. നോവലിന്റെ അവസാനം ബുദ്ധന്റെ അനുയായി ആനന്ദന്റെ ഈ കണ്ടെത്തലിൽതന്നെ വായനക്കാരനും എത്തിചേരുന്നു.

"ആതി എന്ന നോവൽ പൂർണ്ണമായും ഒരു ജൈവസമൂഹത്തിന്റെ കഥയാണ് പറയുന്നത്. മനുഷ്യന്റെ കഥയല്ല എന്നുമാത്രമല്ല, അതിനെ നീചകഥാപാത്രമാണുതാനും അവൻ. നോവലിലെ പ്രധാന കഥാപാത്രങ്ങളുടെ നിര ശ്രദ്ധിച്ചാൽ തന്നെ അറിയാം അതിൽ മഞ്ഞ പാപ്പാത്തികളും പൂപ്പരത്തിച്ചെടികളും പച്ചത്തവളകളും ചെമ്മീനുകളും തൂക്കണാംകുരുവികളും നെല്ലും

കണ്ടൽക്കാടുകളും ഉറവകളും ജലവും മണ്ണും ഭൂമിയും ഒരു വശത്ത്. മനുഷ്യ നിർമ്മിതമായ സിമന്റ്, കമ്പി, പാലം ലോറി, ജെ.സി.ബി., ട്രില്ലർ, ടിപ്പർ തുട ങ്ങിയവ മറുവശത്ത്. ഈ നന്മതിന്മ പ്രതീകങ്ങളെയാണ് ഇരുമുന്നണിയിലു മായി പോർക്കളത്തിൽ അണിനിരത്തിയിരിക്കുന്നത്. കുമാരൻ തിന്മയായും ദിന കരൻ നന്മയായും അലിഗോറിക്കലായി വർത്തിക്കുന്നു."[5]

തീർച്ചയായും മനസ്സിനെ വിമലീകരിക്കുന്ന ഒരു പ്രക്രിയയാണ് ആ നോവ ലിലൂടെ സാധിതമാക്കുന്നത്. പ്രകൃതിയും ഈശ്വരനും ഒന്നാണെന്ന കണ്ടെ ത്തൽ.

"കാണുന്നതുവരെ അവൾ കണ്ണടച്ചിരുന്നു പിന്നെ കാണാൻ തുടങ്ങി അന ന്തമായ നീലാകാശം നിർമ്മലതടാകം, പച്ചക്കാടുകൾ ഒഴുകിയെത്തുന്ന അരു വികൾ, ദൂരെനിന്ന് കാറ്റിനോടൊപ്പം ആടിയലഞ്ഞുവരുന്ന തോണി. തോണി യിൽ ഏകനായി കണ്ണടച്ചിരിക്കുന്ന കഥപറച്ചിലുകാരൻ. അയാൾ അടുത്തുവ രുന്തോറും ഏതോ മൃദുലമായ സുഗന്ധം അവളെ തഴുകുന്നു ഏത് പൂവിന്റെ മണമാണ് നിങ്ങൾക്ക് എന്ന് ചോദിയ്ക്കേണ്ടതിനു പകരം അവൾ ചോദിച്ചു ഏത് പൂവാണ് നിങ്ങൾ."[6]

അപരനെ പൂവായി സുഗന്ധമായി സൗഭാഗ്യമായി കാണാൻ എന്നാണ് കഴിയുക? കാഴ്ചകൾ പൂ പോലെയാകുന്നതിനും നാം നമ്മെത്തന്നെ പരിശീ ലിപ്പിക്കേണ്ടിയിരിക്കുന്നു. ആതിയിലുള്ളവരുടെ എല്ലാമാണ് ജലം. ആതിയിലെ ജലജീവിതത്തിനാണ് ആതി വിട്ടുപോയവർ ആഗ്രഹിക്കുന്നത്.

"ആതിയിലെത്തിയാൽപ്പിന്നെ ദിവ്യയ്ക്ക് വെള്ളത്തിൽ നിന്ന് കേറലില്ല.

"വെള്ളം കണ്ടാ ഇപ്പൊ എനിയ്ക്ക് പ്രാന്താ" അവൾ പറയും.

എന്നിട്ടവൾ ആമ്പൽക്കുളത്തിൽ മുങ്ങിക്കിടക്കും. അച്ചുവിനും അത് ഇഷ്ട മാണ്. ബോംബെയിൽ, ദിവ്യ താമസിക്കുന്ന സ്ഥലത്ത് വെള്ളമോ കിണറോ ഇല്ല. കുഴൽവെള്ളം വല്ലപ്പോഴും വന്നാലായി. ലോറിയിൽ വെള്ളം കൊണ്ടുവ

ന്നുകൊടുക്കും. അപ്പോഴത്തെ ഉന്തും തള്ളും വഴക്കും ഭയങ്കരമാണ്. വീണു കൈയൊടിഞ്ഞിട്ടുണ്ട് ചിലരുടെയൊക്കെ. പത്തുകുടം വെള്ളം കൊടുക്കുന്നു ണ്ടെങ്കിൽ നൂറുകുടത്തിനുള്ള ആളുകൾ കാത്തുനിൽക്കുന്നുണ്ടാകും.

"ഒര് കൊല്ലത്തെ അഴുക്കുമുഴുവൻ പോയികിട്ടി!" ആമ്പൽപ്പൂ മണക്കുന്ന വെള്ളത്തിൽ നിന്ന് കുളി കഴിഞ്ഞു കയറുമ്പോൾ ദിവ്യ സന്തോഷത്തോടെ പറയും പത്താമുദയം കഴിഞ്ഞുപോകുമ്പോഴേക്കും കൊഴിഞ്ഞുപോയ മുടി യൊക്കെ തിരിച്ചുവരണമെന്ന പ്രതീക്ഷയിലാണത്രേ അവൾ ആമ്പൽക്കുളത്തിൽ മുങ്ങിക്കിടക്കുന്നത്. ബോംബെയിലെ വെള്ളത്തിൽ കുളിച്ച് അവളുടെ മുടി യൊക്കെ കൊഴിഞ്ഞുപോയി. കല്യാണം കഴിഞ്ഞുപോകുമ്പോൾ അരമൂടിക്കി ടക്കുന്ന കനത്ത മുടിയുണ്ടായിരുന്നു അവൾക്ക്.

അവിട്ട്യൊക്കെ ഈ മര്ന്ന് കലക്കിയ വെള്ളാ കിട്ട്വാ. കുടിയ്ക്കാനും കൊള്ളി ല്ല കുളിയ്ക്കാനും കൊള്ളില്ല. ഒര് ചായവെച്ച് കുടിച്ചാ ശർദ്ദിയ്ക്കാൻ വരും. അത് മാതിരിള്ള ചൊവയാണ്!"[7]

മനുഷ്യന് ആവശ്യമായതെല്ലാം ഔദാര്യത്തോടെ നല്കുന്ന പ്രകൃതി യിൽനിന്ന് അവൻ തന്റെ അത്യാഗ്രഹങ്ങൾ പൂർത്തിയാക്കാൻ വേണ്ടി വേണ്ടുന്നതെല്ലാം സ്വീകരിക്കുന്നു. മനുഷ്യന്റെ അത്യാഗ്രഹത്തിന് മറുപടി പറ യേണ്ട പ്രകൃതി അനുനിമിഷം മരിച്ചുകൊണ്ടിരിക്കുന്നു. പ്രകൃതിയെ സ്നേ ഹിച്ച്, പ്രകൃതിയോട് ഇണങ്ങിക്കഴിയുന്ന തീർത്തും നിഷ്കളങ്കരാണ് അതിലെ ജനങ്ങൾ.

"കാപ്പ് കലക്ക് ഒരുത്സവമാണ്. എവിടന്നൊക്കെയോ ആളെത്തും. കാപ്പ് കലക്കിന്റന്ന് ആർക്കുവേണമെങ്കിലും ചെമ്മീൻ കെട്ടിലിറങ്ങി മീൻപിടിക്കാം. കെട്ട് മാലോകർക്കായി തുറന്നുകൊടുക്കുന്ന ദിവസമാണത്. എല്ലാ കൊല്ലവും കാപ്പുകലക്കിനെത്തുന്നവരുണ്ട്. പലരും ആതിയിലുള്ളവരുമായി അങ്ങനെ പരി ചയത്തിലായിട്ടുണ്ട്. മീനിനുവേണ്ടിയല്ല, ചെമ്മീൻകെട്ടിലെ ജലോത്സവത്തിൽ

തിമിർക്കാനാണ് പലരുമെത്തുന്നത്. അന്ത്യയാവോളം വെള്ളത്തിൽ കിടന്നുമറിഞ്ഞിട്ടും ഒരു പൊടിച്ചെമ്മീൻ പോലും കിട്ടാത്തവരും ഉണ്ടാകും. ആതിയിലെ മീൻപിടത്തുക്കാരിൽ നിന്ന് നല്ല വിലകൊടുത്ത് അവർ ചെമ്മീൻ വാങ്ങും. ആതിയിലുള്ളവർക്ക് കൈ നിറയെ കാശുകിട്ടുന്ന ദിവസമാണത്."[8]

അവരിൽനിന്ന് ഒരു കുമാരൻ കൂടുതൽ മെച്ചമായ ജീവിത സൗകര്യങ്ങൾ തേടി യാത്രയാകുന്നു. 36 വർഷങ്ങൾക്കുശേഷം ലോകം മുഴുവൻ കീഴടക്കിയ ഭാവത്തോടെ തിരിച്ച് ആതിയിലേക്കെത്തുന്നു. ഒരുപാട് വലിയകാര്യങ്ങൾ ഞാൻ ചെയ്തു. എന്നാൽ എന്റെ നാടിനുവേണ്ടി ചെറിയ ഒരു കാര്യം പോലും ചെയ്തില്ല എന്ന കുമാരന്റെ സങ്കടം-ഒരുപാട് വലിയകാര്യങ്ങൾ ചെയ്യാൻ പ്രേരിപ്പിച്ചു. അത് ആതിയിലെ പച്ചയും, പച്ചപ്പും, ജലവും ജീവനും കളയാനുള്ള വലിയ വലിയ കാര്യങ്ങളായിരുന്നു, പുരോഗതിയുടെപേരിൽ സ്വയം നശിപ്പിക്കുന്ന ഏക ജീവിവർഗ്ഗമാണ് മനുഷ്യൻ എന്ന് ഈ നോവൽ നമ്മെ ഓർമ്മിപ്പിക്കുന്നു.

"വെള്ളത്തിന്റെ അടിത്തട്ടിളക്കിമറിച്ചാണ് പട്ടാളം മാർച്ച് ചെയ്തത്. കക്കകളുടെ സാമ്രാജ്യം തകർന്നു. ബൂട്ടുകൾക്കിടയിൽപ്പെട്ട് ചതഞ്ഞ പൊടികുഞ്ഞുങ്ങളുടെ മൃതദേഹം പൊന്തിവരാൻ തുടങ്ങിയപ്പോൾ സ്ത്രീകൾ ഉറക്കെ നെഞ്ചത്തടിച്ചു. എന്താ നിങ്ങള് കാട്ടണെ പട്ടാളക്കാരെ? അത് ഞങ്ങടെ ചോറാ..."[9]

ജീവിയ്ക്കും ജീവിപ്പിക്കും എന്ന തീർച്ചപ്പെടുത്തലാണ് ആതി എന്ന ദേശത്തിന്റെ ചരിത്രം "അവരാരും മീൻപിടുത്തക്കാരായിരുന്നില്ല... ആരും മനുഷ്യരെ പിടിക്കാൻ കഴിവുള്ളവരുമായിരുന്നില്ല. വിശപ്പാണവരെ മീൻപിടുത്തക്കാരാക്കിയത്. ഒരുവന്റെ മാത്രം വിശപ്പല്ല; ഒരു മുഴുവൻ ജനതയുടെയും വിശപ്പ്!"[10] വിശപ്പാണവരെ കൃഷിക്കാരാക്കിയത്. അതേ വിശപ്പാണവരെ എല്ലാം പഠിപ്പിച്ചത്. കണ്ടൽച്ചെടികൾക്കിടയിലെ ചെമ്മീൻ കെട്ടുകൾ വറുതിയിലെ നാളിലെ

ഐശ്വര്യമായിരുന്നു ആതിയിലെ ജനങ്ങൾക്ക്.

ചക്കംക്കണ്ടം കായലിന് വന്ന ദുരവസ്ഥ വായിച്ചെടുക്കുന്നതിലൂടെ സംസ്കാരസമ്പന്നരെന്ന് അഭിമാനിക്കുന്ന മനുഷ്യന്റെ ചെയ്തികളും വേർതിരിഞ്ഞുവരുന്നു. ജലം ചീത്തയായതുകൊണ്ട്മാത്രം സ്നേഹധനനായ ഭർത്താവിനെയും കുടുംബത്തേയും ഉപേക്ഷിച്ച് ആതിയുടെ പരിശുദ്ധിയിലേക്ക് തിരിച്ചുവന്ന ഷൈലജ, ആതിയുടെ മണ്ണും വെള്ളവും നശിപ്പിക്കുന്നവർക്കെതിരെ സംഹാരഭാവത്തോടെ പ്രതികരിച്ചത് തികച്ചും സ്വാഭാവികം തന്നെ. എന്നാൽ ഈ പ്രതിഷേധവും പ്രതികരണവുമൊന്നും ആതിയുടെ പരിശുദ്ധി കാത്തുസൂക്ഷിക്കാൻ ശക്തമായില്ല എന്നാണ് നോവൽ പറയുന്നത്. കാലക്രമത്തിൽ ചക്കംകണ്ടത്തേക്കാൾ മോശമായ ഒരു അവസ്ഥയിലേക്ക് ആതിയിലെ ജലവും പരിസരവും എത്തിചേർന്നത് വേദനയോടെയാണ് ഓരോരുത്തരും തിരിച്ചറിയുന്നത്.

തനതു സംസ്കാരത്തിന്റെ അടയാളപ്പെടുത്തലുകൾ ആതി എന്ന നോവലിലുടനീളം കണ്ടെത്താൻ സാധിക്കും. കുട്ട, മുറം, കൊമ്പോറം, പൊക്കാളിപ്പാടം, വില്ലുവണ്ടി, പാട്ടകൃഷി, കൊട്ടിൽ, മുളനാഴി, ഓലമേയൽ തുടങ്ങിയ പദങ്ങൾ പഴയകാല തനിമയെ വിളിച്ചറിയിക്കുന്നു. പ്രകൃതിയോട് സമരസപ്പെട്ടുള്ള ഭക്ഷണരീതിയെക്കുറിച്ചും കഥാകാരി വിവരിക്കുന്നുണ്ട്. ചേമ്പിൻതാളിന്റെ പുളിങ്കറിയും പൊക്കാളിയരിയുടെ ചോറും കൊടംപുളിയിട്ടുവച്ച ചെമ്മീനും മറ്റും അതിൽ ചിലതുമാത്രം. ഇത്തരത്തിലുള്ള കാർഷികസംസ്കൃതിയാൽ മെനയപ്പെട്ട ആതിയിലെ ജനജീവിതം നേരമളക്കാനും കാലം കുറിക്കാനും ജീവിതതാളം നിർണയിക്കാനും പ്രധാനമായും ആശ്രയിച്ചിരുന്നത് പ്രകൃതിയെതന്നെയായിരുന്നു. വേലിയേറ്റവേലിയിറക്കങ്ങളും വേനലും വർഷവും വസന്തവും എല്ലാം കാലചംക്രമണത്തെ ഓർമ്മപ്പെടുത്തുന്നു. പ്രകൃതിയോടു

ചേർന്നുകൊണ്ടുള്ള ജീവിതം മടുത്ത തലമുറയിലെ അതികായനാണ് കുമാരൻ എന്ന കഥാപാത്രം. കുമാരന്റെ പുറകെ പോകാൻ ആതിയിലും ചെറുപ്പക്കാരുണ്ടായി. കുമാരൻ മാറ്റങ്ങളുടെ വഴി കണ്ടെത്തി. അതോടൊപ്പം ഉപഭോഗ സംസ്കാരത്തിന് വിത്തുപാകുകയും ചെയ്തു.

സാറാജോസഫ് പറയുന്നത്, ആതി എന്ന പ്രദേശം ഈ ലോകത്തെവിടെയും ആകാം. എല്ലാ മനുഷ്യരിലും ആതിയുണ്ട്. കാലത്തെയും ദേശത്തെയും ആതി അതിജീവിക്കുന്നു എന്നാണ്. പ്രകൃതിയോട് ചേർന്നു നിൽക്കുന്ന ഗ്രാമ സംസ്കാരം സംരക്ഷിച്ച് പ്രകൃതിയെ സ്നേഹിക്കുന്ന, ചേർത്തുപിടിക്കുന്ന മനുഷ്യരാകാൻ സാറാ ജോസഫിന്റെ 'ആതി' നമ്മെ പഠിപ്പിക്കുന്നു.

**തിരിച്ചുപിടിക്കുക നമ്മുടെ പ്രകൃതിയെ**

അംബികാസുതൻ മാങ്ങാടിന്റെ എൻമകജെ എന്ന നോവലും സാറാജോസഫിന്റെ ആതി എന്ന നോവലും നമ്മോട് പറയുന്നത് നമ്മുടെ മണ്ണും വെള്ളവും വായുവും ആകാശവും നാം തിരിച്ചുപിടിക്കണമെന്നാണ്. പ്രകൃതിയെ സ്നേഹിച്ച്, പ്രകൃതി എനിക്കെന്തു തന്നു എന്നതിനേക്കാൾ പ്രകൃതിക്കായ് നൽകാൻ എനിക്കെങ്ങനെ സാധിക്കുന്നു എന്നാണ് ശ്രദ്ധിക്കേണ്ടത്. ഓരോ പാരിസ്ഥിതിക ദുരന്തഭൂമിയിലൂടെ കടന്നുപോകുമ്പോഴും വാർത്തകൾ വായിക്കുമ്പോഴും മനസ്സിലേക്ക് കടന്നുവരുന്നത് കടമ്മനിട്ടയിലൂടെ കുറത്തിയിലെ വരികളാണ്

"നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടു തിന്നുന്നോ?
നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴ്ന്നെടുക്കുന്നോ
നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്?

**കുറിപ്പുകൾ**

1. ജോസഫ് സാറ, 'ആതി', കറന്റ് ബുക്സ്, തൃശ്ശൂർ, 2013, പു. 39.
2. അ.പു. പു. 49.
3. അനിത, ആർ, 'ആതിയുടെ ആദിയും അന്തവും ഒരു പാരിസ്ഥിതിക സാംസ്കാരിക അപഗ്രഥനം', ശ്രീധരൻ എ.എം & ചിറ്റാക്കൂൽ ദീപ, *ഊർകാക്കുന്ന പെണ്ണൊലികൾ*, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2014, പു. 327.
4. ജോസഫ് സാറ, *ആതി*, കറന്റ് ബുക്സ്, തൃശ്ശൂർ, 2013, പു. 25, 26.
5. അനിത, ആർ, 'ആതിയുടെ ആദിയും അന്തവും ഒരു പാരിസ്ഥിതിക സാംസ്കാരിക അപഗ്രഥനം', ശ്രീധരൻ എ.എം & ചിറ്റാക്കൂൽ ദീപ, *ഊർകാക്കുന്ന പെണ്ണൊലികൾ*, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2014, പു. 324.
6. ജോസഫ് സാറ, *ആതി*, കറന്റ് ബുക്സ്, തൃശ്ശൂർ, 2013, പു. 42, 43.
7. അ.പു. പു. 35, 36.
8. അ.പു. പു. 79.
9. അ.പു. പു. 45.
10. അ.പു. പു. 50.

*****

# ഉപസംഹാരം

മഹത്തായ കൃതികൾക്ക് സമൂഹത്തോടും സംസ്കാരത്തോടും ഭാഷയോടും വിളിച്ചുപറയാൻ ഒരുപാട് യാഥാർത്ഥ്യങ്ങളുണ്ട്. അധികാരവ്യവസ്ഥയോട് കലഹിക്കുന്ന, സാമൂഹികപരിസ്ഥിതികളെ ചോദ്യം ചെയ്യുന്ന, ക്രിയാത്മകമായി പ്രതികരിക്കുന്ന സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സമൂഹമന:സാക്ഷിയെ അതിൽ കാണാം. അതിനാൽ ഓരോ കൃതിയും ഓരോ അലർച്ചയാണ്. സാമൂഹികവിപത്തുകൾക്ക് നേരെയുള്ള സാമൂഹികപ്രതിസന്ധികൾക്ക് നേരെയുള്ള നേരിയ ഒരു അലർച്ച.

നന്മയുടെ വെളിച്ചം ഉപഭോഗതൃഷ്ണയോടും അമിതോല്പാദനത്തോടും ക്രമരഹിതമായ എല്ലാത്തിനോടും ശക്തമായി പ്രതികരിക്കുന്നു. ബുദ്ധിവിഹീനമെന്ന് ലോകം കരുതുന്ന ചില തീരുമാനങ്ങൾ എടുക്കുന്നു. എൻമകജെ എന്ന നോവലിന്റെ അവസാനത്തിൽ പ്രത്യക്ഷപ്പെടുന്ന കഴുത നമ്മെ ഓർമ്മപ്പെടുത്തുന്നതും അതാണ്. വികസനത്തിന്റെ പിന്നാലെ പായുന്ന പ്രായോഗികബുദ്ധിയുടെ മുന്നിൽ നന്മയുള്ളവർ കഴുതകളാകുന്നു. സാമ്രാജ്യത്വത്തിന്റെയും അധിനിവേശത്തിന്റെയും സംസ്കാരങ്ങൾക്ക് നേരെ മുഖം തിരിക്കുക. കഴുതയെന്ന് ലോകം വിധിയെഴുതിയാലും ഓർക്കുക! കഴുതയായ നിന്റെ സ്വരത്തിന് സകലചരാചരവും കാതോർക്കും. കാരണം ഇത് നന്മയുടെ സ്വരമാണ്. സത്യത്തിന്റെ ശബ്ദമാണ്. അപരനുവേണ്ടിയുള്ള നിലവിളിയുടെ രക്ഷാകരമായ ആന്ദോളനമാണ്. പ്രകൃതിയെയും മനുഷ്യനെയും നമുക്ക് ചേർത്ത് പിടിക്കാം.

മൂല്യബോധമില്ലാത്ത സാമ്പത്തിക വികസനം മുൻനിറുത്തി ഭരണകൂടങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ മനുഷ്യന്റെ നിലനില്പിനെ തകർക്കുന്നത് എങ്ങനെയെന്നും, ഒരു നാടിന്റെ സംസ്കാരത്തെ മാറ്റിമറിക്കുന്നത് എങ്ങനെയെന്നും വിവരിക്കുന്ന 'എൻമകജെ', 'ആതി' എന്ന നോവലുകൾ പാരിസ്ഥിതിക പ്രതിസന്ധികൾക്ക് എതിരെയുള്ള കാലത്തിന്റെ നിലവിളിയാണ്. ലാഭവും സ്വാർത്ഥതയും മനുഷ്യമനസ്സിനെ കീഴടക്കുമ്പോൾ പ്രകൃതി ദുരന്തത്തിലേക്ക് നീങ്ങുന്ന കാഴ്ച എല്ലാവരുടേയും കണ്ണുതുറപ്പിക്കട്ടെ. വിശ്വമാനവികതയിലേക്ക് ഉയർത്തട്ടെ.

# നിഗമനങ്ങളും കണ്ടെത്തലുകളും

- പാരിസ്ഥിതിക പ്രതിസന്ധികളെ പ്രതിരോധിക്കാൻ കഴിയുന്ന സർഗ്ഗാത്മകരചനകൾ സാഹിത്യത്തിലുണ്ട്. ഇത്തരം രചനകൾ സമൂഹത്തെ ചികിത്സിക്കാൻ തക്കവിധത്തിൽ ശക്തമാണ്.
- പാരിസ്ഥിതികദുരന്തങ്ങൾ യഥാതഥമായി ചിത്രീകരിക്കാൻ നോവൽ സാഹിത്യം കൊണ്ട് കഴിയുന്നു. ഇവ സമൂഹമന:സാക്ഷിയെ പ്രതികരിക്കാനും പ്രതിരോധിക്കാനും പഠിപ്പിക്കുന്നു.
- സാമൂഹികപ്രശ്നങ്ങളിലേക്ക് കൂടുതലായി പൊതുജനശ്രദ്ധ കൊണ്ടുവരുവാൻ നോവൽ സാഹിത്യത്തിന് കഴിയുന്നുണ്ട്.
- സാമൂഹികപ്രതിസന്ധികളെ കുറിച്ച് ജനങ്ങളിൽ ശക്തമായ ബോധവൽക്കരണം നടത്തുവാൻ നോവലിനു കഴിയുന്നു.
- ഈ കാലഘട്ടത്തിലും സാഹിത്യം കലയ്ക്കുവേണ്ടി മാത്രമല്ല, ജീവിതത്തിനു വേണ്ടി കൂടിയാണെന്ന ബോധ്യം നൽകുന്നു.
- നിശിതമായ വിമർശനം വഴി പ്രകൃതിയിലേക്കുള്ള തിരിച്ചുപോക്കിനും പ്രകൃതിയോട് കരുണയോടെ പെരുമാറാനും പൊതുസമൂഹത്തെ പ്രചോദിപ്പിക്കുന്നു.
- കെട്ടുകഥകളും മിത്തുകളും പ്രാദേശികഭാഷാഭേദങ്ങളും വഴി തീവ്രമായ ഭാവസംവേദനത്തിന് നാടോടിസാഹിത്യം ശക്തമാണെന്ന് പഠിപ്പിക്കുന്നു.

*****

# സഹായകഗ്രന്ഥങ്ങൾ

മധുസൂദനൻ, ജി, *കഥയും പരിസ്ഥിതിയും*, കറന്റ് ബുക്സ്, തൃശ്ശൂർ, 2000.

കൃഷ്ണകുമാർ, കെ.സി, *കേരളം ജില്ലകളിലൂടെ*, മാതൃഭൂമി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2013.

പൂപ്പാലം സലീം, (എഡി.) *എൻഡോസൾഫാൻ: നരകത്തിലേക്കു തുറക്കുന്ന വാതിൽ*, സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്, കോഴിക്കോട്, 2011.

ജോസഫ് സാറ, *ആതി*, കറന്റ് ബുക്സ്, തൃശ്ശൂർ, 2013.

ശ്രീധരൻ, എ.എം & ചിറ്റാക്കൂൽ ദീപ (എഡി.), *ഊര്കാക്കുന്ന പെണ്ണൊലികൾ*, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2014.

ഏച്ചിക്കാനം സന്തോഷ്, (എഡി.) *എൻമകജെ പഠനങ്ങൾ*, കറന്റ് ബുക്സ്, തൃശ്ശൂർ, 2010.

മാങ്ങാട് അംബികാസുതൻ, *എൻമകജെ*, ഡി.സി. ബുക്സ്, കോട്ടയം, 2010.


*****

# അനുബന്ധം

**(നോവലിസ്റ്റ് അംബികാസുതൻ മാങ്ങാടുമായി പ്രബന്ധകാരി നടത്തിയ അഭിമുഖത്തിലെ പ്രസക്തഭാഗങ്ങൾ)**

ചോ. സാമൂഹികപ്രശ്നങ്ങളിൽ ഊന്നിയ വർത്തമാന സാഹിത്യം! ഇത് സാഹിത്യകൃതികളുടെ സ്വാഭാവികതയെയും സൃഷ്ടിപരതയെയും തകർക്കുന്നുണ്ടോ?

ഉ. കലയും സാഹിത്യവും കാലത്തിനനുസരിച്ച് മാറുന്നുണ്ട്. കല കലയ്ക്കുവേണ്ടിയോ, ജീവിതത്തിനുവേണ്ടിയോ എന്ന ചർച്ച അനാദിയിലേ ഉണ്ട്. ഇന്നും തുടരുന്നു. എന്റെ കാഴ്ചപ്പാടിൽ കലയുടെയും സാഹിത്യത്തിന്റെയും തുടക്കത്തിൽതന്നെ സാമൂഹികാംശം ചർച്ച ചെയ്യപ്പെടുന്നുണ്ട്. 'കാവ്യം യശസ്സേ അർത്ഥകൃതേ, വ്യവഹാരവിധേ' എന്നു തുടങ്ങുന്ന കാരികയുടെ അവസാനത്തിൽ 'കാന്താ സമ്മിതതയോപദേശയുജേ' എന്ന വരിയിലൂടെ മമ്മടൻ കലയുടെ സാമൂഹ്യാംശത്തെയാണ് കാണിച്ചുതരുന്നത്. പുതിയ കാലത്ത് സാമൂഹ്യപ്രശ്നങ്ങൾ കൂടുതൽ രൂക്ഷവും സങ്കീർണ്ണവും ആകുമ്പോൾ എഴുത്തുകാരന് അതേക്കുറിച്ച് കൂടുതൽ പറയാൻ ബാദ്ധ്യതയുണ്ട്.

ചോ. എൻമകജെയുടെ എഴുത്തുപരിസരം വ്യക്തമാക്കാമോ?

ഉ. ഏറെക്കാലമായി എൻഡോസൾഫാൻ വിരുദ്ധ പ്രസംഗങ്ങൾ നടത്തുന്നു. മധുരാജിന്റെ ഫോട്ടോകളും മാധ്യമങ്ങളിലെ റിപ്പോർട്ടുകളും അതിനെന്നെ പ്രേരിപ്പിച്ചു എന്ന് പറയുന്നതാണ് ശരി. എൻഡോസൾഫാൻ വിരുദ്ധസമിതിയുടെ ആദ്യത്തെ ചെയർമാൻ എന്ന നിലയിൽ എം.ടി, അഴീക്കോട് തുടങ്ങിയവരെ കൊണ്ടുവന്ന് പ്രസംഗിപ്പിക്കാൻ സാധിച്ചു. നിരവധി ലേഖനങ്ങൾ, എഴുതി സമരങ്ങൾ സംഘടിപ്പിച്ചു. പരിസ്ഥിതി പ്രവർത്തകരുടെ ഇടയിൽ പ്രചോദനമായി നിലകൊണ്ടു.

ഇതിനെല്ലാം ഇടയിലാണ് നോവൽ എഴുതണമെന്ന് തോന്നിയത്. 2006 ൽ തുടങ്ങി 2009 ൽ അവസാനിച്ചു. എന്നാൽ സമരം ഇപ്പോഴും തുടരുന്നു. നമ്മൾ ഉയർത്തിപിടിക്കുന്ന വിഷയങ്ങൾക്കുവേണ്ടി ഓരോ ഭരണകൂടം വരുമ്പോഴും സമരം ചെയ്യണം. 'എൻമകജെ' ഒട്ടുമേ ഭാവനയല്ല, അതൊരു നോവലല്ല, നോവിന്റെ കഥയാണ്. ആ നോവൽ എഴുതുമ്പോൾ ഞാൻ പലപ്പോഴും ഞാൻ തകർന്നു പോയിരുന്നു.

ചോ. നോവലിലെ കഴുത എന്ന കഥാപാത്രം?

ഉ. മഹാഭാരതത്തിലെ ഏറ്റവും ബുദ്ധിയുള്ള കഥാപാത്രം വിദുരരോ ഭീഷ്മരോ അല്ല, കഴുതയാണ്. മഹാഭാരതത്തിൽ നിന്നാണ് ഈ കഥാപാത്രത്തെ കൊണ്ടുവന്നത്. ബോധപൂർവ്വമല്ല, എഴുതുമ്പോൾ വരുന്നതാണ്. സ്വാഭാവികമായി വരണം അല്ലെങ്കിൽ കൃത്രിമത്വം തോന്നും. എന്റെ പി.എച്ച്.ഡി.യുമായി ബന്ധപ്പെട്ട് രണ്ടുപ്രാവശ്യം മഹാഭാരതം വായിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ കഴുത എന്റെ ഉള്ളിൽ നിറഞ്ഞു നിന്നിരുന്നു.

ചോ. എൻമകജെയ്ക്ക് തുടർച്ചയായി നോവൽ എഴുതുമോ?

ഉ. ഇല്ല. ഞാനൊരിക്കലും ഇനിയൊരു നോവൽ എഴുതില്ല എന്ന് പ്രതിജ്ഞ എടുത്തിരിക്കുന്നുണ്ട്. കാരണം കഥാപാത്രങ്ങൾ, അവർ പ്രിയപ്പെട്ടവരും എപ്പോഴും കൂടെയുള്ളവരുമാണ്. അതൊക്കെ എഴുതുമ്പോൾ അത് എഴുത്തുകാരന് വലിയ പ്രയാസങ്ങൾ നൽകുന്നു. വായനക്കാർ ഒരു പുസ്തകം വായിച്ച് ഇത്രയും വേദനിക്കുന്നുവെങ്കിൽ എഴുത്തുകാരൻ അനുഭവിക്കുന്ന വേദന അതിഭയങ്കരമാണ്. നോവലെഴുതിക്കഴിഞ്ഞ് കടലാസ് കീറുന്നവിധത്തിൽ നിബ്ബ് ഒടിയുന്നവിധത്തിൽ ഒരു വരവരച്ച് ഉറക്കെ ഞാൻ വിളിച്ചുപറഞ്ഞു. ഞാനൊരിക്കലും ജീവിതത്തിൽ

നോവൽ എഴുതില്ല. ഈ നോവൽ അത്രമാത്രം മാനസികമായി എന്നെ തകർത്തുകളഞ്ഞിരിക്കുന്നു.

ചോ. പാരിസ്ഥിതിക ദുരന്തം ഇന്ന് വലിയ പ്രതിസന്ധിയിലേക്ക് മനുഷ്യനെ നയിക്കുന്നു. വിശദീകരിക്കാമോ?

ഉ. നമ്മുടെ ഭക്ഷണരീതി, നമ്മുടെ കുടിവെള്ളം, വായു എല്ലാം മലിന മായിരിക്കുന്നു. ഇത് കാസർകോഡിന്റെ മാത്രം പ്രശ്നമല്ല. കേരള ത്തിന്റെയും ഇന്ത്യയുടെയും ലോകം മുഴുവന്റെയും പ്രശ്നമാണ്. വിഷമാണ് നമ്മൾ ഭക്ഷിക്കുന്നതിലും പൊതുവായുള്ളത്.

ചോ. എഴുത്ത് സമരത്തിന്റെ വഴിയാണെന്ന് അലങ്കാരികമായ പറച്ചിലായി രുന്നു ഇതുവരെ എന്നാണ് എനിക്കു തോന്നുന്നത്. എന്നാൽ എൻമകജെ ഈ പറച്ചിൽ അന്വർത്ഥമാക്കിയിരിക്കുന്നു. നോവലുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഭീഷണികൾ...?

ഉ. നോവലെഴുത്ത് ഒരു സമരമാർഗ്ഗം തന്നെയായിരുന്നു അതിലും മുൻപ് 2002 ൽ പഞ്ചരുളി എന്ന കഥയെഴുതിയിട്ടുണ്ട്. നോവലുമായി ബന്ധപ്പെട്ട് ഭീഷണികൾ ഒന്നും ഉണ്ടായിട്ടില്ല.

ചോ. എന്തുകൊണ്ടാണ് കൂടുതലായി പരിസ്ഥിതികഥകൾ എഴുതുന്നത്.

ഉ. എന്നെ അലട്ടിക്കൊണ്ടിരിക്കുന്ന വിഷയങ്ങളാണ് ഞാൻ എഴുതുന്നത്. അടുത്ത കാലത്ത് ഇറങ്ങിയ കുന്നുകൾ പുഴകൾ എന്ന ചെറുകഥാ സമാഹാരം മലയാളത്തിലെ പരിസ്ഥിതികഥകളുടെ പ്രഥമസ മാഹാരമാണ്.

ചോ. എൻമകജെ എന്ന നോവൽ ഇന്നും വായിക്കപ്പെടുന്നു ചർച്ച ചെയ്യപ്പെടുന്നു അനേകം പഠനങ്ങളും ഗവേഷണങ്ങളും നടക്കുന്നു.

ഉ. ഒരു വലിയ സമൂഹ്യപ്രശ്നം കൂടിയായതുകൊണ്ടാവാം എൻമകജെ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടു. വളരെ വിസ്മയകരമായ അനുഭവ

ങ്ങളായിരുന്നു. പ്രസിദ്ധീകരിക്കപ്പെട്ട് ഒരു വർഷമാകുമ്പോഴേക്കും ഇരുപത്തിയഞ്ചിലധികം സെമിനാറുകൾ, ദോഹ, ബഹറിൻ എന്നീ വിദേശരാജ്യങ്ങളിൽ കൂടി ചർച്ചകൾ സംഘടിപ്പിക്കപ്പെട്ടു. ഒരു വർഷത്തിനുള്ളിൽ 35-ലധികം പഠനങ്ങൾ - എൻമകജെ സന്ദർശിക്കുന്ന ശീലം ആളുകൾക്കിടയിലുണ്ടായി. നോവലിന്റെ റോയൽറ്റിയും മറ്റ് എല്ലാ അവാർഡ് തുകകളും ലേഖനങ്ങൾക്കുള്ള പ്രതിഫലവും എല്ലാം എൻഡോസൾഫാൻ രോഗികൾക്ക് നല്കിക്കൊണ്ടിരിക്കുന്നു.

*****